**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

## അറുപതാമത് റിപ്പോർട്ട്

(2025 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 3.2-ലെ കൃഷി (ഫാംസ്) വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

## അറുപതാമത് റിപ്പോർട്ട്

(2025 ഫെബ്രുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 3.2-ലെ കൃഷി (ഫാംസ്) വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

257/2025.

<u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 107 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 129 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-2026)

**ഘടന**

<u>അധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026)യുടെ അറുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 3.2-ലെ കൃഷി (ഫാംസ്) വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 ഫെബ്രുവരി മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2025 ഫെബ്രുവരി 13.

# റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 3.2-ലെ കൃഷി (ഫാംസ്) വകുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്

ഓഡിറ്റ് ഖണ്ഡിക

**ആമുഖം**

1940-കളിൽ ഭാരതത്തിലുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമം കാർഷിക രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ രാജ്യത്തെ പ്രേരിപ്പിച്ചു. ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും രാജ്യത്തിന്റെ ഉപഭോഗത്തിനാവശ്യമായ ഉൽപാദനം കൈവരിക്കാനായില്ല. മറ്റു വികസ്വര രാഷ്ട്രങ്ങൾ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും പ്രയോജനപ്പെടുത്തി കാർഷിക ഉൽപാദനരംഗത്ത് കുതിച്ചുചാട്ടം കൈവരിച്ചതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഇന്ത്യയിൽ ഹരിത വിപ്ലവത്തിന് നാന്ദികുറിച്ചു. 1970-കളിലും 80-കളിലും ഹരിത വിപ്ലവത്തിന്റെ ഫലമായി ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ 1985-ന് ശേഷം ഹരിത വിപ്ലവത്തിന്റെ നേട്ടങ്ങളോട് വിട പറയുന്ന അവസ്ഥ സംജാതമായി. വിലക്കയറ്റവും വരൾച്ചയും ഭക്ഷ്യക്ഷാമവും വീണ്ടും തലപൊക്കി തുടങ്ങി. ഈ അവസരത്തിലാണ് സംസ്ഥാനതല പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടുകൂടി കൃഷിയും അനുബന്ധ മേഖലകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. മറ്റ് മേഖലകൾക്കൊപ്പം കാർഷിക മേഖലയുടെയും വികസനം എന്നതായിരുന്നു ഈ അധികാര കൈമാറ്റത്തിന്റെ ലക്ഷ്യം.

38.86 ലക്ഷം ഹെക്ടർ ഭൂവിസ്തൃതിയുള്ള കേരളത്തിൽ കൃഷിക്ക് ഉപയുക്തമായ ഭൂമി ഏതാണ്ട് 53% മാത്രമാണ്. വിളവെടുക്കുന്ന സ്ഥലത്തിന്റെ അളവ് ഓരോ വർഷവും കുറഞ്ഞു വരുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഓണവും വിഷുവും കൊയ്ത്തുത്സവങ്ങളായി ആഘോഷിച്ചിരുന്ന കേരളം ഇന്ന് ഭക്ഷ്യവസ്തുക്കൾക്കായി അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. കേരളത്തിലെ കാർഷിക മേഖലയിലെ ഉൽപാദനം സംസ്ഥാന ഉപഭോഗത്തിന് തികയുന്നില്ല. ഈ അവസരത്തിൽ 'കൃഷി ഫാമുകളും, കാർഷികാഭിവൃദ്ധിയും' എന്ന പ്രവർത്തനക്ഷമത പരിശോധനാ വിഷയത്തിന് പ്രസക്തി ഏറുന്നു.

കാർഷിക വികസനത്തിനുള്ള അവശ്യ ഘടകങ്ങളിൽ പ്രധാനപ്പെട്ടവയാണ് ഉൽപാദനം വർദ്ധിപ്പിക്കുവാൻ കൃഷിക്കാരന് നൽകുന്ന സാങ്കേതിക ജ്ഞാനവും, പ്രചോദനങ്ങളും. തകർച്ച നേരിടുന്ന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യമൊട്ടാകെ കൃഷിഫാമുകൾ സ്ഥാപിതമായി. മേൽത്തരം വിത്തുകൾ,

നടീൽ വസ്തുക്കൾ തുടങ്ങിയവ ഉൽപാദിപ്പിച്ച് കർഷകർക്ക് എത്തിക്കുക എന്നതോടൊപ്പം ശാസ്ത്രീയവും നവീനവുമായ കൃഷിരീതികൾ കർഷകന് പരിചയപ്പെടുത്തുക, കാർഷിക മേഖലയിൽ നടത്തപ്പെടുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ ഫലങ്ങൾ കർഷകരിലെത്തിക്കുക എന്നിവയും കൃഷിഫാമുകളുടെ ചുമതലയാണ്.

1905-ൽ കണ്ണൂരിലെ തളിപ്പറമ്പ് താലൂക്കിലാണ് സംസ്ഥാനത്തെ ആദ്യ കൃഷിഫാം നിലവിൽ വന്നത്. നിലവിൽ സംസ്ഥാന സർക്കാരിന് കീഴിൽ 64 കൃഷിഫാമുകൾ പ്രവർത്തിക്കുന്നു. ഇതിൽ 10 ജില്ലാ കൃഷിത്തോട്ടങ്ങളും 13 സ്പെഷ്യൽ ഫാമുകളും, 33 വിത്തുൽപാദന കേന്ദ്രങ്ങളും 8 തെങ്ങിൻതൈ ഉൽപാദന കേന്ദ്രങ്ങളും ഉൾപ്പെടുന്നു. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ സ്പെഷ്യൽ ഫാമുകൾ ഒഴികെയുള്ള ഫാമുകൾ ജില്ലാപഞ്ചായത്തുകളുടെ നിയന്ത്രണത്തിലായി. സംസ്ഥാനമൊട്ടാകെ ജില്ലാപഞ്ചായത്തുകളുടെ കീഴിൽ 51 കൃഷി ഫാമുകൾ പ്രവർത്തിക്കുന്നു.

വിത്തുൽപാദന കേന്ദ്രങ്ങൾ ഉൽപാദിപ്പിക്കുന്ന വിത്തുകൾ സംസ്ഥാന സീഡ് അതോറിറ്റി സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. ജില്ലാ കൃഷിത്തോട്ടങ്ങളിൽ നിന്നും ഗുണമേന്മയേറിയ വിവിധ വിളകളുടെ നടീൽ വസ്തുക്കളും പച്ചക്കറി വിത്തുകളും ഉൽപാദിപ്പിച്ച് കൃഷി ഭവനുകൾ വഴിയും നേരിട്ടും കർഷകർക്ക് മിതമായ നിരക്കിൽ നൽകി വരുന്നു. കൂടാതെ വിവിധ പദ്ധതികളിൽ സംഭരിക്കുന്ന വിത്തുതേങ്ങകൾ കോക്കനട്ട് നഴ്സറികളിൽ പാകി തെങ്ങിൻ തൈകളാക്കി വിവിധ പദ്ധതികളിലൂടെ കർഷകർക്ക് വിതരണം ചെയ്തു വരുന്നു.

**ഓഡിറ്റ് ലക്ഷ്യങ്ങൾ**

ഓരോ പ്രദേശത്തിന്റേയും ആവശ്യങ്ങൾ മനസ്സിലാക്കി വികസന പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും. അധികാര കൈമാറ്റം കൊണ്ട് ലക്ഷ്യമിടുന്നതും ഇപ്രകാരമുള്ള സാധ്യതയാണ്. അധികാര കൈമാറ്റം ഫാമുകളുടെ പ്രവർത്തനത്തിലും അതിലൂടെ സംസ്ഥാനത്തെ കാർഷിക മേഖലയിലും ഉണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തുക എന്നതാണ് പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ പ്രധാന ലക്ഷ്യം. മറ്റ് ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു:.

- കൃഷി ഫാമുകൾ കർഷകർക്ക് പ്രയോജനപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക.
- ഫാമിലെ അടിസ്ഥാന സൗകര്യ ഉപയോഗവും വികസനവും വിലയിരുത്തുക.
- ഫാമിലെ ആസ്തി സംരക്ഷണം ഉറപ്പ് വരുത്തുക.
- ഫാമിലെ യന്ത്രവൽക്കരണം വിലയിരുത്തുക.

- ഫാമിലെ ജീവനക്കാരുടെ നിയമനം, വിത്ത് - വളം - കീടനാശിനികൾ തുടങ്ങിയവയുടെ സംഭരണം, വിൽപ്പന, ഉൽപന്ന വിപണനം തുടങ്ങിയവയിലെ സുതാര്യത ഉറപ്പ് വരുത്തുക.
- ഫാമിന്റെ ഭൂവിസ്തൃതി ഫാമിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമാണോ എന്ന് പരിശോധിക്കുക.
- ഫാമിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക ലക്ഷ്യം കൈവരിക്കുന്നതിന് പര്യാപ്തമാണോ എന്ന് വിലയിരുത്തുക.

**ഓഡിറ്റ് മാനദണ്ഡങ്ങൾ**

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 173(1) പട്ടിക 5 പ്രകാരം ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായ കാർഷിക മേഖലയിലെ ചുമതലകൾ.

2. കൃഷിഫാമുകൾ ജില്ലാപഞ്ചായത്തിന് കൈമാറി കൊണ്ടുള്ള 18-9-1995-ലെ ജി.ഒ.(പി.) 189/95/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ്.

3. പഞ്ചായത്ത് രാജ് പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ടുള്ള 8-10-1996-ലെ ജി.ഒ.(എം.എസ്.)310/96/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

4. 24-8-2008-ലെ സ.ഉ. നം.55178/എഫ്.എം.3/08/തസ്വഭവ.

5. 8-10-1996-ലെ ജി.ഒ.(എം.എസ്.)310/96/കൃഷി.

**ഓഡിറ്റ് അധികാരം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(3), 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ എന്നിവയനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃത ഓഡിറ്റർ.

**ഓഡിറ്റിന്റെ രീതിയും വ്യാപ്തിയും**

ജില്ലാപഞ്ചായത്തിന് കൈമാറിയ 51 കൃഷി ഫാമുകളിൽ 35 കൃഷി ഫാമുകളിൽ പ്രവർത്തനക്ഷമതാ പരിശോധന നടത്തുകയുണ്ടായി. 14 ജില്ലകളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ ഓഫീസുകളിൽ നിന്ന് 2012 ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിൽ നടത്തിയ ഓഡിറ്റിന്റെ ഭാഗമായാണ് പ്രവർത്തനക്ഷമതാ പരിശോധന പൂർത്തിയാക്കിയത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

**പ്രവർത്തനാവലോകനം നടത്തിയ കൃഷിഫാമുകൾ**

| ക്രമ നം. | ജില്ല | സ്ഥാപനം |
|---|---|---|
| 1. | തിരുവനന്തപുരം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ചിറയിൻകീഴ് |
| 2. | | ജില്ലാ കൃഷി ഫാം, പെരിങ്ങമ്മല |
| 3. | കൊല്ലം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കടയ്ക്കൽ |
| 4. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കൊട്ടാരക്കര |
| 5. | | ജില്ലാ കൃഷി ഫാം, അഞ്ചൽ |
| 6. | | കോക്കനട്ട് ഫാം, കരുനാഗപ്പള്ളി |
| 7. | പത്തനംതിട്ട | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, അടൂർ |
| 8. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പുല്ലാട് |
| 9. | കോട്ടയം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കോഴ |
| 10. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, വാലാച്ചിറ |
| 11. | | ജില്ലാ കൃഷി ഫാം, കോഴ |
| 12. | ഇടുക്കി | ജില്ലാ കൃഷി ഫാം, അരീക്കുഴ |
| 13. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കരിമണ്ണൂർ |
| 14. | ആലപ്പുഴ | ജില്ലാ കൃഷി ഫാം, മാവേലിക്കര |
| 15. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, വിയാപുരം |
| 16. | എറണാകുളം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ഒക്കൽ |
| 17. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ആലുവ |
| 18. | | കോക്കനട്ട് ഫാം, വൈറ്റില |

| | | |
|---|---|---|
| 19. | തൃശ്ശൂർ | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പാണഞ്ചേരി |
| 20. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, മണ്ണുത്തി |
| 21. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, എടത്തിരുത്തി |
| 22. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, നടവരമ്പ് |
| 23. | | ജില്ലാ കൃഷി ഫാം, ചേലക്കര |
| 24. | | കോക്കനട്ട് ഫാം, ഇരിങ്ങാലക്കുട |
| 25. | പാലക്കാട് | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കുന്നത്തൂർ |
| 26. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, മുതലമട |
| 27. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കോങ്ങാട് |
| 28. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ആലത്തൂർ |
| 29. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, അനങ്ങനടി |
| 30. | മലപ്പുറം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ചോക്കാട് |
| 31. | | ജില്ലാ കൃഷി ഫാം, ചുങ്കത്തറ |
| 32. | കോഴിക്കോട് | ജില്ലാ കൃഷി ഫാം, കൂത്താളി |
| 33. | | കോക്കനട്ട് ഫാം, തിക്കോടി |
| 34. | കണ്ണൂർ | ജില്ലാ കൃഷി ഫാം, കരിമ്പം |
| 35. | | കോക്കനട്ട് ഫാം, പാലയാട് |
| 36. | കാസർഗോഡ് | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പുല്ലൂർ |
| 37. | | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കാസർഗോഡ് |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.1 മുതൽ 3.2.5 വരെ)

1. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകൾ സമിതി പരിഗണിക്കുകയും അവയിൽ പ്രത്യേക ഓഡിറ്റ് പരാമർശങ്ങളില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഓഡിറ്റ് കണ്ടെത്തലുകൾ**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം ജില്ലാ കൃഷിഫാമുകളും വിത്തുഫാമുകളും സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ജില്ലാ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയാണ്. അധികാര വികേന്ദ്രീകരണത്തെ തുടർന്ന് ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയ 51 കൃഷി ഫാമുകളുടെ ആകെ വിസ്തൃതി 922.4729 ഹെക്ടർ ആണ്. ഇതിൽ 791.732 ഹെക്ടർ ഭൂമിയാണ് (86%) കൃഷിക്ക് ഉപയുക്തമായുള്ളത്. വിവിധ ഘട്ടങ്ങളിൽ കൃഷിഫാമുകളിൽ നടത്തിയ പ്രവർത്തനക്ഷമതാ പരിശോധനയുടെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

**ആസ്തി സംരക്ഷണത്തിൽ വീഴ്ച**

അധികാര വികേന്ദ്രീകരണത്തെ തുടർന്ന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണം ജില്ലാപഞ്ചായത്തുകളുടെ ചുമതലയാണ്. 24-8-2008-ലെ സർക്കാർ ഉത്തരവ് 55178/എഫ്.എം.3/2008/തസ്വഭവ. പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈമാറി കിട്ടിയ ആസ്തികൾ സർവെ ചെയ്ത് അതിർത്തികൾ വേർതിരിക്കേണ്ടതും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതുമാണ്.

പ്രവർത്തനക്ഷമതാ പരിശോധനയിൽ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ നിർദ്ദേശം പാലിക്കുന്നില്ല എന്ന് കണ്ടെത്തി. ആസ്തി സംബന്ധമായ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിലും വേണ്ടത്ര ശുഷ്കാന്തി കാട്ടുന്നില്ല. അതിർത്തി നിശ്ചയിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതിനാൽ കൃഷി ഫാമുകളുടെ ഭൂമി സ്വകാര്യവ്യക്തികൾ കൈയേറിയ പല സംഭവങ്ങളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അവ താഴെ വിവരിക്കുന്നു:

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് കീഴിലുള്ള ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിന്റെ സി, ഡി & എഫ് എന്നീ ബ്ലോക്കിനരികിൽ കൂടി കിഴുവിലം ഗ്രാമപഞ്ചായത്ത് അധികൃതരുടെ അറിവോടെ 200 മീറ്റർ ഭൂമി കൈയേറുകയും റോഡ് നിർമ്മിക്കുകയും ചെയ്തു. പ്രസ്തുത വിവരം ഡെപ്യൂട്ടി കളക്ടറുടെ ശ്രദ്ധയിൽപ്പെടുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് അധികാരികൾ ഇതിന് അനുകൂലമായ നടപടി സ്വീകരിച്ചിട്ടില്ല. പ്രസ്തുത ഭൂമി കൈയേറിയ കേസ് നിലനിൽക്കുകയാണ്.

പെരിങ്ങമ്മല കൃഷിഫാമിന് വനം വകുപ്പ് വിട്ടുനൽകിയ ഭൂമി സർവെ നടത്തി യഥാർത്ഥ ഭൂമിയുടെ അളവ് കണ്ടെത്തേണ്ടതാണ്. നാളിതുവരെ ഉടമസ്ഥാവകാശ രേഖകൾ കൃഷി വകുപ്പ് ഉണ്ടാക്കിയിട്ടില്ല. കൃഷി ഫാമിന്റെ അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിലോ കമ്പിവേലിയോ നിർമ്മിച്ച് സംരക്ഷിക്കപ്പെട്ടിട്ടില്ല. 2011-12 വർഷം ഫാമിന് ചുറ്റുമതിൽ/ വേലികെട്ടി സംരക്ഷണം എന്ന പ്രോജക്ടിന് 17.55 ലക്ഷം രൂപ നീക്കിവച്ചുവെങ്കിലും യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല.

കൊല്ലം ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അഞ്ചൽ ജില്ലാ കൃഷി ഫാമിന്റെ 1 കിലോമീറ്റർ അതിർത്തിയിൽ ചുറ്റുമതിൽ നിർമ്മിക്കുകയും, 2011-12-ൽ 4,00,000 രൂപ ചെലവിൽ കമ്പിവേലി കെട്ടുകയും ചെയ്തിട്ടുണ്ട്. ജില്ലാ കൃഷിഫാമിലെ അടിസ്ഥാന സൗകര്യ വികസനത്തിന് RIDF-ൽ നിന്നും അനുവദിച്ച 1,15,00,000 രൂപ ചെലവിൽ ചെയിൻ ലിങ്ക് വേലി നിർമ്മിക്കുന്നതിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഫാം ഭൂമി അളന്ന് അതിർത്തി നിർണ്ണയിച്ച് കിട്ടണമെന്ന് 1-6-2012-ലെ ബി 441/2008 നമ്പർ കത്ത് പ്രകാരം ഫാം സൂപ്രണ്ട് പ്രിൻസിപ്പൽ കൃഷി ഓഫീസറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുടർ നടപടികളൊന്നുമുണ്ടായിട്ടില്ല (ഇപ്പോൾ മിക്ക ഭാഗങ്ങളിലും അതിർത്തിയേതെന്ന് കൃത്യമായി നിശ്ചയിക്കാനാവാത്ത അവസ്ഥയാണെന്ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി). ഈ സാഹചര്യത്തിൽ 1 കിലോമീറ്റർ നീളത്തിൽ വേലി നിർമ്മിച്ചത് എങ്ങനെയെന്നും 1,15,00,000 രൂപ ചെലവിൽ ബാക്കി ഭാഗത്ത് വേലി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തത് എങ്ങനെയെന്നതും വ്യക്തമല്ല. ഫാമിന്റെ വടക്കേ അതിർത്തിയിലൂടെ മൂന്ന് കിലോമീറ്ററോളം നീളത്തിൽ ഇത്തിക്കരയാർ ഒഴുകുന്നു. ഈ ഭാഗത്ത് ആറിന്റെ കരയിൽ മിക്കയിടത്തും സ്വകാര്യ വ്യക്തികൾ വീടു വയ്ക്കുകയും കൃഷി നടത്തുകയും ചെയ്തിരിക്കുന്നതായി സ്ഥല പരിശോധനയിൽ ഓഡിറ്റിന് ബോദ്ധ്യമായി. എന്നാൽ ഇത് പുറമ്പോക്ക് ഭൂമിയാണെന്നാണ് ഫാം അധികൃതരുടെ വിശദീകരണം. എന്നാൽ കൊട്ടാരക്കര തഹസീൽദാർ സാക്ഷ്യപ്പെടുത്തിയ ഫാം വക ഭൂമിയുടെ സ്കെച്ചിൽ പുറമ്പോക്ക് ഭൂമിയുള്ളതായി വ്യക്തമല്ല. ഈ സാഹചര്യത്തിൽ കൃഷിഫാമിന്റെ ഭൂമിയിലാണോ കൈയേറ്റം എന്നറിയുന്നതിന് അന്വേഷണം ആവശ്യമാണ്. കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാമിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളോ, സർവെ റിപ്പോർട്ടുകളോ ലഭ്യമല്ല.

അടൂർ സ്റ്റേറ്റ് സീഡ് ഫാമിന്റെ 'ഡി' ബ്ലോക്കിൽ ഫാം വക ഭൂമി നഷ്ടപ്പെടുത്തിക്കൊണ്ടാണ് അതിർത്തി വേലികൾ സ്ഥാപിച്ചിട്ടുള്ളതെന്ന് ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞു. ഉദ്ദേശം 2.5 സെന്റ് സ്ഥലം ഇപ്രകാരം നഷ്ടമായിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. കൃഷിഫാമിന്റെ ഭൂമിയിൽ ഒന്നര ഏക്കർ സ്ഥലം സ്വകാര്യ വ്യക്തികളുടെ കൈവശമാണ്. ജില്ലാ കൃഷിത്തോട്ടത്തിനായി ഏറ്റെടുത്ത സ്ഥലത്ത് സ്വകാര്യ വ്യക്തികളുടെ പുറമ്പോക്ക് ഭൂമി കൂടി ഉൾപ്പെട്ടിരുന്നു. കൈവശഭൂമിയുടെ വില നിശ്ചയിച്ച് നൽകിയപ്പോൾ സ്ഥലത്തെ ആദായങ്ങളുടെ വില കൂടി നൽകിയില്ല എന്ന പരാതിയിന്മേൽ കേസ് ഇപ്പോഴും നിലവിലുണ്ട്.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിത്തോട്ടത്തിന്റെ ചുറ്റുമതിലിന്റെ പല ഭാഗങ്ങളും ഇടിഞ്ഞുവീണ് കിടക്കുകയാണ്. ഇത് ഫാമിന്റെ ആഭ്യന്തര സുരക്ഷയെ ബാധിക്കുന്നതിനും വിത്ത് വകകൾക്ക് നഷ്ടം സംഭവിക്കുന്നതിനും ഇടയാക്കുന്നുണ്ട്.

എറണാകുളം ജില്ലയിലെ ഒക്കൽ വിത്തുൽപാദന കേന്ദ്രത്തിന്റെ ഭൂമിയിൽ ചില ഭാഗങ്ങൾ മാത്രമേ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുള്ളൂ. ഫാമിന്റെ ഭൂമി സ്വകാര്യ വ്യക്തികൾ കൈയേറിയത് സംബന്ധിച്ച് രണ്ട് കേസുകൾ നിലവിലുണ്ട്.

തൃശ്ശൂർ ജില്ലാപഞ്ചായത്തിനു കീഴിലുള്ള പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാമിന്റേയും നടവരമ്പ് സ്റ്റേറ്റ് സീഡ് ഫാമിന്റെയും നിയന്ത്രണത്തിലുള്ള ഭൂമി സർവെ നടത്തി അടയാളപ്പെടുത്തിയിട്ടില്ല. ചുറ്റുമതിലുകൾ കെട്ടി സംരക്ഷിക്കാത്തത് കാരണം, ഫാമിന്റെ കൈവശമുള്ള ഭൂമി സ്വകാര്യ വ്യക്തികൾ കൈയേറുന്നതും ഫാമിലെ ഉൽപന്നങ്ങൾ മോഷണം പോകുന്നതും പതിവാണ്. നടവരമ്പ് വിത്തുൽപാദന കേന്ദ്രത്തിന്റെ ഭൂമി സ്വകാര്യ വ്യക്തി കൈയേറിയതു സംബന്ധിച്ച പരാതി നിലവിലുണ്ട്.

കാട്ടുപന്നിയുടെ ശല്യംമൂലം ഇടവിളകൃഷി നശിക്കുന്നുണ്ട്. അനങ്ങനടി സ്റ്റേറ്റ് സീഡ് ഫാമിലും ഇപ്രകാരം വന്യമൃഗങ്ങൾ കൃഷിനാശം വരുത്തുന്നുണ്ട്.

കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൂത്താളി കൃഷി ഫാമിന്റെ സ്ഥലം കൃത്യമായി അളന്നുതിരിച്ചിട്ടില്ല. വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾക്ക് നാശം സംഭവിക്കുന്നുണ്ട്.

വിവിധ കൃഷിഫാമുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ കൃത്യമായി അളന്നു തിരിച്ച് സർവെ റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഫാമുകൾ സ്വകാര്യ വ്യക്തികളുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ അതിർത്തി കൃത്യമായി നിർണ്ണയിച്ച് വേലികെട്ടി സംരക്ഷിക്കേണ്ടതാവശ്യമാണ്. ഫാം സ്ഥാപിക്കപ്പെട്ടതിനുശേഷം നടന്നിട്ടുള്ള റീസർവെകൾ പ്രകാരം ഫാമിന്റെ ഭൂവിസ്തൃതിയിൽ കുറവുണ്ടായിട്ടുണ്ടോയെന്നും കൈയേറ്റങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതുണ്ട്.

**ഫാം കൈയേറി റോഡ് വെട്ടി**

കൊല്ലം ജില്ലയിലെ കടയ്ക്കലിലുള്ള സ്റ്റേറ്റ് സീഡ് ഫാമിൽ നെൽകൃഷി ചെയ്തു വന്നിരുന്ന 'എഫ് ' ബ്ലോക്കിന്റെ വടക്കേ ഭാഗത്ത് 300 മീറ്റർ നീളത്തിൽ നാട്ടുകാർ ഫാം വക ഭൂമി കൈയേറുകയും നീർച്ചാൽ നികത്തി റോഡ് വെട്ടുകയും ചെയ്തു. നെൽപ്പാടത്തിൽ ജലസേചനത്തിന് ഉപയോഗിച്ചുവന്ന നീർച്ചാലാണ് 29-1-2011-ന് നികത്തപ്പെട്ടത്. ജില്ലാപഞ്ചായത്ത് അംഗത്തിന്റെ മധ്യസ്ഥതയിൽ നടന്ന ചർച്ചകളെ തുടർന്ന് നീർച്ചാൽ പുനഃസ്ഥാപിച്ചതായി ഫയൽ കാണുന്നുവെങ്കിലും ഫാം നേരിട്ട് സന്ദർശിച്ച ഓഡിറ്റ് ടീമിന് നീർച്ചാൽ ഭാഗികമായി മാത്രം പുനഃസ്ഥാപിച്ചതായാണ് കാണുവാനായത്. നീർച്ചാലിൽ ഉടനീളം റോഡുവെട്ടിയ മണ്ണ് ഇറങ്ങി കിടക്കുന്നതായും കണ്ടു. ഫാം വക പാടത്തിനരികിലൂടെ നേരിയ ഒരു നീർച്ചാൽ മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്നത്. കൈയേറ്റത്തെ തുടർന്ന് ഫാമിന്റെ അതിർത്തി അളന്ന് തിട്ടപ്പെടുത്തി കല്ലിടുന്നതിനായി 17-8-2011-ന് അസിസ്റ്റന്റ് ഡയറക്ടർ കൊട്ടാരക്കര തഹസീൽദാർക്ക് കത്ത് നൽകിയെങ്കിലും തുടർനടപടികൾ ഉണ്ടായില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6, 3.2.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

2. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിലെ സി, ഡി ബ്ലോക്കിനരികിൽക്കൂടി സമീപവാസികൾ ഭൂമി കൈയേറി 25-8-2011-ലാണ് മണ്ണ് നിക്ഷേപിച്ചതെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് 26-8-2011-ൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും തുടർന്ന് മേലധികാരികളെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും കൈയേറിയ സ്ഥലത്ത് വിവിധ ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ 200 മീറ്റർ കോൺക്രീറ്റ് റോഡ് നിർമ്മിച്ചുവെന്നും പരാതിയെത്തുടർന്ന് ഡെപ്യൂട്ടി കളക്ടർ സ്ഥലം സന്ദർശിക്കുകയും മണ്ണിട്ട് നികത്തിയ സ്ഥലം പൂർവ്വസ്ഥിതിയിലാക്കുകയും പ്രസ്തുത ബ്ലോക്കുകൾക്ക് സമീപം പടിഞ്ഞാറ് വശത്തായി താമസിക്കുന്നവരുടെ വീടുകളിലേയ്ക്ക് ഒരു മീറ്റർ വീതിയിൽ വഴി ലഭിക്കത്തക്ക വിധത്തിൽ സ്ഥലം വിട്ടുനൽകിയശേഷം ബാക്കി സ്ഥലം വേലികെട്ടാൻ നിർദ്ദേശിക്കുകയും ചെയ്തുവെന്നും പ്രസ്തുത സ്ഥലത്തെ കൈയേറ്റഭാഗം ഒഴിപ്പിച്ച് ഫാമിന്റെ അതിർത്തികൾ കമ്പി വേലി കെട്ടി സംരക്ഷിച്ചിട്ടുണ്ടെന്നും നിലവിൽ ഇതുസംബന്ധിച്ച് കേസുകളൊന്നും നിലനിൽക്കുന്നില്ലെന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത സ്ഥലത്തിന് ഒരു മീറ്റർ വഴിയുണ്ടായിരുന്നതാണെന്നും സ്ഥലത്തിന്റെ പിറകിൽ താമസിക്കുന്ന പട്ടികജാതി കോളനി നിവാസികൾക്ക് വെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ടായതിനാലാണ് സ്ഥലം കൈയേറി റോഡ് നിർമ്മിച്ചതെന്നും ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ നടത്തിയ

ഒത്തുതീർപ്പിന്റെ ഫലമായാണ് ഫാമിന്റെ ഒരു മീറ്റർ സ്ഥലം വിട്ടുകൊടുത്ത് വേലി നിർമ്മിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

3. പട്ടികജാതി കോളനി നിവാസികളുടെ വഴിയുമായി ബന്ധപ്പെട്ട് തർക്കം വരാൻ കാരണമെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന്, സ്ഥലം കൈയേറിയതുകൊണ്ടാണ് തർക്കം ഉണ്ടായതെന്നും മുൻപ് ചെറിയ നടവഴിയാണ് ഉണ്ടായിരുന്നതെന്നും വഴി കൊടുക്കാൻ സംസ്ഥാന സീഡ് ഫാം വിസമ്മതിച്ചപ്പോഴാണ് തർക്കമുണ്ടായതെന്നും നിലവിൽ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

4. സർക്കാർ സമർപ്പിച്ച റിപ്പോർട്ടിന്റെയും സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

5. 40.06 ഹെക്ടർ വിസ്തൃതിയുള്ള തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ജില്ലാ കൃഷി ഫാമിന്റെ അതിർത്തി നിർണ്ണയിച്ച് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി വനം-കൃഷി-കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ സംയുക്തമായി 13-7-2022-ന് ഫാം സന്ദർശിക്കുകയും അതിർത്തി കളിലെല്ലാം സർവെ കല്ലുകളും ജണ്ടകളും ഉള്ളതായി സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഫാമിന്റെ പ്രവർത്തനങ്ങൾ രണ്ട് ബ്ലോക്കുകളിലായാണ് വ്യാപിച്ചുകിടക്കുന്നതെന്നും ഏഴാം ബ്ലോക്കിൽ 2016-17 സാമ്പത്തിക വർഷത്തിൽ സോളാർ ചുറ്റുമതിൽ നടപ്പിലാക്കിയതുവഴി ഭൂരിഭാഗം പ്രദേശത്തും കൃഷി വ്യാപിപ്പിക്കാൻ സാധിച്ചുവെങ്കിലും 2022-ൽ കാട്ടാനയും മറ്റ് വന്യമൃഗങ്ങളും ചുറ്റുമതിൽ നശിപ്പിച്ച് ഫാമിൽ കടന്ന് കൃഷി നശിപ്പിക്കുകയുണ്ടായെന്നും നിലവിൽ നബാർഡിന്റെ ഫണ്ടുപയോഗിച്ച് കെ.എൽ.ഡി.സി.-ആർ.ഐ.ഡി.എഫ്. XXVII പദ്ധതി പ്രകാരം ആനക്കിടങ്ങ്, സോളാർ ചുറ്റുമതിൽ, മുള്ളുനാരകവേലി എന്നിവ ഉപയോഗിച്ച് മൂന്ന് തലങ്ങളിലെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ആയത് പൂർത്തിയാകുന്നമുറയ്ക്ക് ഏഴാം ബ്ലോക്കിൽ പൂർണ്ണമായും കൃഷി വ്യാപിപ്പിക്കാൻ സാധിക്കുമെന്നും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

6. വനം വകുപ്പ്, കൃഷി വകുപ്പിന് വിട്ടുനൽകിയ 100 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ കൃഷി വകുപ്പിന് ഹാജരാക്കാൻ സാധിച്ചിട്ടില്ലെന്ന ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലിനെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് നൽകാമെന്നും വനം വകുപ്പിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ ജണ്ട സ്ഥാപിച്ച സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ഫാമിന്റെ കൈവശമുള്ള ഭൂമിയുടെ രേഖ സംബന്ധിച്ച് വില്ലേജ് ഓഫീസിൽ പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

7. പ്രസ്തുത സ്ഥലത്തിന്റെ കൈവശാവകാശ രേഖ കൃഷി വകുപ്പിന്റെ കൈവശമുണ്ടെന്നും വകുപ്പിന്റെ കണക്കനുസരിച്ച് ഫാമിന്റെ ആകെ വിസ്തീർണ്ണം 40.06 ഹെക്ടറാണെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത ഭൂമി വളരെ മുമ്പ് വനം വകുപ്പ് വിട്ട് നൽകിയതിനാൽ ആയത് സംബന്ധിച്ച രേഖ കൈവശമില്ലെന്നും പിന്നീട് ഒരു വിഷയം വരാതിരിക്കാനാണ് ഓഡിറ്റ് വകുപ്പ് രേഖ ആവശ്യപ്പെടുന്നതെന്നും വില്ലേജ് ഓഫീസിൽ എത്രയും പെട്ടെന്ന് രേഖ സംബന്ധിച്ച് പരിശോധന നടത്തണമെന്നും വന നിയമങ്ങളുടെയും അതിന്റെ തുടർനടപടിയുടെയും കാര്യത്തിൽ സർക്കാരിന് യാതൊന്നും ചെയ്യാൻ സാധിക്കില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ബോധിപ്പിച്ചു. ഭൂമിയുടെ രേഖ സംബന്ധിച്ച് വില്ലേജ് ഓഫീസിൽ പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് തദവസരത്തിൽ തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

8. വനം വകുപ്പിന്റെ ഭൂമി കൃഷി വകുപ്പിന് പാട്ടത്തിന് നൽകിയിട്ടുള്ളതാണോയെന്ന് സമിതി ആരാഞ്ഞതിന്, ഫാം നടത്തുന്നതിനായി കൃഷി വകുപ്പിന് വിട്ടുനൽകിയ ഭൂമി വകുപ്പിന് കൈമാറിയിട്ടില്ലെന്നും ആയത് ഇപ്പോഴും വനഭൂമിയാണെന്നും ഭൂരിഭാഗം ഫാമുകൾക്കും ഈ ഒരു അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും ഫാമുകളുടെ ഒരു ഭാഗം വനമായിരിക്കുമെന്നും ഈ ഭാഗങ്ങൾ വനം വകുപ്പ് സ്ഥലപരിധി നിശ്ചയിച്ച് ജണ്ട സ്ഥാപിച്ചിട്ടുണ്ടെന്നും എന്നാൽ ഭൂമി വനം വകുപ്പ് കൈമാറ്റം ചെയ്ത് കൃഷി വകുപ്പിന് നൽകിയിട്ടില്ലെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് മറുപടി നൽകി.

9. ഡിജിറ്റൽ സർവെ നടത്തുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശം വനം വകുപ്പിന് എന്നായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നതെന്നും കൃഷി വകുപ്പിന്റെ കൈവശ ഭൂമിയിൽ ഡോക്യുമെന്റേഷൻ നടത്തിയില്ലെങ്കിൽ പിന്നീട് പ്രശ്നമുണ്ടാകുമെന്നും മിക്ക ഫാമുകൾക്കും കൃത്യമായ രേഖകളോ അളവുകളോ ഇല്ല എന്നത് വസ്തുതയാണെന്നും സമിതി സൂചിപ്പിച്ചപ്പോൾ സംസ്ഥാന തലത്തിൽ പോളിസി ആവശ്യമുള്ള വിഷയമെന്ന നിലയിൽ സമിതി പരിഗണിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും ജില്ലാപഞ്ചായത്തുകളും ഫാമുകളും വിചാരിച്ചാൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കുകയില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

10. ഫാമുകളുടെ ഭൂമിയുടെ ഉടമസ്ഥാവകാശ പ്രശ്നപരിഹാരത്തിന് ജില്ലാപഞ്ചായത്തുകളും ഫാമുകളും മുൻകൈയെടുക്കേണ്ടതാണെന്നും 2010-11 കാലയളവിൽ കളക്ടർമാരോട് സർവെ നടത്തി വ്യവസ്ഥപ്പെടുത്താൻ തീരുമാനിച്ചതായി രേഖയിൽ കാണുന്നുണ്ടെങ്കിലും അതനുസരിച്ചുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്നും സംസ്ഥാനത്തിന്റെ ആസ്തിയായ ഫാമുകളുടെ പല സ്ഥലവും തരിശായികിടക്കുകയാണെന്നും അവ പൂർണ്ണമായും ഉപയുക്തമാക്കി സംസ്ഥാന താൽപ്പര്യത്തിനനുസരിച്ച് മാറ്റാൻ കഴിയുന്നില്ലെന്നും

അക്കാര്യത്തിൽ കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി ഇടപെട്ട് പരിഹാരം കണ്ടെത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയത്തിൽ പൊതുവായ തീരുമാനമെടുത്ത് റിപ്പോർട്ട് സമർപ്പിക്കാമെന്ന് സമിതി തീരുമാനിച്ചു.

11. 350 ഏക്കർ ഭൂമിയുള്ള കൊല്ലം ജില്ലയിലെ അഞ്ചൽ ജില്ലാ കൃഷി ഫാമിന്റെ സമീപപ്രദേശം ജനവാസകേന്ദ്രമായതിനാൽ ഫാമിന് ചുറ്റും എല്ലായിടത്തും ചുറ്റുമതിലോ വേലിയോ ഇല്ലെന്നും എല്ലാ പ്രദേശവും റീസർവെ നടത്താൻ നടപടി സ്വീകരിച്ചിരുന്നില്ലെന്നും അഞ്ചൽ സീഡ് ഫാം സൂപ്രണ്ട് അറിയിച്ചു. സൂപ്രണ്ട് സ്ഥാനം ഏറ്റെടുത്ത ശേഷം കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര തഹസിൽദാർ നേരിട്ട് റീസർവെ ചെയ്ത് അതിർത്തി നിർണ്ണയം നടത്താമെന്ന് അറിയിച്ചിട്ടുണ്ടെന്നും ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം 2 കിലോമീറ്റർ അതിർത്തിയിൽ കമ്പിവേലി കെട്ടുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ടെന്നും കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എൽ.ഡി.സി.) സ്ഥലം പരിശോധിച്ചിട്ടുണ്ടെന്നും നബാർഡിന്റെ സഹായത്തോടുകൂടി ചെയ്യുന്ന പ്രസ്തുത പ്രവൃത്തി ഉടനടി ആരംഭിക്കുമെന്നും ഫാം സൂപ്രണ്ട് കൂട്ടിച്ചേർത്തു.

12. സർവെ നടത്താതെ സ്ഥലം തിരിച്ചറിയുന്നതെങ്ങനെയെന്നും ചുറ്റുമതിൽ നിർമ്മിക്കുന്ന സ്ഥലത്തിനുമേൽ വനം വകുപ്പ് അവകാശം ഉന്നയിച്ചാലെന്തുചെയ്യുമെന്നും സമിതി ആരാഞ്ഞതിന്, വളരെ ശക്തമായ ചുറ്റുമതിലല്ല നിലവിൽ നിർമ്മിക്കുന്നതെന്നും വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന മുള്ളുവേലി വഴി നിരന്തരമുണ്ടാകുന്ന കാട്ടുപന്നി ആക്രമണവും പുറത്തുനിന്നുള്ളവരുടെ ചൂഷണവും ചെറുക്കുന്നതിനായി ചില പ്രദേശങ്ങളിൽ മാത്രം ചുറ്റുമതിൽ നിർമ്മിച്ച് ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും അഞ്ചൽ സീഡ് ഫാം സൂപ്രണ്ട് മറുപടി നൽകി. മേൽവിവരങ്ങൾ ജില്ലാ ഭരണകൂടത്തിന് അറിവുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ട് മുഖേന ജില്ലാപഞ്ചായത്തിനെയും വകുപ്പ് നടത്തിയ യോഗത്തോടനുബന്ധിച്ച് സർക്കാരിനെയും അറിയിച്ചിട്ടുണ്ടെന്നും മേൽ വിഷയം കളക്ടറെ നേരിട്ട് അറിയിച്ചിട്ടില്ലെന്നും ജില്ലാപഞ്ചായത്തിനും വകുപ്പിനും സർവെ സൂപ്രണ്ടിനും തഹസിൽദാർക്കും രേഖാമൂലം കത്തുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ജില്ലാ ഓഫീസർ മുഖേനയാണ് ജില്ലാ കളക്ടർക്ക് കത്തുകൾ നൽകിയിട്ടുള്ളതെന്നും അഞ്ചൽ സീഡ് ഫാം സൂപ്രണ്ട് മറുപടി നൽകി.

13. ഇത്തരം വിഷയങ്ങൾ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും വേണ്ടവിധം ശ്രദ്ധിക്കുന്നില്ലെന്ന പരാതി അഞ്ചൽ ഫാമിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, കൈയേറ്റമുണ്ടായിട്ടില്ലെന്നാണ് തഹസിൽദാരുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതെന്നും

കണക്കനുസരിച്ച് അഞ്ചൽ കൃഷി ഫാമിൽ 132.54 ഹെക്ടർ ഭൂമിയാണുള്ളതെന്നും അതിൽ നദിയുമായി ചേരുന്ന ഭാഗങ്ങളിലും റോഡുമായി ബന്ധപ്പെട്ടുവരുന്ന പ്രദേശങ്ങളിലും പ്രശ്നങ്ങൾ വരുന്നില്ലെന്നും തർക്കങ്ങൾ നിലനിൽക്കുന്ന വനവുമായി ബന്ധപ്പെട്ട പ്രദേശത്ത് ചർച്ച നടത്തി മാത്രമേ വേലിയോ ചുറ്റുമതിലോ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂവെന്നും വനവുമായി ബന്ധപ്പെട്ട എല്ലാ പ്രദേശങ്ങളിലും പ്രസ്തുത പ്രശ്നം നിലനിൽക്കുന്നതിനാൽ സമിതി ശിപാർശ നൽകുകയാണെങ്കിൽ ഉദ്യോഗസ്ഥർക്ക് മുൻകൈയെടുത്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

14. അതിർത്തിയിൽ നിലനിൽക്കുന്ന തർക്കങ്ങൾ കൂടിയാലോചനയിലൂടെ പരിഹരിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം വിളിച്ച് ചേർക്കണമെന്നും വനം, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി കൂടിയാലോചിച്ച് ഇതുസംബന്ധിച്ച നടപടി സ്വീകരിക്കണമെന്നും തദവസരത്തിൽ സമിതി നിർദ്ദേശിച്ചു. നിലവിലുള്ള ഭൂമിയിൽ അതിര് കെട്ടുന്നതിന് വനം വകുപ്പ് തടസ്സം നിൽക്കാറില്ലെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

15. അതിര് കെട്ടുന്നതല്ല, ഫാമിന്റെ കൈവശമുള്ള സ്ഥലം പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള നടപടികളുണ്ടാകുന്നില്ലെന്നതാണ് പ്രശ്നമെന്നും കൃഷി ചെയ്യാൻ സാധിക്കാത്ത പ്രദേശമാണെങ്കിൽ ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും വ്യക്തമാക്കിയ സമിതി, സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ ഫാമിൽ നിന്നും നിരന്തരം ആവശ്യപ്പെട്ടതനുസരിച്ച് സർവെ വിഭാഗം ജീവനക്കാർ ഫാമിലെത്തി റീസർവെ സമയത്ത് സ്ഥാപിച്ച അതിർത്തി സർവെ കല്ലുകൾ ബോധ്യപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി.

16. 2011-12-ൽ സ്റ്റേറ്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ.ഐ.ടി.എഫ്.) പ്രവൃത്തിക്കുവേണ്ട പ്രദേശങ്ങളിൽ മാത്രം റീസർവെ നടത്തിയതാണെന്നും പ്രസ്തുത പ്രദേശങ്ങളിലെ പ്രവൃത്തിക്കുവേണ്ടി മാത്രം മുൻ സൂപ്രണ്ട് നൽകിയ മറുപടിയാണെന്നും ഫാമിനോട് ചേർന്ന് സ്വകാര്യ വ്യക്തികളുടെ കൃഷിയിടങ്ങളുള്ളതിനാൽ പൂർണ്ണമായി അതിര് കെട്ടുമ്പോൾ പ്രസ്തുത പ്രദേശങ്ങളിൽ വ്യക്തമായ അതിർത്തി നിർണ്ണയം നടത്തേണ്ടതുണ്ടെന്നും അതിനുവേണ്ടിയാണ് അതിർത്തി നിർണ്ണയിച്ച് നൽകണമെന്ന കത്ത് വീണ്ടും നൽകിയതെന്നും അഞ്ചൽ സീഡ് ഫാം സൂപ്രണ്ട് സമിതിയെ ബോധിപ്പിച്ചു.

17. ഫാം വക ഭൂമിയിൽ നിന്നും 20 ഏക്കർ സ്ഥലം ഏക്കറിന് 100 രൂപ വാർഷികപാട്ടത്തിന് കായിക അക്കാദമി സ്ഥാപിക്കുന്നതിന് യുവജനകാര്യ വകുപ്പിന് 30 വർഷത്തേയ്ക്ക് നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും പ്രസ്തുത ഭൂമി സർക്കാർ പുറമ്പോക്കായി നിലനിർത്തിക്കൊണ്ടും ആയതിൽനിന്ന് 10 ഏക്കർ ഭൂമി

കെപ്കോയ്ക്ക് നൽകാനുള്ള ശിപാർശ സമർപ്പിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും മറ്റൊരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, ആദ്യഘട്ടത്തിലുണ്ടായിരുന്ന 140.54 ഹെക്ടർ ഭൂമിയിൽനിന്നും 8 ഹെക്ടർ ഭൂമി സ്പോർട്സ് കൗൺസിലിന് കൊടുത്തതിനുശേഷമുള്ള ബാക്കി 132.54 ഹെക്ടർ ഭൂമിയാണ് അഞ്ചൽ കൃഷിഫാമിന്റെ കൈവശമുള്ളതെന്നും പ്രസ്തുത ഭൂമിതന്നെയാണ് കെപ്കോയ്ക്കും കൊടുത്തിരിക്കുന്നതെന്നും അതിനുപകരം  വയനാട് ചീങ്ങേരി എസ്റ്റേറ്റിൽ നിന്നും 5 ഹെക്ടർ ഭൂമി മില്ലറ്റിന്റെ വികസനത്തിനുവേണ്ടി മൃഗസംരക്ഷണ വകുപ്പിന് കൈമാറാനുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും ഭൂമി സർക്കാരിന്റെ ഉടമസ്ഥതയിലും അതിന്റെ ആസ്തികൾ കൊല്ലം ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുമാണുള്ളതെന്നും യാതൊരാവശ്യത്തിനും ഭൂമി വിട്ടുകൊടുക്കാനോ പുതിയ ഭൂമി ഏറ്റെടുക്കാനോ പഞ്ചായത്തുകൾക്ക് അധികാരമില്ലെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

18. കൊല്ലം ജില്ലാപഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ പഞ്ചായത്തിന്റെ കീഴിൽ ഉണ്ടായിരുന്ന ഭൂമി കൈമാറിയതിനു പകരമായി വയനാട് സ്ഥലം വാങ്ങിയതിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആശങ്ക പ്രകടിപ്പിച്ചപ്പോൾ, ചില അവസരങ്ങളിൽ സർക്കാർ അത്തരം തീരുമാനം കൈക്കൊള്ളാറുണ്ടെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

19. ഇത്തരത്തിൽ തീരുമാനമെടുക്കുമ്പോൾ സ്വാഭാവികമായും ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടബിലിറ്റി നഷ്ടമാകുമെന്നും ജില്ലാപഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ ഏകപക്ഷീയമായി തീരുമാനമെടുത്ത് നടപ്പാക്കുന്ന ഘട്ടത്തിൽ ആസ്തി സംരക്ഷിക്കുന്നതിന് ജില്ലാപഞ്ചായത്തിന് ഉത്തരവാദിത്വമില്ലെന്നും ഉദാഹരണമായി, ജില്ലാപഞ്ചായത്തിന്റെ കൈവശമുള്ള 132 ഏക്കർ ഭൂമിയിൽ ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ പണം ചെലവഴിച്ചുവെങ്കിലും അവരറിയാതെ പ്രസ്തുത ഭൂമി മറ്റൊരാവശ്യത്തിന് കൊടുക്കുന്ന വിധത്തിലുള്ള നടപടികൾ ഉണ്ടാകുമ്പോൾ, സ്വാഭാവികമായും അക്കൗണ്ടബിലിറ്റി നഷ്ടപ്പെടുമെന്നും അത്തരം സാഹചര്യത്തിൽ ജില്ലാപഞ്ചായത്തിന്റെ കാര്യക്ഷമതയെക്കുറിച്ചൊരു റിപ്പോർട്ട് സമർപ്പിക്കുന്നതിൽ യാതൊരു യുക്തിയുമില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

20. സർക്കാർ വക ഭൂമിയുടെ അവകാശം പ്രാദേശികമായുള്ളതല്ലെന്നും ഭൂമിയുടെ അടിസ്ഥാനസൗകര്യ വികസനവും മറ്റ് കാര്യങ്ങളുമാണ് പ്രാദേശിക വികസനത്തിന് വിട്ടുകൊടുത്തിട്ടുള്ളതെന്നും അതാണ് സർക്കാരിന്റെ കാഴ്ചപ്പാടെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

21. നിയമപരമായി ഇക്കാര്യത്തിൽ അങ്ങനെ ചെയ്യാൻ സാധിക്കില്ലെന്നും ഫാമിന്റെ ഭൂമി ഒരു ഭരണഘടനാ സ്ഥാപനമായ ജില്ലാപഞ്ചായത്തിന്റെ ആസ്തിയായതിനാൽ അതിൽ ജില്ലാപഞ്ചായത്തിന് ഉത്തരവാദിത്വമുണ്ടെന്നും കൃഷി ചെയ്യുന്ന ഒരു ഫാം ജില്ലാപഞ്ചായത്തിനെ ഏൽപ്പിച്ചാൽ കാർഷികാവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ആ സ്ഥലം ഉപയോഗിക്കാൻ പാടില്ലെന്നുമാത്രമേയുള്ളൂവെന്നും അത് ഉപയോഗിക്കാനും അതിന്റെ വിനിയോഗം സംബന്ധിച്ച് തീരുമാനമെടുക്കാനുമുള്ള അധികാരം ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമാണെന്നും അങ്ങനെയൊരു അധികാരം നിക്ഷിപ്തമാക്കുമ്പോൾ അതിന്റെ ഉത്തരവാദിത്വവും അതിൽ ഉൾപ്പെടുമെന്നും ആ ഉത്തരവാദിത്വം ആരോപിക്കണമെങ്കിൽ ആ സ്ഥലത്തിന്റെ പൂർണ്ണ സ്വാതന്ത്ര്യം ജില്ലാപഞ്ചായത്തിന് നൽകണമെന്നും ജില്ലാപഞ്ചായത്തിന്റെ അനുമതിയോ അറിവോ കൂടാതെയാണ് ചെയ്തിട്ടുള്ളത് എന്നുപറയുന്നതിൽ മാത്രമേ വിയോജിപ്പുള്ളൂവെന്നും ജില്ലാപഞ്ചായത്ത് സംസ്ഥാന സർക്കാരിന്റെ ഭാഗമാണെന്നും രണ്ടും ഭരണഘടന സ്ഥാപനങ്ങളാണെന്നും രണ്ട് അതോറിറ്റികളും തമ്മിൽ സമന്വയമുണ്ടാകുന്നത് ന്യായമാണെന്നും ജില്ലാപഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി ഒരാവശ്യത്തിനുവേണ്ടി സംസ്ഥാനം ആവശ്യപ്പെടുന്നതും കൈമാറുന്നതും ജില്ലാപഞ്ചായത്തിന്റെ അറിവോടുകൂടിയാണെങ്കിൽ അത് ന്യായമാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

22. ഭൂമിയുടെ സംരക്ഷണം റവന്യൂ വകുപ്പിനാണെങ്കിലും ബന്ധപ്പെട്ട വകുപ്പിന്റെ അനുമതിയോടെ മാത്രമേ ഭൂമി നൽകാറുള്ളൂവെന്നും ജില്ലാപഞ്ചായത്ത് വിട്ടുകൊടുത്ത ആസ്തി തിരിച്ചെടുക്കുമ്പോൾ ഭൂമി നൽകിയ വകുപ്പിനോട് അന്വേഷിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം വികേന്ദ്രീകൃത ആശയത്തിന് വിരുദ്ധമാകുമെന്നും സമിതി വ്യക്തമാക്കി. ഇപ്രകാരമുള്ള അധികാരം അവർക്ക് കൊടുക്കുന്നില്ലെന്നും ഭൂമി കൊടുത്ത, വകുപ്പിനോട് കണക്ക് ചോദിക്കുന്നതിന് അവകാശമില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തദവസരത്തിൽ വ്യക്തമാക്കി.

23. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള കൂടിയാലോചനയോടു കൂടിയാണോ ഇക്കാര്യം നടന്നതെന്ന് പരിശോധിക്കാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. സർക്കാർ ഒരു തീരുമാനമെടുക്കുന്നതിന് മുമ്പ് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടാറുണ്ടെന്നും കൃഷി വകുപ്പിന്റെ ഭൂമിയാണെങ്കിൽ എൻ.ഒ.സി. ആവശ്യപ്പെടാറുണ്ടെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

24. ഭൂമി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വരുന്നതാണോയെന്ന് സമിതി ആരാഞ്ഞതിന്, പ്രസ്തുത വകുപ്പിനാണ് കൃഷി വകുപ്പിൽ നിന്നും പത്ത് ഏക്കർ ഭൂമി

നൽകിയതെന്നും അതിന് പകരമായാണ് വയനാട് നിന്നും 5 ഏക്കർ സ്ഥലം ചെറുധാന്യങ്ങളുടെ വികസനത്തിനായി വിട്ടുതരാൻ അനുമതിയുണ്ടായതെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

25. കഴിഞ്ഞ ഏഴ് വർഷമായി ഒരു ഭൂമി പോലും വിട്ടുകൊടുക്കാൻ കൃഷി വകുപ്പ് അനുവദിക്കാറില്ലെന്നും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും ടേക്ക് എ ബ്രേക്കിനും സിവിൽ സപ്ലൈസിന്റെ ഗോഡൗൺ പണിയുന്നതിനും ഭൂമി നൽകുന്നതിന് കൃഷി വകുപ്പിന്റെ സമ്മതം ആവശ്യപ്പെടുന്നുണ്ടെന്നും കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഇതുവരെ ഒരു ഭൂമിയും വിട്ടുകൊടുക്കുന്നില്ലെന്നും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കാര്യത്തിൽ വളരെയധികം സമ്മർദ്ദം കൃഷി വകുപ്പിന് നേരിടേണ്ടിവരുന്നുണ്ടെന്നും പ്ലാന്റിന് സ്ഥലം ആവശ്യപ്പെട്ട സമയത്ത് കഴിഞ്ഞ സമിതി ഒരു സ്ഥലം പോലും വിട്ടുകൊടുക്കരുതെന്ന് ശിപാർശ ചെയ്തിരുന്നത് പ്രത്യേകം പരാമർശിച്ചാണ് വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയതെന്നും അതിനുശേഷമാണ് ഇക്കാര്യത്തിൽ തീരുമാനത്തിലേയ്ക്ക് എത്താതിരുന്നതെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

26. ജില്ലാപഞ്ചായത്തിന് കൈമാറിയതിനുശേഷം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാന തലത്തിൽ കൃഷി വകുപ്പ് ഒരു ഏകോപനം നടത്തേണ്ടതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചു. ഫാം മാനേജ്മെന്റിനെ സംബന്ധിച്ച് മുൻ സമിതി ശിപാർശ ചെയ്തതാണെന്നും ജില്ലാപഞ്ചായത്തിന് ഇക്കാര്യത്തിൽ കൃഷി വകുപ്പ് പിന്തുണ നൽകേണ്ടതുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് സംസ്ഥാന തലത്തിൽ ഏകോപനം സാധ്യമാകുമോയെന്ന് പരിശോധിക്കണമെന്നും ഫാം ഡയറക്ടറുടെ ഒരു തസ്തിക കൃഷി വകുപ്പിലുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പഞ്ചായത്തിന് ചീഫ് എഞ്ചിനീയറെന്നതുപോലെ, കൃഷി ഫാമിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ ചീഫ് ഡൊമൈൻ കൺട്രോൾ ചെയ്യപ്പെടുന്നില്ലെന്നുള്ള ഒരു ആക്ഷേപമുണ്ടെന്നും അതിന്റെ അക്കൗണ്ടിംഗ് സിസ്റ്റം, സ്റ്റോക്ക് മാനേജ്മെന്റ് എന്നിവ അറിയില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഫാമുകളുടെ നിയന്ത്രണം ജില്ലാപഞ്ചായത്തുകൾക്ക് സാധ്യമാകുന്നില്ലെന്നും കൃഷി വകുപ്പിന്റെ പിന്തുണയോടെ മാത്രമേ ആയത് സാധിക്കുകയുള്ളൂവെന്നും അത്തരത്തിലൊരു ഏകോപനം സംസ്ഥാന തലത്തിൽ സാധ്യമാകുമോയെന്ന് ആലോചിക്കേണ്ടതുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

27. സമിതിയുടെ ശിപാർശയുണ്ടെങ്കിൽ സംസ്ഥാന തലത്തിലുള്ള ഏകോപനം നടത്താവുന്നതാണെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

28. കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാമിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളോ സർവെ റിപ്പോർട്ടുകളോ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലെന്നാണ് ഓഡിറ്റർ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കിയ സമിതി, ഭൂമിക്ക് രേഖയില്ലെന്ന നില തന്നെയാണോ നിലവിലും തുടരുന്നതെന്ന് ആരാഞ്ഞു. നിലവിൽ ഫാമിന്റെ അതിർത്തികളിൽ കൈയേറ്റങ്ങളില്ലെന്ന് കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ രേഖകൾ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി പ്രസ്തുത ഭൂമി കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന ഭൂമിയാണോയെന്ന് ആരാഞ്ഞതിന് കൃഷി വകുപ്പിന്റെ കീഴിലുള്ള ഭൂമിയാണെന്നും പ്രസ്തുത ഭൂമി ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കി. 12 വർഷം മുമ്പുള്ള നിലയിൽ മാറ്റം വന്നിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് സർവെ നടപടികൾക്കുവേണ്ടി കളക്ടർക്ക് കത്ത് കൊടുത്തിട്ടുണ്ടെന്നും ഡിജിറ്റൽ സർവെയൊടൊപ്പം തന്നെ പൂർത്തീകരിക്കണമെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

29. 2011-12 കാലഘട്ടത്തിലെ ഓഡിറ്റ് പരാമർശത്തിന് പന്ത്രണ്ട് വർഷത്തിനു ശേഷവും സ്വന്തം ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാൻ കത്ത് കൊടുത്തുവെന്ന മറുപടി നൽകിയതിലൂടെ ഇക്കാര്യത്തിലെ ഉത്തരവാദിത്വക്കുറവ് മനസ്സിലാക്കാൻ സാധിക്കുമെന്നും ഭൂമി സംബന്ധിച്ച കൈവശരേഖയില്ലെന്ന് മാത്രമല്ല സ്വകാര്യ വ്യക്തികൾ കൈയേറിയെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാതെ പുറമ്പോക്കിലെ കൈയേറ്റം തീരുമാനിക്കാൻ കഴിയില്ലെന്നും നിശ്ചിത കാലയളവിനുള്ളിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് രേഖകൾ ലഭിക്കുന്നതിന് ശ്രമം നടത്തിയെങ്കിൽ മാത്രമേ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളൂവെന്നും റവന്യൂ വകുപ്പോ ജില്ലാ ഭരണകൂടമോ ഇക്കാര്യത്തിന് തടസ്സം നിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണമെന്നും സമിതി ചൂണ്ടിക്കാട്ടി.

30. കൃഷി വകുപ്പിന്റെ കീഴിൽ നിലവിൽ ഒരു പ്രദേശം പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടെന്നും റവന്യൂ വകുപ്പിനെ അറിയിച്ച ശേഷം പ്രസ്തുത പ്രദേശം അളന്ന് തിട്ടപ്പെടുത്തുന്നതിന് പൊതുവായ നിർദ്ദേശം സമിതിയുടെ ശിപാർശയായി നൽകുന്നത് ഉചിതമായിരിക്കുമെന്നും എല്ലാ ഫാമുകളിലും ഇതേ പ്രശ്നമുണ്ടെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

31. ഫാമിന്റെ അതിർത്തി നിശ്ചയിക്കുന്നതിൽ വ്യക്തതയുണ്ടാകണമെന്നും ഭൂമിയുടെ യഥാർത്ഥ അവകാശി ഏത് വകുപ്പാണെന്ന് ഉറപ്പാക്കാതിരുന്നാൽ ഭാവിയിൽ തർക്കം വരാത്ത രീതിയിൽ ജില്ലാപഞ്ചായത്ത് ഭൂമി സംരക്ഷിക്കുന്നത് എങ്ങനെയെന്നും വലിയ തോതിൽ കൈയേറ്റങ്ങളുണ്ടാകുന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്നും സമിതി ചൂണ്ടിക്കാട്ടി.

32. തദ്ദേശ സ്വയംഭരണ വകുപ്പിൽ മുമ്പ് ആസ്തി മാനേജ്മെന്റ് സംബന്ധിച്ച് ഇതേ സമിതിയിൽ ഒരു പൊതു നിർദ്ദേശം വന്നിട്ടുണ്ടെന്നും സർക്കാരിന്റെ ഭാഗത്ത് നിന്നും കേന്ദ്രീകൃതമായി മാർഗ്ഗനിർദ്ദേശവും നിയന്ത്രണവും തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തിയെങ്കിൽ മാത്രമേ പഞ്ചായത്തിന് അവരുടെ ഭൂമി മാനേജ്മെന്റിന്റെ രേഖകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നും കരം എങ്ങനെ അടയ്ക്കണമെന്നുമുള്ള കാര്യങ്ങൾ വ്യക്തമായി നിർവഹിക്കാൻ സാധിക്കുകയുള്ളൂവെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന് മരാമത്തു പണി നടത്താൻ എഞ്ചിനീയറുള്ളതു പോലെ വസ്തു മാനേജ് ചെയ്യാൻ സംസ്ഥാന തലത്തിൽ ഒരു വിഭാഗമുണ്ടാക്കുകയും അതിന്റെ പിന്തുണ തദ്ദേശ സ്ഥാപനത്തിന് കൊടുക്കുകയും ചെയ്യണമെന്നും എങ്ങനെയാണ് സർവെ നടത്തേണ്ടത്, എന്ത് രേഖകളാണ് ഉണ്ടാക്കേണ്ടത്, പ്രസ്തുത രേഖകളുടെ സൂക്ഷിപ്പ് ആർക്കായിരിക്കണം, എങ്ങനെയാണ് നികുതി അടയ്ക്കേണ്ടത് എന്നിവയിലെല്ലാം പൊതുനിർദ്ദേശമില്ലാത്തതിന്റെ പോരായ്മയുണ്ടെന്നും വലിയ അളവിലുള്ള ആസ്തികളുണ്ടെങ്കിലും നിർമ്മാണം നടത്തിയതിനുശേഷം പിന്നീട് അത് ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്നും എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം നടത്തിക്കഴിയുമ്പോഴാണ് ഉടമസ്ഥാവകാശമില്ലെന്ന് അറിയുന്നതെന്നും രേഖകൾ നിർണ്ണായക ഘടകമായതിനാൽ ഡോക്യുമെന്റേഷൻ കൃത്യമാവണമെന്നും സർക്കാർ ഭൂമിയായതുകൊണ്ട് ആരും ചോദിക്കില്ലെന്ന രീതിയിലാണ് രേഖകൾ വേണ്ടെന്ന് പറയുന്നതെന്നും നിലവിലുള്ള നിയമപ്രകാരം ഏതൊരു വ്യക്തിക്കും അവകാശപ്പെട്ട ഭൂമിയുടെ രേഖകൾ എത്രത്തോളം കൃത്യമായിരിക്കണമെന്നതു പോലെ ഈ സ്ഥാപനങ്ങൾക്കും ഡോക്യുമെന്റേഷൻ കൃത്യമായി തന്നെ വേണ്ടതാണെന്നും സമിതി ഇക്കാര്യത്തിലൊരു പൊതുനിർദ്ദേശം നൽകിയാൽ റവന്യൂ, തദ്ദേശ സ്വയംഭരണം, വനം, കൃഷി, ആരോഗ്യം എന്നീ വകുപ്പുകളുടെ സഹായമുണ്ടാകേണ്ടത് ആവശ്യമാണെന്നും ഇതെല്ലാം ജില്ലാപഞ്ചായത്തുകളോ ലോക്കൽ ബോഡികളോ ആണ് മാനേജ് ചെയ്യേണ്ടതെന്നും ഇക്കാര്യത്തിൽ സംസ്ഥാന തലത്തിലൊരു ക്രമീകരണമുണ്ടായാൽ മാത്രമേ അവർക്ക് മാനേജ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദീകരിച്ചു.

33. തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിക്കിട്ടിയിട്ടുള്ള ഭൂമിയുടെ സംരക്ഷണം സംബന്ധിച്ച് പരിശോധന നടത്താറില്ലേയെന്ന് സമിതി ആരാഞ്ഞതിന് ഫാമിനെ സംബന്ധിച്ചാണ് അനിശ്ചിതത്വമുള്ളതെന്നും ആസ്തികളെ സംബന്ധിച്ച കേന്ദ്രീകൃത സോഫ്റ്റ്‌വെയറെല്ലാം ഐ.ടി. മിഷനിലൂടെ തയ്യാറായിട്ടുണ്ടെന്നും ആസ്തി മെയിന്റനൻസ് സംബന്ധിച്ച് വലിയ ആക്ഷേപങ്ങളില്ലെന്നും തുടർന്നും ആയത് ഏകോപിപ്പിച്ച് വരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

34. ഫിനാൻസ് കമ്മീഷന്റെ അവാർഡിന്റെ സമയത്ത്, റോഡുകളുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ആസ്തികൾ വിതരണം ചെയ്തപ്പോൾ പല പഞ്ചായത്തുകൾക്കും ലഭിക്കാതെ പോയതിന്റെ കാരണം കൃത്യമായ ആസ്തി കാണിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണെന്നും ഇപ്പോഴും കൃത്യമായ രേഖകൾ ഇല്ലെന്നും സമിതി ചൂണ്ടിക്കാട്ടി. ആസ്തി രജിസ്റ്റർ ഒഴിവാക്കാൻ സാധിക്കില്ലെന്നും ഡോക്യുമെന്റേഷൻ സി.ഇ.ഒ.-യെ തന്നെ ആസ്തി മാനേജരാക്കി ഡോക്യുമെന്റേഷൻ കൃത്യമാക്കണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചു.

35. പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരാമർശം വന്നാൽ സി.ഇ.ഒ. മറുപടി നൽകുമോയെന്നും കൃഷി, ആരോഗ്യം, വ്യവസായം എന്നീ വകുപ്പുകളുടെ എത്ര ഏക്കർ സ്ഥലം ജില്ലാപഞ്ചായത്തിലുണ്ട് എന്നുള്ള വിധത്തിൽ രേഖകൾ എവിടെയെങ്കിലും കേന്ദ്രീകരിച്ച് കിട്ടുമോയെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് ഡോക്യുമെന്റേഷന്റെ കസ്റ്റോഡിയൻ എഞ്ചിനീയറിംഗ് വിംഗ് സി.ഇ.ഒ. തന്നെയാണെന്നും എന്നാൽ ഭൂമിയുടെ വിഷയത്തിൽ അനിശ്ചിതത്വമുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

36. ഭൂസ്വത്തിനെ സംബന്ധിച്ച അനിശ്ചിതത്വം ഇല്ലാതാക്കുന്നതിന് ഭൂമി മാനേജ്മെന്റ് കേന്ദ്രീകൃതമാക്കാതെ കഴിയില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. ഫാം വിനോദസഞ്ചാരത്തിന് ധാരാളം സാധ്യതയുള്ള കാലഘട്ടമാണിതെന്നും ആസ്തികളുടെ വിനിമയം ശരിയല്ലാത്തതുകൊണ്ടാണ് കൈയേറ്റം നടക്കുന്നതെന്നും ചൂണ്ടിക്കാട്ടിയ സമിതി വിനോദസഞ്ചാര സാധ്യതകൾ ഉപയോഗപ്പെടുത്തണമെന്ന് അഭിപ്രായപ്പെട്ടു.

37. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽ (ആർ.ഐ.ഡി.എഫ്.) 14 ഫാമുകളിലായി 137 കോടി രൂപയുടെ നവീകരണ പ്രക്രിയകൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അതിനുമുമ്പ് ഭൂമിയുടെ ഡോക്യുമെന്റേഷൻ ജോലികൾ ചെയ്യാനാണ് സർക്കാർ നിർദ്ദേശം കൊടുത്തിരിക്കുന്നതെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി പറഞ്ഞു. ഭൂമിയുടെ അതിർത്തി സംബന്ധിച്ച പ്രശ്നങ്ങൾ ഇപ്പോഴുമുണ്ടെന്നും റവന്യൂ വകുപ്പിന് അളന്നുതിട്ടപ്പെടുത്തുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ടെന്നും റവന്യൂ വകുപ്പിന്റെ കൈവശ ഭൂമിയിൽ പലതിനും രേഖകളില്ലെന്നും ഇപ്പോഴും വനഭൂമിയായി കിടക്കുന്ന പല കൃഷിഭൂമികളുമുണ്ടെന്നും ഇക്കാര്യത്തിൽ കൂടിയാലോചന നടത്തേണ്ടതുണ്ടെന്നും ഈ രീതിയിൽ സമിതി ശിപാർശ ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

38. പ്രസ്തുത ശിപാർശ നൽകാമെന്ന് ഉറപ്പുനൽകിയ സമിതി റവന്യൂ വകുപ്പിൽ ആവശ്യത്തിന് സർവെയർമാരില്ല എന്നുള്ള പ്രശ്നം നിലനിൽക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടുകയും

റവന്യൂ വകുപ്പിന് ആവശ്യമെങ്കിൽ പുറത്തുനിന്നും സർവെയർമാരെ നിയമിച്ച് സർവെ നടപടികൾ പൂർത്തിയാക്കാവുന്നതാണെന്നും ഇല്ലെങ്കിൽ ഡിജിറ്റൽ സർവെ നടപ്പാക്കുമ്പോൾ ആശയക്കുഴപ്പമുണ്ടാകുമെന്നും കൂട്ടിച്ചേർത്തു.

39. കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമിൽ നീർച്ചാൽ നികത്തി റോഡ് വെട്ടിയത് സംബന്ധിച്ച നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ഫാമിന്റെ എഫ് ബ്ലോക്കിലുണ്ടായിരുന്ന നീർച്ചാൽ നികത്തിയത് പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും നടപ്പ് വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത ഭാഗത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി പൂർത്തിയായി വരുന്നുണ്ടെന്നും നടപ്പ് വർഷത്തെ ജില്ലാപഞ്ചായത്ത് പദ്ധതിയിൽ ആയത് പൂർത്തിയാക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്നും കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

40. പത്തനംതിട്ട ജില്ലയിലെ അടൂർ സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭൂമിയുടെ അതിര് നിർണ്ണയിച്ചത് സംബന്ധിച്ച നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് 2013 ഡിസംബറിൽ അതിർത്തി മുഴുവനും ജില്ലാപഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് ചുറ്റുമതിൽ കെട്ടിയിട്ടുള്ളതിനാൽ ഭൂമി നഷ്ടപ്പെട്ടിട്ടില്ലെന്ന് പത്തനംതിട്ട ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പിന്റെ വിശദീകരണം അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

41. ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷി ഫാം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നത് സംബന്ധിച്ച പരാമർശത്തെക്കുറിച്ചുള്ള നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന്, ഇടുക്കി ജില്ലയിൽ സർവെ പൂർത്തീകരിച്ച് ചുറ്റുമതിൽ നിർമ്മാണം നടന്നുവരികയാണെന്നും കഴിഞ്ഞ വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 81 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും സ്വകാര്യ വ്യക്തികൾക്ക് അവരുടെ കൈവശമുള്ള ഒന്നര ഏക്കർ ഭൂമിക്ക് കൈവശാവകാശമുണ്ടെന്നും നഷ്ടപരിഹാരത്തുക നിർണ്ണയിച്ച് അവരിൽ നിന്നും പ്രസ്തുത ഭൂമി ഏറ്റെടുക്കാനുള്ള ഫയൽ റവന്യൂ വകുപ്പിൽ തീർപ്പാക്കാനുണ്ടെന്നും നഷ്ടപരിഹാരം നിശ്ചയിച്ച് പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതാണെന്നും ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. 2011-12 കാലഘട്ടത്തിലെ വിഷയത്തിൽ 12 വർഷമായിട്ടും റവന്യൂ വകുപ്പുമായി ആശയവിനിമയം നടത്തി അവ്യക്തത അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിഷയം സമിതി ചൂണ്ടിക്കാട്ടിയപ്പോൾ 2017-ലും 2018-ലും ഇതു സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയതിന്റെ വിശദാംശം ഫയലിലുണ്ടെന്ന് സെക്രട്ടറി വ്യക്തമാക്കി. ആയതിന്മേൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, നഷ്ടപരിഹാരം നൽകിയിട്ടില്ലെന്നും നഷ്ടപരിഹാരം കൊടുക്കുന്നത് റവന്യൂ വകുപ്പാണെന്നും

ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പുറമ്പോക്ക് ഭൂമി കൈയേറുന്നതിനെ സ്വകാര്യ പുറമ്പോക്കെന്ന് പറയാൻ കഴിയില്ലെന്നും കൈയേറ്റമെന്നാണ് പറയേണ്ടതെന്നും ചൂണ്ടിക്കാട്ടിയ സമിതി മറുപടി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം കേരളത്തിൽ സ്വകാര്യ പുറമ്പോക്ക് ഭൂമിയുണ്ടോയെന്ന് ആരാഞ്ഞു. സ്വകാര്യ വ്യക്തികൾക്ക് കൈവശാവകാശം ഉള്ളതിനാലും കാലാകാലങ്ങളായി അവരുടെ കൈവശമുള്ളതിനാലുമാണ് ഇപ്രകാരം പറഞ്ഞിരിക്കുന്നതെന്നും ഇതു സംബന്ധിച്ച കേസിൽ നഷ്ടപരിഹാരം നൽകാൻ കോടതി വിധിച്ചതനുസരിച്ച് ചെയ്തിട്ടുള്ളതാണെന്നും ഇടുക്കി പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. സ്വകാര്യ വ്യക്തികളുടെ ഭൂമിയാണെങ്കിൽ പുറമ്പോക്ക് ഭൂമിയാകുന്നതെങ്ങനെയെന്നും അവരുടെ ഭൂമി ഏറ്റെടുത്തിട്ടില്ലെങ്കിൽ ഉടമസ്ഥാവകാശമുണ്ടാകുന്നതെങ്ങനെയെന്നും സമിതി ആരാഞ്ഞതിന് ഭൂമി ഏറ്റെടുത്തിട്ടില്ലെന്നും കൈവശാവകാശം മാത്രമേയുള്ളൂവെന്നും ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

42. സ്വകാര്യ വ്യക്തികൾക്ക് കൈവശാവകാശം മാത്രമേയുണ്ടായിരുന്നുള്ളൂവെന്നും 17,500 രൂപ വച്ച് തുക നിശ്ചയിച്ചുവെങ്കിലും അവർ തൃപ്തരല്ലാത്തതിനാൽ ഫയൽ ചെയ്ത കേസ് തീർപ്പാക്കാനുണ്ടെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. എല്ലാ മേഖലകളിലും പ്രസ്തുത വിഷയമുണ്ടെന്നും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമി രേഖകളിൽ പുറമ്പോക്ക് ഭൂമിയായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സർക്കാരിന് ആയത് കൈവശപ്പെടുത്താൻ കഴിയില്ലെന്നും ദീർഘകാലമായി കൈവശം വച്ചിരിക്കുന്നവർക്ക് നഷ്ടപരിഹാരം കൊടുത്ത് ഒഴിവാക്കാൻ തയ്യാറാകണമെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ പ്രസ്തുത നഷ്ടപരിഹാരത്തുക തീരുമാനിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിച്ച് വരികയാണെന്നും കളക്ടർ തുക തീരുമാനിച്ച് പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കേണ്ടതുണ്ടെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

43. ഓരോ വർഷവും ഫിക്സ് ചെയ്യുമ്പോൾ തുക വർദ്ധിക്കുകയാണെന്ന് സൂചിപ്പിച്ച സമിതി, ഓഡിറ്റ് പരാമർശത്തിന്മേൽ കാലാനുസൃതമായ പരിഹാരം കാണുന്നില്ലെന്നും നിയമസഭാ സമിതിയുടെ മുമ്പിൽ വരുന്നത് വളരെ വർഷങ്ങൾ കഴിഞ്ഞാണെന്നും ഓഡിറ്റിൽ പരാമർശിക്കപ്പെട്ട വിഷയങ്ങൾ മാത്രമേ സമിതിയുടെ മുമ്പിൽ വരുന്നുള്ളൂവെന്നും അല്ലാത്ത ധാരാളം കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കി.

44. അതിർത്തി നിർണ്ണയിക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും ചെറിയ കാലതാമസം ഉണ്ടാകുന്നുണ്ടെന്നതിനാൽ സമയപരിധി നിശ്ചയിക്കേണ്ടതുണ്ടെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു.

45. അതിർത്തി നിർണ്ണയിക്കുന്നതിൽ കാലപരിധി നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ച സമിതി, ഇക്കാര്യത്തിൽ ഏകോപനമുണ്ടാകേണ്ടതുണ്ടെന്നും വ്യക്തമാക്കി.

46. ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിത്തോട്ടത്തിന്റെ ചുറ്റുമതിലിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന്, വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഓഫീസ് നമ്പർ 8/15 പ്രകാരം ചുറ്റുമതിൽ നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റ് തുക മാറിക്കിട്ടിയതിൽ 22,80,990 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രവൃത്തി പൂർത്തിയായോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, 2012-13 കാലഘട്ടത്തിൽ ആയത് പൂർത്തീകരിച്ചുവെന്നും നിലവിൽ കൃഷി വകുപ്പിന് കൈമാറിയിരിക്കുകയാണെന്നും ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

47. നിലവിൽ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നബാർഡിലുൾപ്പെടുത്തി 7 കിലോമീറ്റർ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും നിലവിൽ കൃഷി വകുപ്പിന്റെ കീഴിലാണെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണം അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

48. എറണാകുളം ജില്ലയിലെ ഒക്കൽ വിത്തുൽപാദന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന്, താലൂക്ക് സർവെയർ ഭൂമി അളന്ന് തിട്ടപ്പെടുത്തി കൈയേറ്റമില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുൻപുണ്ടായിരുന്ന കേസ് പിൻവലിച്ചിട്ടുണ്ടെന്നും നിലവിൽ കേസുകളൊന്നുമില്ലെന്നും എറണാകുളം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

49. തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള നടവരമ്പ് സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിന്റെ മുഴുവൻ സ്ഥലവും അതിർത്തി നിശ്ചയിച്ച് കമ്പിവേലി കെട്ടി സംരക്ഷിക്കുന്ന പദ്ധതി ജില്ലാപഞ്ചായത്ത് ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണെന്നും ഫാമിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുള്ളതിനാൽ സ്വകാര്യവ്യക്തികൾ കൈയേറുന്നതും ഫാമുല്പന്നങ്ങൾ മോഷണം പോകുന്നതും തടയാൻ സാധിച്ചിട്ടുണ്ടെന്നും നടവരമ്പ് ഫാമിന്റെ സീനിയർ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നടവരമ്പിൽ വേറെ പ്രശ്നങ്ങളൊന്നുമില്ലെന്നും തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പാണഞ്ചേരി സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, വിത്തുൽപാദന കേന്ദ്രത്തിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് തൃശ്ശൂർ താലൂക്ക് സർവെ ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ തുടരന്വേഷണം നടത്തിയതിൽ സർവെ ഓഫീസിലെ ജോലിത്തിരക്കുമൂലം ഭൂമി അളന്ന് തിട്ടപ്പെടുത്തൽ നടന്നിട്ടില്ലെന്നും ഭൂമി അളന്ന് തിട്ടപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് ചുറ്റുമതിൽ

കെട്ടി സംരക്ഷിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ചുറ്റമതിൽ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് 28-3-2023-ന് ഫാം ഓഫീസർ നേരിട്ട് സർവെ ഓഫീസിൽ അന്വേഷിച്ചപ്പോൾ അവിടെ സർവെയർമാരുടെ കുറവുണ്ടെന്നാണ് അറിയിച്ചതെന്നും ജില്ലാപഞ്ചായത്തിൽ നിന്നും അറിയിപ്പ് ലഭ്യമാകുന്നതിനനുസരിച്ച് തുടർനടപടി സ്വീകരിക്കാമെന്നും തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

50. ഇത്രയും കാലതാമസം വരുന്ന പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് ജില്ലാപഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കാതെ അനിശ്ചിതമായി നീണ്ടു പോകുന്നതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, കൃഷി ഓഫീസർ നേരിട്ട് സർവെ ഓഫീസിൽ അന്വേഷണം നടത്തിയത് പത്ത് വർഷത്തിനുശേഷം മാത്രമാണെന്നും പ്രസ്തുത പ്രശ്നം ഏത് വകുപ്പിന്റെ തടസ്സം മൂലമാണെന്ന് മനസ്സിലാക്കി പരിഹാരം കാണേണ്ടതാണെന്നും നിർദ്ദേശിച്ചു.

51. ഇക്കാര്യത്തിൽ വകുപ്പ് പ്രത്യേക നിരീക്ഷണം നടത്താമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

52. പാലക്കാട് ജില്ലയിലെ അനങ്ങനടി സ്റ്റേറ്റ് സീഡ് ഫാമിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് സമിതി ആരാഞ്ഞതിന്, സീഡ് ഫാം സംരക്ഷണ പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുണ്ടെന്ന് പാലക്കാട് ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

53. കോഴിക്കോട് ജില്ലയിലെ ചെമ്പനോട്, തണ്ടോറപ്പാറ, പേരാമ്പ്ര എന്നീ പ്രദേശങ്ങളിലായുള്ള 40 ഹെക്ടർ സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് കൊയിലാണ്ടി താലൂക്ക് തഹസിൽദാർ താലൂക്ക് സർവെയർക്ക് നിർദ്ദേശം കൊടുക്കുകയും അതുപ്രകാരം ഫീസ് നിർണയിച്ച് നൽകണമെന്ന് വില്ലേജ് ഓഫീസർമാരോട് ആവശ്യപ്പെടുകയും ചെയ്തെങ്കിലും അവർ സ്ഥലത്തിന്റെ രേഖ ആവശ്യപ്പെട്ടുവെന്നും ബന്ധപ്പെട്ട രേഖ തങ്ങളുടെ കൈവശമില്ലാത്തതിനാൽ ജില്ലാ ഓഫീസിലും ഡയറക്ടേറ്റിലും ആധാരം അന്വേഷിച്ചിട്ടും ആയത് ലഭ്യമായില്ലെന്നും കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

54. മേൽ വിഷയം സംബന്ധിച്ച് വില്ലേജ് ഓഫീസിൽ രേഖകളുണ്ടാകില്ലേയെന്ന് സമിതി ആരാഞ്ഞതിന്, വില്ലേജിൽ രേഖയുണ്ടാകാമെങ്കിലും ജില്ലാപഞ്ചായത്തിന്റെ കൈയിൽ രേഖയില്ലെന്നും ഭൂമി സംബന്ധിച്ച രേഖ വില്ലേജ് ഓഫീസാണ്

ആവശ്യപ്പെടാറുള്ളതെന്നും ജില്ലാ ഓഫീസിലെ ഡയറക്ടേറ്റിൽ നിന്നും ആയത് ലഭ്യമാകാത്തതിനാൽ കളക്ടർക്ക് നേരിട്ട് കത്ത് നൽകിയിട്ടുള്ളതാണെന്നും നിലവിൽ പുതിയ കളക്ടർ സ്ഥാനമേറ്റെടുത്തുവെന്നും പുതിയ കളക്ടറെ നേരിൽ കണ്ട് ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും ജില്ലാപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

55. പ്രസ്തുത ഭൂമിയിൽ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. സ്ഥലത്തെ സംബന്ധിച്ച് വ്യക്തമായ ധാരണയില്ലാതെ ചുറ്റുമതിൽ നിർമ്മിച്ചതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞപ്പോൾ, അവിടെ തർക്കങ്ങളില്ലെന്നും അതുമാത്രമല്ല സ്ഥലത്തിന്റെ ഒരുവശം പുഴയും ബാക്കി ഭാഗം റോഡുമായതിനാൽ മുഴുവൻ ഫെൻസ് ചെയ്തിട്ടുണ്ടെന്നും എന്തെങ്കിലും വന്നിട്ടുണ്ടോ എന്നുള്ളത് സർവെ നടത്തിയാലേ അറിയാൻ കഴിയൂവെന്നും നിലവിൽ കാടുപിടിച്ച് കിടന്നിരുന്ന കുറെ സ്ഥലം തെളിച്ചെടുത്ത് മാവ്, തെങ്ങിൻതൈ, വിദേശ ഫലവർഗങ്ങൾ എന്നിവ വച്ചുപിടിപ്പിച്ചിട്ടുണ്ടെന്നും കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. കുരങ്ങിന്റെ ആക്രമണം വലിയ പ്രശ്നമാണെന്നും മുളച്ചുവരുന്ന തെങ്ങിൻ തൈകൾക്ക് കുരങ്ങിന്റെ ആക്രമണമുണ്ടാകുന്നതിനാൽ ദിവസവും രാവിലെയും വൈകുന്നേരവും കാവൽ നിർത്തിയിരിക്കുകയാണെന്നും ആനയുടെ ശല്യമുണ്ടെന്നും വന്യമൃഗശല്യം വളരെ രൂക്ഷമാണെന്നും ഫാമിൽ റബർ കൃഷി ഇല്ലെന്നും ഡയറി യൂണിറ്റുണ്ടെന്നും ജില്ലാപഞ്ചായത്തിന്റെ പദ്ധതിയിൽ നടപ്പ് വർഷം നല്ലയിനം പശുക്കളെ വാങ്ങുന്നതിന് പുൽകൃഷി വിപുലീകരിക്കുന്നതിനായി സ്ഥലത്ത് നട്ടുപിടിപ്പിച്ചിരുന്ന പുല്ല് മുളച്ചുവന്നപ്പോൾ ആന കയറി ചവിട്ടി നശിപ്പിച്ചെന്നും കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു. വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**56. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**57. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ജില്ലാ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിഗണിക്കവേ ഫാം നടത്തുന്നതിനായി കൃഷി വകുപ്പിന് വിട്ടുനൽകിയ ഭൂമി വകുപ്പിന് കൈമാറിയിട്ടില്ലെന്നും ആയത് ഇപ്പോഴും വനഭൂമിയാണെന്നും ഭൂരിഭാഗം ഫാമുകൾക്കും ഈ ഒരു അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും ഫാമുകളുടെ ഒരു ഭാഗം വനമായിരിക്കുമെന്നും ഈ ഭാഗങ്ങൾ വനം വകുപ്പ് സ്ഥലപരിധി നിശ്ചയിച്ച് ജണ്ട സ്ഥാപിച്ചിട്ടുണ്ടെന്നും എന്നാൽ ഭൂമി**

വനം വകുപ്പ് കൈമാറ്റം ചെയ്ത് കൃഷി വകുപ്പിന് നൽകിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു.

58. ഡിജിറ്റൽ സർവെ നടത്തുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശം വനം വകുപ്പിന് എന്നായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നതെന്നും കൃഷി വകുപ്പിന്റെ കൈവശ ഭൂമിയിൽ ഡോക്യുമെന്റേഷൻ നടത്തിയില്ലെങ്കിൽ പിന്നീട് പ്രശ്നമുണ്ടാകുമെന്നും മിക്ക ഫാമുകൾക്കും കൃത്യമായ രേഖകളോ അളവുകളോ ഇല്ല എന്നത് വസ്തുതയാണെന്നും സമിതി വിലയിരുത്തുന്നു.

59. ഫാമുകളുടെ ഭൂമിയുടെ ഉടമസ്ഥാവകാശ പ്രശ്നപരിഹാരത്തിന് ജില്ലാപഞ്ചായത്തുകളും ഫാമുകളും മുൻകൈയെടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. 2010-11 കാലയളവിൽ കളക്ടർമാരോട് സർവെ നടത്തി വ്യവസ്ഥപ്പെടുത്താൻ തീരുമാനിച്ചതായി രേഖയിൽ കാണുന്നുണ്ടെങ്കിലും അതനുസരിച്ചുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ആസ്തിയായ ഫാമുകളുടെ പല സ്ഥലവും തരിശായികിടക്കുകയാണെന്നും അവ പൂർണ്ണമായും ഉപയുക്തമാക്കി സംസ്ഥാന താൽപ്പര്യത്തിനനുസരിച്ച് മാറ്റാൻ കഴിയുന്നില്ലെന്നും സമിതിക്ക് ബോധ്യപ്പെട്ടു. അക്കാര്യത്തിൽ കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി ഇടപെട്ട് പരിഹാരം കണ്ടെത്തേണ്ടതാണെന്ന് സമിതി വ്യക്തമാക്കുന്നു. കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ സംയുക്ത യോഗം ചേരണമെന്നും പ്രസ്തുത വിഷയം ചർച്ച ചെയ്ത് പൊതുവായ തീരുമാനമെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

60. കൊല്ലം ജില്ലയിലെ അഞ്ചൽ കൃഷി ഫാമിൽ 132.54 ഹെക്ടർ ഭൂമിയാണുള്ളതെന്നും അതിൽ നദിയുമായി ചേരുന്ന ഭാഗങ്ങളിലും റോഡുമായി ബന്ധപ്പെട്ടുവരുന്ന പ്രദേശങ്ങളിലും പ്രശ്നങ്ങൾ വരുന്നില്ലെന്നും തർക്കങ്ങൾ നിലനിൽക്കുന്ന വനവുമായി ബന്ധപ്പെട്ട പ്രദേശത്ത് ചർച്ച നടത്തി മാത്രമേ വേലിയോ ചുറ്റുമതിലോ സ്ഥാപിക്കാൻ സാധിക്കുകയുള്ളുവെന്നും വനവുമായി ബന്ധപ്പെട്ട എല്ലാ പ്രദേശങ്ങളിലും പ്രസ്തുത പ്രശ്നം നിലനിൽക്കുന്നതിനാൽ സമിതി ശിപാർശ നൽകുകയാണെങ്കിൽ ഉദ്യോഗസ്ഥർ മുൻകൈയെടുത്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അതിർത്തിയിൽ നിലനിൽക്കുന്ന തർക്കങ്ങൾ കൂടിയാലോചനയിലൂടെ പരിഹരിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം വിളിച്ച് ചേർക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. വനം, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി കൂടിയാലോചിച്ച് പ്രസ്തുത

വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

61. കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട 2011-12 കാലഘട്ടത്തിലെ ഓഡിറ്റ് പരാമർശത്തിന് ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാൻ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി തികച്ചും നിരുത്തരവാദപരമായ നിലപാടാണെന്ന് സമിതി വിലയിരുത്തുന്നു. ഭൂമി സംബന്ധിച്ച കൈവശരേഖയില്ലെന്ന് മാത്രമല്ല സ്വകാര്യ വ്യക്തികൾ ഭൂമി കൈയേറിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാതെ പുറമ്പോക്കിലെ കൈയേറ്റം തീരുമാനിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സമയബന്ധിതമായി ഭൂമിയിൽ സർവെ നടപടികൾ പൂർത്തിയാക്കി ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളിൽ വ്യക്തത വരുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. റവന്യൂ വകുപ്പിൽ ആവശ്യത്തിന് സർവെയർമാരില്ല എന്നുള്ള പ്രശ്നം നിലനിൽക്കുന്നതിനാൽ ആവശ്യമെങ്കിൽ പുറത്തുനിന്നും സർവെയർമാരെ നിയമിച്ച് സർവെ നടപടികൾ പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

63. കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമിന്റെ എഫ് ബ്ലോക്കിലുണ്ടായിരുന്ന നീർച്ചാൽ നികത്തിയത് പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും നടപ്പ് വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത ഭാഗത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്റ്റുത പ്രവൃത്തി പൂർത്തിയായി വരുന്നുണ്ടെന്നും നടപ്പ് വർഷത്തെ ജില്ലാപഞ്ചായത്ത് പദ്ധതിയിൽ ആയത് പൂർത്തിയാക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്നും കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

64. തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭൂമിയുടെ അതിര് നിർണ്ണയിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

65. ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷി ഫാം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമിയുടെ രേഖകളിൽ പുറമ്പോക്ക് ഭൂമി എന്ന്

രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സർക്കാരിന് ആയത് കൈവശപ്പെടുത്താൻ കഴിയില്ലെന്നും ദീർഘകാലമായി കൈവശം വച്ചിരിക്കുന്നവർക്ക് നഷ്ടപരിഹാരം കൊടുത്ത് ഒഴിവാക്കാൻ തയ്യാറാകണമെന്നും അഭിപ്രായപ്പെടുന്നു.

66. അരിക്കുഴ കൃഷി ഫാമിന്റെ അതിർത്തി നിർണ്ണയിക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി അതിർത്തി നിർണ്ണയിക്കുന്നതിൽ കാലപരിധി നിശ്ചയിക്കണമെന്നും അതിർത്തി നിർണ്ണയ കാര്യത്തിൽ കൃഷി, വനം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

67. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിത്തോട്ടത്തിന്റെ ചുറ്റുമതിലിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

68. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഒക്കൽ വിത്തുൽപാദന കേന്ദ്രത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

69. തൃശ്ശൂർ ജില്ലയിലെ നടുവരമ്പ് വിത്തുൽപാദന കേന്ദ്രത്തിന്റെ മുഴുവൻ സ്ഥലവും അതിർത്തി നിർണ്ണയിച്ച് കമ്പി വേലി കെട്ടി സംരക്ഷിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

70. തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തി പ്രശ്നപരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിക്കാത്തതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. പാണഞ്ചേരി സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർ നേരിട്ട് സർവെ ഓഫീസിൽ അന്വേഷണം നടത്തിയത് പത്ത് വർഷത്തിനുശേഷം മാത്രമാണെന്നും സമിതി ചൂണ്ടിക്കാട്ടുന്നു. പ്രസ്തുത വിഷയം സമയബന്ധിതമായി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

71. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ അനങ്ങനടി സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**72. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൂത്താളി കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫാം കൃഷിഭൂമികൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ല**

ഓരോ ജില്ലയിലെയും കാർഷികോത്പാദന വർദ്ധനവിനുള്ള പദ്ധതികൾക്ക് പിന്തുണ നൽകുക എന്നതാണ് കൃഷിഫാമുകളുടെ സ്ഥാപിതലക്ഷ്യം. ആയതിന് കൃഷിഫാമുകളുടെ കീഴിലുള്ള ഭൂമി മികച്ച രീതിയിൽ ഉപയുക്തമാക്കേണ്ടതുണ്ട്.

8-10-1996-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 310/96/കൃഷിയിലെ മാർഗ്ഗനിർദേശപ്രകാരം ഫാമിന്റെ പരിധിയിൽ വരുന്ന സ്ഥലം മറ്റു വകുപ്പുകൾക്കോ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കോ കൈമാറ്റം ചെയ്യാനോ, താൽക്കാലികമായ കൈവശാവകാശം നൽകുവാനോ പാടില്ല. എന്നാൽ ഫാം ഭൂമി മറ്റുപല ആവശ്യങ്ങൾക്കുമായി സർക്കാരിന്റെ പ്രത്യേക അനുമതി പ്രകാരം വിട്ടുനൽകിയിട്ടുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ജില്ല | ഫാം | ഭൂമി വിട്ടുനൽകിയതിന്റെ വിശദാംശങ്ങൾ |
|---|---|---|
| (1) | (2) | (3) |
| കൊല്ലം | കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാം | റോഡുവികസനത്തിനായി കടയ്ക്കൽ മാർക്കറ്റ് ജംഗ്ഷനിൽ ഫാം വക 30 സെന്റ് ഭൂമി പി.ഡബ്ല്യു.ഡി.-ക്ക് വിട്ടുനൽകിയിട്ടുണ്ട്. (28-5-2011-ലെ സർക്കാർ ഉത്തരവ് (കൈ.) 1002/2011) |
| കോട്ടയം | കോഴ, സ്റ്റേറ്റ് സീഡ് ഫാം | വില്ലേജ് ഓഫീസ് പണിയുന്നതിനായി 22.7 സെന്റ് സ്ഥലം റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. |
| | കോഴ, ജില്ലാ കൃഷിത്തോട്ടം | മൂന്നേക്കർ സ്ഥലം ഹോർട്ടികൾച്ചർ മിഷന്റെ കീഴിലുള്ള ഹോർട്ടിക്കോർപ്പിന് കൃഷി ചെയ്യുന്നതിനായി 15 വർഷത്തേക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. |

| (1) | (2) | (3) |
| --- | --- | --- |
| എറണാകുളം | വൈറ്റില കോക്കനട്ട് ഫാം | 25.23 ഏക്കർ വിസ്തൃതിയുള്ള ഗവൺമെന്റ് കോക്കനട്ട് ഫാമിൽ നിന്നും 1992-ൽ 18 ഏക്കർ സ്ഥലം കേരഫെഡിന്റെ പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുത്തു. ജി.ഒ (എം.എസ്.) 9/10 തീയതി 28-1-2010 പ്രകാരം ഫാം ഭൂമി മൊബിലിറ്റി ഹബ്ബിനായി കൈമാറി. ഇപ്പോൾ ഫാം മരട് അഗ്രികൾച്ചർ അർബൻ ഹോൾ സെയിൽ മാർക്കറ്റ് കോമ്പൗണ്ടിൽ താൽക്കാലികമായി പ്രവർത്തിക്കുന്നു. ഈ സ്ഥലം നഴ്സറിക്ക് അനുയോജ്യമായ ഫലഭൂയിഷ്ഠമായ സ്ഥലമല്ല. |
| പാലക്കാട് | മുതലമട ഫാം | 1.6 ഹെക്ടർ സ്ഥലം കേരള ഫീഡ്സ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. |
| | ആലത്തൂർ ഫാം | 2 ഹെക്ടർ സ്ഥലം വി.എഫ്.പി.സി.കെ. എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. |

ഇപ്രകാരം ഫാം ഭൂമി അന്യാധീനപ്പെടാതിരിക്കുവാൻ ജില്ലാപഞ്ചായത്തിന്റെയും ഫാമിന്റെയും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

വനമേഖലയോട് ചേർന്നു സ്ഥിതിചെയ്യുന്ന ഫാമുകളിൽ ഫലവൃക്ഷങ്ങളോടൊപ്പം വലിയ കാട്ടുമരങ്ങളും വളർന്നു നിൽക്കുന്നുണ്ട്. വന സംരക്ഷണ നിയമപ്രകാരം മരങ്ങൾ മുറിച്ചു മാറ്റുന്നതിന് നിയന്ത്രണമുള്ളതിനാൽ ഫാമിന്റെ കുറെ ഭാഗം കൃഷിക്ക് ഉപയുക്തമാക്കാൻ സാധിക്കുന്നില്ല. എന്നാൽ ഈ വൻമരങ്ങളുടെ അടിക്കാടുകൾ വെട്ടിമാറ്റി അനുയോജ്യമായ നാണ്യവിളകൾ കൃഷിചെയ്യാൻ ഉപയോഗിക്കേണ്ടതാണ്.

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷിഫാമിലെ 7-ാം ബ്ലോക്കിൽ മരിച്ചീനി, ചേന, ചേമ്പ്, കാച്ചിൽ എന്നിവയും വാഴയും കൃഷി ചെയ്യുന്നുണ്ട്. എന്നാൽ വന്യജീവികളുടെ ശല്യം തടയാൻ കമ്പിവേലിയോ, കിടങ്ങുകളോ സ്ഥാപിക്കാത്തതിനാൽ വ്യാപകമായ കൃഷിനാശം ഉണ്ടാകുന്നു. വനപ്രദേശത്തോട് ചേർന്നു കിടക്കുന്ന ഈ ബ്ലോക്കിൽ സംരക്ഷണഭിത്തി/ചുറ്റുമതിൽ/മുള്ളുവേലി എന്നിവയും കിടങ്ങുകളും സ്ഥാപിക്കേണ്ടത് കാർഷിക വരുമാനയിനത്തിലും കൃഷിച്ചെലവിനത്തിലും ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് അത്യാവശ്യമാണ്. ഏഴാം ബ്ലോക്കിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പരിഗണിച്ച് ഫലവൃക്ഷങ്ങളായ മാവ്, പുളി തുടങ്ങിയവയുടെ തോട്ടങ്ങൾ

ശാസ്ത്രീയമായി വളർത്തിയെടുക്കുന്നത് ഫാമിന് കുറഞ്ഞ ചെലവിൽ ഉയർന്ന വരുമാനം ലഭ്യമാക്കുന്നതിന് ഉതകുന്നതാണ്.

കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമിന്റെ പാടത്ത് കടയ്ക്കൽ ടൗണിൽ നിന്നുള്ള മലിനജലം ഓടവഴി എത്തിച്ചേരുന്നതിനാൽ 2 ഹെക്ടറോളം സ്ഥലത്ത് കൃഷിചെയ്യുവാനാകുന്നില്ല.

**നീരൊഴുക്ക് തടസ്സപ്പെട്ടു - പാടം തരിശ്ശായി**

റോഡ് വികസനത്തിനായി കടയ്ക്കൽ മാർക്കറ്റ് ജംഗ്ഷനിൽ ഫാം വക 30 സെന്റ് ഭൂമി പി.ഡബ്ല്യൂ.ഡി.-ക്ക് 28-5-2011-ലെ സ.ഉ.(കൈ.) 1002/2011 നമ്പർ ഉത്തരവ് പ്രകാരം വിട്ടുനൽകിയിട്ടുണ്ട്. ഫാമിന്റെ അതിർത്തി നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പ് മതിൽ കെട്ടി നൽകുക, നിലവിലെ ഡ്രൈനേജ് സംവിധാനം തടസ്സപ്പെടുത്താതെ റോഡിന്റെ വികസനം നടത്തുക എന്നീ നിബന്ധനകളോടെയാണ് കൃഷി വകുപ്പ് ഭൂമി വിട്ടുനൽകിയത്. പൊതുമരാമത്ത് വകുപ്പ് റോഡ് വികസനം പൂർത്തിയാക്കിയെങ്കിലും മേൽപ്പറഞ്ഞ രണ്ട് നിബന്ധനകളും പാലിച്ചില്ല. റോഡ് വികസനത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച കലുങ്കിനടിയിൽ ഫാമിൽ നിന്നുള്ള തോടിന്റെ തറ നിരപ്പിനേക്കാൾ ഉയരത്തിൽ കരിങ്കല്ലു പാകിയിരിക്കുന്നതിനാൽ തോട്ടിൽ മണ്ണ് അടിഞ്ഞുകൂടുകയും നെൽപ്പാടത്തിൽ നിന്നും ജലം സുഗമമായി ഒഴുകി പോകാതെ ചതുപ്പാകുകയും ചെയ്തു. തന്മൂലം എ ബ്ലോക്കിൽ 4 സീസണായി നെൽകൃഷി ചെയ്യാനാകാത്ത അവസ്ഥയാണ്. ഇക്കാര്യം 10-7-2011-ലെ കെ.സി.എൽ./68/2012 കത്ത് വഴി പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചുവെങ്കിലും നടപടിയൊന്നുമുണ്ടായില്ല. കലുങ്കിനടിയിൽ സ്ഥാപിച്ചിട്ടുള്ള കരിങ്കല്ല് മാറ്റുന്നതിനും തോടിന്റെ ആഴം കൂട്ടുന്നതിനും നടപടിയുണ്ടായില്ലെങ്കിൽ എ ബ്ലോക്കിലെ നെൽകൃഷി പുനരാരംഭിക്കുവാനാകില്ല.

**നെൽപ്പാടം നികത്തൽ-ഫാമിന്റെ നിലനിൽപ്പ് അപകടത്തിൽ**

സ്വകാര്യ വ്യക്തി നെൽപ്പാടം നികത്തുന്നതുമൂലം പത്തനംതിട്ട പുല്ലാട് സീഡ് ഫാമിന്റെ നിലനിൽപ്പ് അപകടത്തിലായി. ഫാം നിലങ്ങളുടെ മധ്യേ സ്ഥിതി ചെയ്യുന്ന 10 ഏക്കർ സ്വകാര്യ നിലം അക്വയർ ചെയ്യാൻ മുൻകാലങ്ങളിൽ ശ്രമം നടന്നിരുന്നു. നിലം സർക്കാരിന് നൽകാം എന്ന് 13-3-1995-ൽ നിലമുടമകളിൽ നിന്ന് എഴുതി വാങ്ങിയിട്ടുണ്ട്. എന്നാൽ 1996-ൽ നിലം ഒരു സ്വകാര്യ വ്യക്തി വാങ്ങുകയും നിലം മൊത്തമായി മണ്ണിട്ട് നികത്തുകയും ചെയ്തു. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 1-6-1996-ലെ റ്റി.എ.(6) 258 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിലം നികത്താൻ അനുമതി ലഭ്യമാക്കിയത്. ഫാമിന്റെ മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന സ്വകാര്യ നിലം നികത്തിയതിനാൽ

പാടശേഖരത്തിലെ പരമ്പരാഗത ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടുകയും ഇതിന്റെ ഫലമായി സീഡ് ഫാമിലെ 'F' ബ്ലോക്ക് പൂർണ്ണമായും, 'E' ഭാഗികമായും കൃഷിയോഗ്യമല്ലാതായിത്തീരുകയും ചെയ്തു. നിലം നികത്തലിനെതിരെ ഫാം സ്ഥിതി ചെയ്യുന്ന കോയിപ്രം ഗ്രാമപഞ്ചായത്ത് 1997 ജൂൺ 9-ാം തീയതി കമ്മിറ്റിയുടെ 8-ാം നമ്പർ തീരുമാന പ്രകാരം ശക്തമായ നിലപാട് എടുത്തിട്ടുണ്ട്. കൂടാതെ തദ്ദേശവാസികൾ പുല്ലാട് സീഡ് ഫാം സംരക്ഷണ സമിതി രൂപീകരിച്ച് നിലം നികത്തലിനെതിരെ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ബഹു. ഹൈക്കോടതിയിൽ ഒ.പി. നമ്പർ 17758/96 ആയി കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലം നികത്തൽ സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വ്യാപകമായി റിപ്പോർട്ടുകൾ വന്നിട്ടുണ്ട്.

ഫാമിന്റെ നിലനിൽപ്പ് അപകടത്തിലായതിനാൽ ഫാമിന്റെ ഉള്ളിൽപ്പെട്ട സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുക്കാനുള്ള നടപടി കൈക്കൊള്ളാൻ 25-6-1999-ൽ കൃഷി ഡയറക്ടർ റ്റി.എച്ച്.(1) 34265/96 നമ്പർ കത്ത് പ്രകാരം കൃഷി (ഫാംസ്) വകുപ്പ് സെക്രട്ടറിയോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ഇതേ തുടർന്ന് തൻവർഷം തുടങ്ങിയ ലാന്റ് അക്വിസിഷൻ നടപടികൾ 9-7-2010-ൽ മാത്രമാണ് പൂർത്തിയായത്. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഫലപ്രദമായ യാതൊരു ഇടപെടലും ജില്ലാപഞ്ചായത്ത് നടത്തിയിട്ടില്ല. പൊന്നുംവില നടപടിയുടെ ഭാഗമായ അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് പ്രകാരം 4.05 ഹെക്ടർ ഭൂമിക്ക് 80 ലക്ഷം രൂപ 15-12-2010-നകം നൽകാൻ ആവശ്യപ്പെടുകയും തുക അനുവദിച്ചില്ലെങ്കിൽ നടപടി 'ഡിനോവോ' ആകുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു. ഈ വിവരങ്ങൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ യഥാസമയം ജില്ലാപഞ്ചായത്തിനെ അറിയിച്ചതായി കാണുന്നു (27-7-2010, 26-11-2010 എന്നീ തീയതികളിലെ റ്റി.എ.(2) 2244/99 നമ്പർ കത്തുകൾ). എന്നാൽ ജില്ലാപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള നടപടികളിലുള്ള കാലതാമസംമൂലം പൊന്നുംവില നടപടി പൂർത്തീകരിക്കാൻ സാധിച്ചില്ല. ആയതിന്റെ പരിണിത ഫലമായി 2010 ആയപ്പോഴേക്കും പ്രസ്തുത സ്ഥലം കൃഷിക്ക് ഉപയുക്തമല്ലാതായി തീരുകയും ഏറ്റെടുക്കൽ നടപടി ഉപേക്ഷിക്കേണ്ടി വരികയും ചെയ്തു.

കോഴിക്കോട് ജില്ലാപഞ്ചായത്തിനു കീഴിലുള്ള തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രത്തിലെ ഒരേക്കർ 19 സെന്റ് വിസ്തീർണ്ണമുള്ള പ്ലോട്ട് തെങ്ങിൻ തൈകൾ മുളപ്പിക്കുന്നതിനായി ഇതുവരെയും പ്രയോജനപ്പെടുത്തിയിട്ടില്ല. കൃഷി വകുപ്പ് സമാഹരിച്ചു നൽകുന്ന വിത്തു തേങ്ങകൾ മാത്രമാണ് ഇവിടെ പ്രയോജനപ്പെടുത്തുന്നത്. എന്നതിനാൽ ലഭ്യമായ ഭൂമിയുടെ നല്ലൊരു ഭാഗം ഉപയോഗിക്കാതെ കിടക്കുന്നു. ഈ വിത്തുൽപാദന കേന്ദ്രം ആരംഭിച്ച വർഷം ഉണ്ടായിരുന്ന 90% വിത്തുൽപാദനം 2011-12 വർഷത്തിൽ 67% മാത്രമായി ചുരുങ്ങിയിട്ടുണ്ട്.

ഫാമുകളിലെ ഭൂമി പൂർണ്ണമായും കൃഷിക്ക് ഉപയുക്തമാക്കുന്നതിന് ഫാമധികാരികളും ജില്ലാപഞ്ചായത്തധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

73. കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ഡ്രെയിനേജ് സംവിധാനം പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും ഓട നിർമ്മിച്ചിട്ടുള്ളതിനാൽ ജലം കാര്യക്ഷമമായി എല്ലാ സ്ഥലത്തും എത്തിക്കാൻ സാധിക്കുന്നുണ്ടെന്നും നിലവിൽ തരിശ് ഭൂമിയില്ലെന്നും കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

74. റോഡ് വികസനത്തിനായി സ്ഥലം വിട്ടുനൽകിയപ്പോൾ സർക്കാർ ഉത്തരവു പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ലെന്നുള്ള ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞു. റോഡ് വികസനത്തിനായി ഫാമിന്റെ 30 സെന്റ് ഭൂമി പി.ഡബ്ല്യു.ഡി.-ക്ക് വിട്ടുകൊടുത്തപ്പോൾ അതിർത്തി നിർണ്ണയിച്ച് മതിൽ കെട്ടണമെന്ന് നിഷ്കർഷിച്ചിരുന്നെങ്കിലും തടമതിൽ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്നും ജില്ലാപഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് തടമതിലിന് മുകളിലായി കമ്പിവേലി നിർമ്മിച്ചിട്ടുള്ളതിനാൽ അതിർത്തി വിഷയം നിലനിൽക്കുന്നില്ലെന്നും നീർവാഴ്ചാ സൗകര്യത്തിനായി ഫാമിൽ നിന്നുള്ള തോടിന്റെ തറനിരപ്പിനേക്കാളും ഉയരത്തിലാണ് പൊതുമരാമത്ത് വകുപ്പ് കലുങ്ക് നിർമ്മിച്ചിട്ടുള്ളതെന്നും എന്നിരുന്നാലും ചാലുകൾ കാര്യക്ഷമമാക്കുകയും തോടിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തതിനാൽ ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമാണെന്നും അവിടെ മുഴുവൻ സ്ഥലത്തും നെൽകൃഷി ചെയ്യുന്നുണ്ടെന്നും കടയ്ക്കൽ സീഡ് ഫാം സൂപ്രണ്ട് മറുപടി നൽകി.

75. വകുപ്പിന്റെ വിശദീകരണം അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

76. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കോഴ, സ്റ്റേറ്റ് സീഡ് ഫാം, കോഴ ജില്ലാ കൃഷിത്തോട്ടം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

77. എറണാകുളം ജില്ലയിലെ വൈറ്റില കോക്കനട്ട് ഫാമിന്റെ സ്ഥലപരിമിതിയെക്കുറിച്ചും തൊഴിലാളികളുടെ സ്ഥിതിയെക്കുറിച്ചും സമിതി ആരാഞ്ഞതിന്, മൊബിലിറ്റി ഹബ്ബിനായി വിട്ടുനൽകിയ ഭൂമിക്ക് പകരം സ്ഥലം ഏറ്റെടുത്ത് നൽകണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ മാസവും ഓർമ്മക്കുറിപ്പ് അയച്ചപ്പോൾ പകരം നൽകാൻ ഭൂമിയില്ലെന്ന മറുപടിയാണ്

ലഭിച്ചതെന്നും ഫാമിന്റെ തൊഴിലാളികൾ താൽക്കാലിക സ്ഥലത്ത് ജോലി ചെയ്യുന്നുണ്ടെന്നും പ്രധാനപ്പെട്ട ഭാഗം മുഴുവൻ മൊബിലിറ്റി ഹബ്ബിനായി കൈമാറിയിട്ടുണ്ടെന്നും ബാക്കി ഭൂമി കൂടി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണെന്നും ഫാം നിലവിൽ മരട് ഹോൾസെയിൽ മാർക്കറ്റ് കോമ്പൗണ്ടിൽ താൽക്കാലികമായി പ്രവർത്തിച്ചുവരികയാണെന്നും ഒരേക്കർ സ്ഥലത്ത് തെങ്ങിൻതൈ നഴ്സറി യൂണിറ്റായതിനാൽ പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യുന്നില്ലെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. കൃഷിഭവനുകൾ സ്വകാര്യ നഴ്സറികളെ ആശ്രയിക്കുന്നില്ലെന്നും കൃഷി വകുപ്പിന്റെ നഴ്സറിയിൽ നിന്നുള്ള ഉൽപന്നം സർക്കാർ മുഖേനയാണ് വിതരണം ചെയ്യുന്നതെന്നും പ്രധാനമായും തെങ്ങിൻ തൈയാണ് വിതരണം ചെയ്യുന്നതെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

78. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

79. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ മുതലമട, ആലത്തൂർ എന്നീ ഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

80. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

81. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നീരൊഴുക്ക് തടസ്സപ്പെട്ട-പാടം തരിശ്ശായി എന്ന ഓഡിറ്റ് ഖണ്ഡികയിലെ കൊല്ലം ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

82. നെൽപ്പാടം നികത്തൽ-ഫാമിന്റെ നിലനിൽപ്പ് അപകടത്തിൽ എന്ന ഓഡിറ്റ് ഖണ്ഡികയിലെ പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാമിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ഫാമിലെ സ്വകാര്യ നിലം നികത്തിയതിനാൽ പാടശേഖരത്തിലെ ജലനിർഗ്ഗമനമാർഗ്ഗങ്ങൾ തടസ്സപ്പെട്ടുവെന്നും നിലവിൽ കൃഷി ചെയ്യാൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നും ആയതിനാൽ ഏറ്റെടുത്ത പദ്ധതികളെല്ലാം ഉപേക്ഷിച്ചിരിക്കുകയാണെന്നും സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള ഭൂമി 8 അടിയോളം ഉയരത്തിൽ പാറ കെട്ടി അതിർത്തി തിരിച്ചിട്ടുള്ളതും പ്രസ്തുത സ്ഥലത്ത് റബ്ബർ മരങ്ങൾ നട്ടുവളർത്തിയിട്ടുള്ളതുമാണെന്നും പ്രസ്തുത സ്ഥലം പൂർവ്വസ്ഥിതിയിലാക്കാൻ കഴിയാത്ത സാഹചര്യമാണെന്നും യഥാസമയം നടപടി സ്വീകരിക്കാത്തതുകൊണ്ടാണ് പൊന്നുംവിലയ്ക്കെടുക്കാൻ സാധിക്കാതിരുന്നതെന്നും പത്തനംതിട്ട ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ബന്ധപ്പെട്ട

ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുള്ളതാണെന്നും അഞ്ചേക്കർ ഭൂമിയുള്ള 'എഫ് ' ബ്ലോക്കിൽ ജലം സുഗമമായി ഒഴുകിപ്പോകാത്തതുകാരണം ചതുപ്പുനിലമായി മാറിയതിനാൽ നെൽ കൃഷി ചെയ്യാൻ സാധിക്കില്ലെന്നും പോളപായൽ കയറി ചതുപ്പായി കിടക്കുന്ന പ്രദേശമായതിനാൽ പ്രസ്തുത സ്ഥലം മത്സ്യകൃഷിക്കായി വൃത്തിയാക്കുന്നതിന് വലിയ തുക ആവശ്യമായി വരുമെന്നും ഇക്കാര്യം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും പത്തനംതിട്ട ജില്ലാപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

83. 'ഇ' ബ്ലോക്ക് കൃഷിയോഗ്യമാക്കിയിട്ടുണ്ടെന്നും 'എഫ്' ബ്ലോക്കിൽ വെള്ളം ഒഴുകിപ്പോകാത്തതിനാൽ മത്സ്യക്കുളം നിർമ്മിക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

84. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

85. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**86. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**87. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കോഴ സ്റ്റേറ്റ് സീഡ് ഫാം, കോഴ ജില്ലാ കൃഷിത്തോട്ടം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**88. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ വൈറ്റില കോക്കനട്ട് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**89. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ മുതലമട, ആലത്തൂർ എന്നീ ഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**90. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**91. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നീരൊഴുക്ക് തടസ്സപ്പെട്ടു - പാടം തരിശായി എന്ന ഓഡിറ്റ് ഖണ്ഡികയിലെ കൊല്ലം ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**92. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടിയുടെയും കൃഷി വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**93. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കെട്ടിട സൗകര്യങ്ങൾ അപര്യാപ്തം**

തനതു ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് ജില്ലാപഞ്ചായത്തുകൾ ഫാമുകളുടെ വികസന പ്രവർത്തനങ്ങൾ നടത്തണം. ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റുവികസന പ്രവർത്തനങ്ങൾക്കും കൃഷി വകുപ്പിന്റെ ഫണ്ട് കൂടാതെ സ്റ്റേറ്റ് ഹോർട്ടി കൾച്ചറൽ മിഷൻ, ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നിവയുടെ ഫണ്ടും ലഭിക്കുന്നുണ്ട്. എന്നാൽ പ്രവർത്തനക്ഷമതാ പരിശോധനയിൽ, പല ഫാമിലും കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത ഫാമുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായി തെളിഞ്ഞു. വിവരങ്ങൾ താഴെ ചേർക്കുന്നു:.

1. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷിഫാമിൽ വിത്തും, വളവും മറ്റു ഉൽപന്നങ്ങളും നശിച്ചുപോകുന്ന അവസ്ഥ ഇപ്പോൾ ഇല്ലെങ്കിലും ഫാമിലെ കെട്ടിട സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ സ്റ്റോറേജ് സംവിധാനവും ക്വാർട്ടേഴ്സുകളും മെച്ചപ്പെടുത്തേണ്ടതാണ്. ജീവനക്കാർക്കായി പണിത 5 ക്വാർട്ടേഴ്സുകൾ മതിയായ സംരക്ഷണമില്ലാത്തതുകൊണ്ട് ജീർണ്ണിച്ചു കഴിഞ്ഞു. ക്വാർട്ടേഴ്സുകളുടെ അഭാവം ഫാമിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാണ്.

2. കൊല്ലം ജില്ലാപഞ്ചായത്തിന് കീഴിലുള്ള അഞ്ചൽ ജില്ലാ കൃഷി ഫാമിലും, കരുനാഗപ്പള്ളി തെങ്ങിൻതൈ ഉൽപാദനകേന്ദ്രത്തിലും വിത്തുകളും, ഫാം ഉൽപന്നങ്ങളും സൂക്ഷിക്കുന്നതിന് കെട്ടിടങ്ങൾ ഇല്ല. സ്റ്റോറേജ് സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി ജില്ലാപഞ്ചായത്ത് നാളിതുവരെ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

3. പത്തനംതിട്ട ജില്ലാപഞ്ചായത്തിന് കീഴിലുള്ള അടൂർ കൃഷിഫാമിന്റെ സീഡ് സ്റ്റോർ ജീർണ്ണാവസ്ഥയിലാണ്. മഴക്കാലങ്ങളിൽ സ്റ്റോർ ചോർന്നൊലിക്കുന്നതിനാൽ വിത്തുകൾ കേടാകാതെ സൂക്ഷിക്കുന്നതിന് ഏറെ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. എന്നാൽ സ്റ്റോറിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഇതുവരെ നടപടിയെടുത്തിട്ടില്ല. ഫാം ക്വാർട്ടേഴ്സ് കെട്ടിടം കൃഷിഭവന് വിട്ടുകൊടുത്തിരിക്കുകയാണ്.

4. പത്തനംതിട്ട പുല്ലാട് സീഡ് ഫാമിലെ കെട്ടിടസൗകര്യങ്ങൾ അപര്യാപ്തമാണ്. വളം സ്റ്റോർ ജീർണ്ണിച്ച അവസ്ഥയിലാണ്. സീഡ് സ്റ്റോർ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി ഇല്ലാതെ ചോർന്നൊലിക്കുന്ന നിലയിലാണ്. മഴ സമയത്ത് ടാർപോളിൻ മൂടിയാണ് വിത്ത് സംരക്ഷിക്കുന്നത്. തൊഴിലാളികളുടെ വിശ്രമകേന്ദ്രമായ 850 ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടം വർഷങ്ങളായി അറ്റകുറ്റപ്പണി നടത്താതെ കാട് കയറി കിടക്കുകയാണ്. നാശോന്മുഖമായ അവസ്ഥയിൽ ഒരു പഴയ ഓഫീസ് കെട്ടിടവും ഉപയോഗിക്കപ്പെടാതെ സ്ഥിതി ചെയ്യുന്നു. ഈ കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ജില്ലാപഞ്ചായത്ത് അടിയന്തരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിത്തുകളുടെയും തൈകളുടെയും ഉൽപാദനത്തിന് 11-ാം പദ്ധതി കാലയളവിൽ ലക്ഷങ്ങൾ ചെലവിട്ട് സ്ഥാപിക്കപ്പെട്ട മൂന്ന് ഗ്രീൻഹൗസുകൾ നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കാതെ അവശേഷിക്കുന്നു.

5. ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമിന്റെ പുരോഗതിക്ക് ജില്ലാപഞ്ചായത്തിന്റെ സഹകരണം ഉണ്ടായിട്ടില്ല. കെട്ടിടങ്ങൾക്കും കാർഷിക ഉപകരണങ്ങൾക്കും ഇപ്പോഴും കൃഷിവകുപ്പിനെ ആശ്രയിക്കേണ്ടി വരുന്നു. ഇടുക്കി ജില്ലാപഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് കൃഷിഫാം കെട്ടിടങ്ങളുടെയും മറ്റ് ആസ്തികളുടെയും സംരക്ഷണത്തിനായി വിനിയോഗിക്കുന്നില്ല. വിവിധ നഴ്സറികൾക്കായി 14,64,878 രൂപ 2010-11-ലും സ്പിൽ ഓവറായി അതേ തുക 2011-12-ലും വകയിരുത്തിയിരുന്നെങ്കിലും പദ്ധതികൾ നടപ്പാക്കിയില്ല.

6. ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള മാവേലിക്കര കൃഷിഫാമിലെ 6 വളം സംരക്ഷണ ശാലകളും നാശോന്മുഖമായ അവസ്ഥയിലാണ്. ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങുന്ന വളം മഴ പെയ്താൽ നനയുന്നതും ഷട്ടറുകൾ ഇല്ലാത്തതുമായ സംഭരണശാലകളിലാണ് സൂക്ഷിക്കുന്നത്. 'എ' ബ്ലോക്കിന്റെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്ന വളം നനഞ്ഞ് ഉപയോഗശൂന്യമായിരിക്കുകയാണ്. വിവരങ്ങൾ ഫാം സൂപ്രണ്ട് ജില്ലാപഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികൾ കൈക്കൊണ്ടിട്ടില്ല.

7. എറണാകുളം ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഒക്കൽ സീഡ് ഫാമിൽ കാർഷിക യന്ത്രങ്ങൾ സൂക്ഷിക്കാൻ അടച്ചുറപ്പുള്ള ഷെഡുകൾ ഒന്നും തന്നെയില്ല. വിത്തുൽപന്നങ്ങൾ ഉണക്കി സൂക്ഷിക്കാനുള്ള ഷെഡുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണ്. വൈദ്യുതി, വെള്ളം എന്നിവ ലഭ്യമല്ലാത്തതിനാൽ ക്വാർട്ടേഴ്സുകൾ ഉപയോഗിക്കുന്നില്ല.

8. ആലുവ വിത്തുൽപാദനകേന്ദ്രത്തിലെ സ്റ്റോറുകളും ജീർണ്ണാവസ്ഥയിലാണ്. അതിനാൽ ഉൽപാദിപ്പിക്കപ്പെടുന്ന വിത്തുകൾ മുഴുവൻ സംഭരിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വെള്ളം, വൈദ്യുതി എന്നിവ ഇല്ലാത്തതുമൂലം ക്വാർട്ടേഴ്സുകൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഫാമിലെ കരാർ/കാഷ്വൽ ജീവനക്കാർക്ക് പണിയായുധങ്ങൾ സൂക്ഷിക്കാനുള്ള ഷെഡ്ഡോ, പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യമോ ഇല്ല. ജൈവകൃഷി രീതികളിൽ പരിശീലനം നൽകുന്നതിനുവേണ്ടി ഒരു പ്രൊജക്ടർ വാങ്ങിയിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യം ഇല്ലാത്തതിനാൽ സ്ഥാപിക്കാനായിട്ടില്ല.

9. തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള പാണഞ്ചേരി വിത്തുൽപാദന കേന്ദ്രത്തിൽ സ്റ്റോറേജ് സംവിധാനത്തിലെ അപര്യാപ്തത കാരണം വിത്തുകളുടെ ബീജാങ്കുരണശേഷി നഷ്ടപ്പെടുവാൻ സാധ്യതകളേറെയാണ്. നടവരമ്പ് വിത്തുൽപാദന കേന്ദ്രത്തിലുള്ള ഓഫീസ് കെട്ടിടം, സ്റ്റോർ മുറികൾ, ക്വാർട്ടേഴ്സുകൾ എന്നിവ ചോർന്നൊലിക്കുന്നതിനാൽ അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമാണ്.

**ഓഫീസ് കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടില്ല**

തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാം ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 2006-ൽ ആരംഭിച്ചതാണ്. 4,78,327 രൂപ എസ്റ്റിമേറ്റിന് ശ്രീ. സി. എ. ആന്റോ എന്നയാളുമായി കരാറിലേർപ്പെട്ട് 27-12-2006-ന് ആരംഭിച്ച പ്രവൃത്തി താഴത്തെ നിലയുടെ മേൽക്കൂര കോൺക്രീറ്റിംഗ് വരെയുള്ളത് മാത്രം പൂർത്തീകരിച്ച് ഉപേക്ഷിച്ചു. പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ സെക്യൂരിറ്റി തുകയായ 24,000 രൂപ പലിശ സഹിതം 30,831 രൂപ ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ശേഷിക്കുന്ന പ്രവൃത്തിക്ക് 7,95,000 രൂപ വകയിരുത്തി ശ്രീ. പി. കെ. ബേബി എന്നയാളുമായി കരാറിലേർപ്പെടുകയും പാർട്ട് ബില്ലായി 2,79,532 രൂപ 23-4-2012-ന് നൽകുകയും ചെയ്തിട്ടുണ്ട്. ഒന്നാം നിലയുടെ മേൽക്കൂര വരെയുള്ള പ്രവൃത്തി നടത്തിയതിന് ശേഷമാണ് കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചത്. ശേഷിക്കുന്ന പ്രവൃത്തിക്ക് 31-8-2009-ന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചുമാറ്റിയപ്പോൾ ലഭിച്ച മരഉരുപ്പടികൾ പുനരുപയോഗം സാധ്യമല്ലാത്തവിധം നശിച്ചുപോയിരിക്കുന്നു. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായ കെട്ടിടത്തിൽ വൈദ്യുതി ലഭ്യമായിട്ടില്ലാത്തതിനാൽ കെട്ടിടം ഉപയോഗപ്പെടുത്തിയിട്ടില്ല. കെട്ടിടം ഉപയോഗിക്കാതെ തന്നെ ജനലുകളും വാതിലുകളും ചിതലെടുത്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**കസ്റ്റം ഹയറിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല**

കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനത്തിലും, അറ്റകുറ്റപ്പണിയിലും, കർഷകർക്കും തൊഴിൽ രഹിതരായ യുവാക്കൾക്കും പരിശീലനം നൽകുക, കാർഷിക പ്രവർത്തനത്തിന് ആവശ്യമായ യന്ത്രസാമഗ്രികൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ മണ്ണുത്തി കൃഷിഫാമിൽ കസ്റ്റം ഹയറിഗ് സെന്റർ ആരംഭിക്കുന്നതിന് 27-2-2009-ൽ ജി.ഒ.(ആർ.ടി.)316/09/എ.ഡി. പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. അനുപ്രകാരം കാർഷികോപകരണങ്ങളും യന്ത്രങ്ങളും സൂക്ഷിക്കുന്നതിന് ഷെഡ് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ യന്ത്രങ്ങൾ പ്രവേശിപ്പിക്കുന്നതിനാവശ്യമായ റാംമ്പ് നിർമ്മിച്ചിട്ടില്ലാത്തതിനാൽ ഷെഡിൽ യന്ത്രങ്ങൾ സൂക്ഷിക്കാനായിട്ടില്ല. ഷെഡ് നിർമ്മിക്കുന്നതിന് മണ്ണുത്തി ഫാമിലെ 4 ക്വാറന്റയിൻ ഷെഡുകൾ പൊളിച്ചു നീക്കിയിട്ടുണ്ട്. ഇവ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

പാലക്കാട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള മുതലമട, കോങ്ങാട് കൃഷിഫാമുകളിലെ ക്വാർട്ടേഴ്സുകൾ ഉപയോഗശൂന്യമാണ്. ആലത്തൂർ, അനങ്ങനടി ഫാമുകളിലെ ക്വാർട്ടേഴ്സുകൾക്കും അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട്. അനങ്ങനടി ഫാമിലെ ഉൽപന്നങ്ങൾ പ്രാദേശികമായി വിറ്റഴിക്കുന്നതിനായി 2010-11 വർഷത്തിൽ 10 ലക്ഷത്തോളം രൂപ ചെലവിട്ട് പൂർത്തീകരിച്ച കെട്ടിടം വൈദ്യുതീകരിക്കാത്തതിനാൽ നാളിതുവരെ തുറന്നു പ്രവർത്തിച്ചിട്ടില്ല. ഫാമിൽ വളം സൂക്ഷിക്കാൻ പുതിയ ഗോഡൗൺ പണിയേണ്ടതുണ്ട്. ആലത്തൂർ കൃഷി ഫാമിൽ ട്രാക്ടർ ഷെഡ് ആവശ്യമാണ്. ഫാമിലെ ഉൽപന്നങ്ങൾ നേരിട്ട് കൃഷിക്കാർക്ക് നൽകുവാൻ ഒരു സെയിൽസ് കൗണ്ടർ പണിയേണ്ടതുണ്ട്. കോങ്ങാട് കൃഷിഫാമിൽ തൊഴിലാളികൾക്ക് വിശ്രമിക്കുവാനും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാനുമുള്ള കെട്ടിടം ആവശ്യമാണ്. മുതലമട ഫാമിൽ യന്ത്രങ്ങൾ സൂക്ഷിക്കുവാൻ ഒരു ഷെഡിന്റെ ആവശ്യകത ഉണ്ട്.

മലപ്പുറം ചുങ്കത്തറ കൃഷിഫാമിലെ ജീവനക്കാർക്ക് വേണ്ടി നിർമ്മിച്ച 8 ക്വാർട്ടേഴ്സുകളിൽ രണ്ടെണ്ണം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. സംരക്ഷണമില്ലാതെ നശിച്ച ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റേണ്ട അവസ്ഥയാണ്.

മലപ്പുറം ചോക്കാട് സീഡ് ഫാമിൽ തൊഴിലാളികളുടെ വിശ്രമ റൂം, സ്റ്റോർ റൂം എന്നിവ കാലപ്പഴക്കവും അറ്റകുറ്റപ്പണിയുടെ അഭാവം മൂലവും ഉപയോഗയോഗ്യമല്ല. ഫാമിലെ മിക്ക കെട്ടിടങ്ങളും അറ്റകുറ്റപ്പണികൾ കൊണ്ടുപോലും ഉപയോഗിക്കാൻ സാധിക്കാത്തവണ്ണം നാശാവസ്ഥയിലാണ്. ഓഫീസ് കെട്ടിടത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. കമ്പ്യൂട്ടർ, ടൈപ്പ്റൈറ്റർ എന്നിവയൊന്നും തന്നെ ഓഫീസിൽ ഇല്ല.

കോഴിക്കോട് ജില്ലയിലെ കുത്താളി കൃഷിഫാമിലെ കെട്ടിട സൗകര്യങ്ങൾ ഫാമിന്റെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണ്. എന്നാൽ ഫാമിന്റെ ആവശ്യകത നിർണ്ണയിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഫാമിൽ നിന്ന് 3 കിലോമീറ്റർ മാത്രം അകലെയുള്ള കേന്ദ്ര സുഗന്ധവിള ഗവേഷണസ്ഥാപനത്തിൽ കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ഹോം സയൻസ് എന്നീ വിഷയങ്ങളിൽ സൗജന്യ താമസ, ഭക്ഷണ സൗകര്യത്തോടെ പരിശീലനം നൽകി വരുന്നുണ്ട്. ജില്ലയിലെ കർഷർക്ക് ഈ പരിശീലന സ്ഥാപനത്തിലെ സൗകര്യങ്ങൾ ലഭ്യമാക്കാമെന്നിരിക്കെ കർഷകർക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ഒരു കോടിയോളം രൂപ ചെലവിൽ ഒരു ട്രെയിനിംഗ് സെന്റർ ഫാമിൽ നിർമ്മിച്ചിരിക്കുന്നു. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ സെന്റർ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. ഈ കെട്ടിടനിർമ്മാണം ആവശ്യകത പരിഗണിക്കാതെയുള്ള പദ്ധതിയായി കരുതേണ്ടിയിരിക്കുന്നു. ഇതിനുപുറമേ ട്രെയിനിംഗ് ഉപയോഗത്തിനായി അറ്റകുറ്റപ്പണി നടത്തിയ പഴയ ഓഫീസ് കെട്ടിടത്തിന് ചെലവഴിച്ച തുകയും, ട്രെയിനിംഗ് ആവശ്യത്തിനായി 5 ലക്ഷത്തോളം രൂപ ചെലവിൽ വാങ്ങിയ ഫർണിച്ചറുകളും അനുബന്ധ സാമഗ്രികളും പാഴാവുകയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്ത് നിർവ്വഹണം നടത്തുമ്പോൾ അവയുടെ ആവശ്യകത, കെട്ടിടങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് ഫാം അധികൃതരുമായി കൂടിയാലോചിക്കാറില്ലെന്ന് ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫാമിന് കൈമാറുന്നില്ല എന്നതും വീഴ്ചയാണ്.

കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രത്തിൽ ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ലാത്ത പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷൻ (എതിർ പ്രാണി വളർത്തൽ കേന്ദ്രം) നാശോന്മുഖമായ അവസ്ഥയിൽ നിലകൊള്ളുന്നു. ബ്ലോക്ക് അസിസ്റ്റന്റ് കൃഷി ഡയറക്ടറുടെ ഓഫീസ്, തിക്കോടി കൃഷി ഓഫീസറുടെ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നത് ഫാം ഭൂമിയിലാണ്. ഇത് നഴ്സറിയുടെ നടത്തിപ്പിനാവശ്യമായ ഓഫീസ്/കെട്ടിട സൗകര്യം കുറയാനിടയാകുന്നു. നാശാവസ്ഥയിലുള്ള ക്വാർട്ടേഴ്സ്, പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ കെട്ടിടം, ഫെർട്ടിലൈസർ സ്റ്റോർ എന്നിവ പുതുക്കി പണിത് പ്രയോജനപ്പെടുത്തുകയോ അല്ലെങ്കിൽ അവ പൊളിച്ച് മാറ്റി ഈ സ്ഥലത്ത് ഫാം നടീൽ വസ്തുക്കളുടെ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

കണ്ണൂർ പാലയാട് തെങ്ങിൻതൈ ഉൽപാദന കേന്ദ്രത്തിലെ കെട്ടിട സൗകര്യങ്ങൾ അപര്യാപ്തമാണ്. കൃഷി അസിസ്റ്റന്റിന് താമസത്തിന് അനുവദിച്ച ക്വാർട്ടേഴ്സ് ജീർണ്ണാവസ്ഥയിലാണ്. ഈ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമിലെ 'എ' ബ്ലോക്കിൽ നിർമ്മിച്ച പമ്പ് ഹൗസ് കെട്ടിടം വൈദ്യുതി ലഭ്യമല്ലാത്തതിനാൽ ഉപയോഗിക്കാതെ കിടക്കുകയാണ്. തൊഴിലാളികൾക്ക് വിശ്രമിക്കാനായി നിർമ്മിച്ച കെട്ടിടത്തിൽ ജലലഭ്യത ഇല്ലാത്തതിനാൽ കെട്ടിടം ഉപയോഗിക്കുന്നില്ല. കൃഷിക്കാർക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 2011-12 സാമ്പത്തിക വർഷത്തിൽ കൃഷിഫാമിൽ ആരംഭിച്ച കെട്ടിടത്തിന്റെ പ്രവൃത്തി സ്തംഭനാവസ്ഥയിലാണ്.

ഓഡിറ്റ് പരിശോധിച്ച മിക്ക കൃഷിഫാമുകളിലും തൊഴിലാളികൾക്ക് വിശ്രമിക്കാനും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാനും ഉള്ള കെട്ടിടത്തിന്റെയും യന്ത്രസാമഗ്രികൾ സൂക്ഷിക്കുവാനാവശ്യമായ ഷെഡ്ഡുകളുടെയും കുറവുണ്ട്. ഫാമിലെ ഉൽപന്നങ്ങൾ നേരിട്ട് കൃഷിക്കാർക്ക് നൽകുവാനാവശ്യമായ സെയിൽസ് കൗണ്ടറുകളും പല കൃഷിഫാമുകളിലും ഇല്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

94. ഏഴാം ബ്ലോക്കിൽ ഫാമുകളും കൃഷിഭവനുകളും ഫലപ്രദമായി വിനിയോഗിക്കുന്നില്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും നിലവിൽ എല്ലാ ഫലവൃക്ഷങ്ങളും കൃഷി ചെയ്തുവരുന്നുണ്ടെന്നും തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ നബാർഡിന്റെ ഫണ്ടുപയോഗിച്ച് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിലുൾപ്പെടുത്തി രണ്ട് സംഭരണ മുറികളും 2 ഡ്രൈയിംഗ് യാർഡുകളും നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ വിത്തും വളവും കൃഷിയുൽപന്നങ്ങളും സൂക്ഷിക്കാനുള്ള കെട്ടിടങ്ങളുണ്ടെന്നും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. രണ്ട് ക്വാർട്ടേഴ്സുകൾ പൂർണ്ണമായും ജീർണ്ണാവസ്ഥയിലാണെന്നും പ്രസ്തുത ക്വാർട്ടേഴ്സുകളുടെ അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിച്ചതിനു ശേഷം പഴയത് പൊളിച്ചുമാറ്റി പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും 2023 ജനുവരിയിൽ ഇതുസംബന്ധിച്ച കത്ത് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

95. വർഷങ്ങൾക്കുമുമ്പ് ജീർണ്ണാവസ്ഥയിലായ കെട്ടിടമായിരുന്നിട്ടും പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള മറുപടിക്കായി വർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്നതിൽ സമിതി

ആശങ്ക രേഖപ്പെടുത്തി. പ്രസ്തുത വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ അടിയന്തര ശ്രദ്ധ പുലർത്താമെന്ന് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

96. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പെരിങ്ങമ്മല കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

97. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള അഞ്ചൽ ജില്ലാ കൃഷി ഫാം, കരുനാഗപ്പള്ളി തെങ്ങിൻതൈ ഉൽപാദനകേന്ദ്രം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

98. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

99. കഴിഞ്ഞ സാമ്പത്തിക വർഷം പുല്ലാട് സീഡ് ഫാമിൽ സീഡ് സ്റ്റോർ നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് വച്ചിരുന്നുവെന്നും അതിനുവേണ്ടി പഴയകെട്ടിടം മൂല്യനിർണ്ണയം നടത്തി പൊളിച്ചുമാറ്റുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചത് ഏറ്റവും കുറഞ്ഞ തുകയ്ക്കാണെന്നും ബാക്കി നടപടികൾ പൂർത്തിയാക്കി നടപ്പുവർഷം നിർമ്മാണം പൂർത്തീകരിക്കുമെന്നും പത്തനംതിട്ട ജില്ലാപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പുല്ലാട് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

100. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

101. അറ്റകുറ്റപ്പണി നടത്തി കേടുപാടുകൾ പരിഹരിച്ചിട്ടുള്ള മൂന്ന് വളം സംഭരണശാലകളിലാണ് ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള മാവേലിക്കര കൃഷിഫാമിൽ നിലവിൽ വളം സൂക്ഷിക്കുന്നതെന്നും 6 വളം സംഭരണശാലകൾ പുതുക്കിപ്പണിയേണ്ട അവസ്ഥയിലാണെന്നും ആർ.ഐ.ഡി.എഫ്.-ൽ കെ.എൽ.ഡി.സി. മുഖാന്തരമാണ് നടപ്പിലാക്കുന്നതെന്നും 9.66 കോടി രൂപ അനുവദിച്ചതിൽ നിന്ന് വളം സംഭരണശാലകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ശിപാർശയ്ക്ക് സർക്കാർ ആർ.ഐ.ഡി.എഫ്.-ൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

102. വിത്തുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം എറണാകുളം ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഒക്കൽ സീഡ് ഫാമിലുണ്ടെന്നും പുതിയ കാർഷിക യന്ത്രങ്ങളൊന്നും വാങ്ങിയിട്ടില്ലെന്നും മറ്റ് സൗകര്യങ്ങളൊന്നും തന്നെ ഫാമിലില്ലെന്നും ഒക്കൽ സീഡ് ഫാം സൂപ്രണ്ട് വ്യക്തമാക്കി. ക്വാർട്ടേഴ്സിന്റെ ജീർണ്ണാവസ്ഥ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഉപയോഗശൂന്യമായ പഴയ ക്വാർട്ടേഴ്സാണുള്ളതെന്നും അത് പൊളിച്ചുമാറ്റുക മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും ഫാം സൂപ്രണ്ട് മറുപടി നൽകി. ഒക്കൽ കൃഷി ഫാമിനുവേണ്ടി പുതിയ പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നുണ്ടെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒക്കൽ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

103. സംസ്ഥാനത്തെ ആദ്യത്തെ കാർബൺരഹിത ഫാമാണ് ആലുവയിലുള്ളതെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി ബോധിപ്പിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലുവ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

104. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള പാണഞ്ചേരി, നടവരമ്പ് എന്നീ വിത്തുൽപാദന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

105. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

106. കേരളത്തിലെ എല്ലാ ജില്ലകളിലും 27.02.2009-ൽ കസ്റ്റം ഹയറിംഗ് സെന്റർ ആരംഭിക്കുന്നതിനായി ഭരണാനുമതി ഉത്തരവ് നൽകുന്നതിന് മുമ്പുതന്നെ തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാം കേന്ദ്രീകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായ യന്ത്രങ്ങൾ കർഷകർക്ക് മിതമായ നിരക്കിൽ വാടകയ്ക്ക് നൽകിവന്നിരുന്നുവെന്നും മേൽപ്പറഞ്ഞ ഉത്തരവിനുശേഷം ആയത് ഒരു സ്ഥാപനരൂപം ആർജ്ജിക്കുകയും വിവിധ ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഓഫീസ്, ഗ്യാരേജ്, വർക്ക്ഷോപ്പ് എന്നിവ നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ സ്ഥാപനം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുകയാണെന്നും പരാമർശത്തിൽ ചൂണ്ടിക്കാണിച്ച ക്വാറന്റൈൻ ഷെഡുകൾ പൊളിച്ചുമാറ്റി അവശിഷ്ടങ്ങൾ ലേലം ചെയ്ത് തുക സർക്കാരിലേയ്ക്ക് മുതൽക്കൂട്ടിയിട്ടുള്ളതാണെന്നും കൃഷി വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് സമിതിക്ക്

സമർപ്പിച്ചിട്ടുണ്ടെന്നും തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ കസ്റ്റം ഹയറിംഗ് സെന്ററുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

107. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മുതലമട, കോങ്ങാട്, ആലത്തൂർ, അനങ്ങനടി എന്നീ കൃഷി ഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

108. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ചുങ്കത്തറ കൃഷിഫാം, മലപ്പുറം ചോക്കാട് സീഡ് ഫാം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

109. കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷി ഫാമിലെ ജീർണ്ണാവസ്ഥയിലായിരുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പകരം നിർമ്മിച്ച കെട്ടിടം കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചർ മെക്കനൈസേഷൻ മിഷന്റെ പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുത്തിട്ടുണ്ടെന്ന് കോഴിക്കോട് കൂത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് വിശദീകരിച്ചു. വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കൂത്താളി കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

110. ജീർണ്ണാവസ്ഥയിലുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനും നാശാവസ്ഥയിലുള്ള ക്വാർട്ടേഴ്സ് കെട്ടിടവും പൊളിച്ചുനീക്കിയിട്ടുണ്ടെന്നും ഫെർട്ടിലൈസർ സ്റ്റോർ പുതുക്കിപ്പണിതുവെന്നും പോളിഹൗസ് നിർമ്മിക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും കൂത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് (അഡീഷണൽ ചാർജ്) വിശദമാക്കി.

111. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്ത് നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആയത് ലഭ്യമാക്കുന്നുണ്ടെന്ന് കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

112. വകുപ്പിന്റെ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

113. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് അംഗീകരിച്ച സമിതി കണ്ണൂർ പാലയാട് തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

114. 2011-12 വർഷം വകുപ്പുതലത്തിൽ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും പ്രസ്തുത കെട്ടിടം നിലവിൽ പ്രവർത്തനക്ഷമമാണെന്നും തൊഴിലാളികൾക്ക് വിശ്രമിക്കുന്നതിനായി നിർമ്മിച്ച കെട്ടിടത്തിൽ ജലലഭ്യത ഉറപ്പാക്കിയിട്ടുണ്ടെന്നും കാസർഗോഡ് ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി. വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**115. തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിലെ രണ്ട് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ വർഷങ്ങൾക്കുമുമ്പ് തന്നെ ജീർണ്ണാവസ്ഥയിലായിരുന്നിട്ടും അവ പുന:നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിൽ വർഷങ്ങളുടെ കാലതാമസം വരുത്തിയ വകുപ്പിന്റെ നിലപാടിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**116. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലാപഞ്ചായത്തിന് കീഴിലുള്ള അഞ്ചൽ ജില്ലാ കൃഷി ഫാം, കരുനാഗപ്പള്ളി തെങ്ങിൻതൈ ഉൽപാദനകേന്ദ്രം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**117. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**118. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**119. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**120. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള മാവേലിക്കര കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

121. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഒക്കൽ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

122. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ആലുവ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

123. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള പാണഞ്ചേരി, നടവരമ്പ് എന്നീ വിത്തുൽപാദന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

124. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

125. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ കസ്റ്റം ഹയറിംഗ് സെന്ററുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

126. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള മുതലമട, കോങ്ങാട്, ആലത്തൂർ, അനങ്ങനടി എന്നീ കൃഷിഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

127. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ചുങ്കത്തറ കൃഷിഫാം, മലപ്പുറം ചോക്കാട് സീഡ് ഫാം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**128. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**129. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കീഴിലുള്ള തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**130. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ പാലയാട് തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**131. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിലാളികളുടെ അഭാവം - ഫാം പ്രവർത്തനം തടസ്സപ്പെടുന്നു**

ജീവനക്കാരുടെയും തൊഴിലാളികളുടെയും അഭാവം ഫാം പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി പ്രവർത്തനക്ഷമതാ പരിശോധനയിൽ ബോദ്ധ്യമായി. സർക്കാരിന്റെ 3-9-1999-ലെ 35650/എ.എഫ്.1/98/എ.ഡി. നമ്പർ കത്തു പ്രകാരം കാഷ്വൽ തൊഴിലാളികളുടെ നിയമനം സർക്കാരിന്റെ മുൻകൂർ അനുവാദത്തോടുകൂടി മാത്രമേ നടത്താവൂ എന്ന നിർദ്ദേശമുണ്ട്. ഇപ്രകാരം നിർദ്ദേശം നിലനിൽക്കുന്നതിനാൽ സർക്കാർ അനുമതി ലഭിക്കുന്നതിനും മറ്റും കാലതാമസം വരുന്നു. ആയതിനാൽ തൊഴിലാളികളെ ആവശ്യാനുസരണം ദിവസവേതന വ്യവസ്ഥയിൽ നിയമിക്കാമെന്ന് 27-12-2003-ൽ 29890/ എ.എഫ്.1/01/എ.ഡി. നമ്പർ കത്തു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഫാമുകളിലെ തസ്തിക ഒഴിവിനെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

**ഫാം ജീവനക്കാരുടെ ഒഴിവുകൾ**

| ജില്ല | സ്ഥാപനം | അംഗീകൃത തസ്തികകളുടെ എണ്ണം | ആകെ ഒഴിവ് | വിശദീകരണം |
|---|---|---|---|---|
| തിരുവനന്തപുരം | ജില്ലാ കൃഷി ഫാം, പെരിങ്ങമ്മല | 14 | 2 | ജൂനിയർ സൂപ്രണ്ട്-1<br>പാർട്ട് ടൈം സ്വീപ്പർ -1 |
| കൊല്ലം | ജില്ലാ കൃഷി ഫാം, അഞ്ചൽ | 157 | 78 | ക്ലർക്ക്-1<br>ടൈപ്പിസ്റ്റ് -1<br>സ്ഥിരം തൊഴിലാളികൾ -76 |
| | കോക്കനട്ട് ഫാം, കരുനാഗപ്പള്ളി | 16 | 1 | ഓയിൽ എഞ്ചിൻ ഡ്രൈവർ -1 |
| കോട്ടയം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കോഴ | | 4 | പാർട്ട് ടൈം സ്വീപ്പർ -1<br>സ്ഥിരം തൊഴിലാളികൾ -3 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, വാലാച്ചിറ | 24 | 4 | നൈറ്റ് വാച്ച്മാൻ -1<br>പാർട്ട് ടൈം സ്വീപ്പർ -1<br>സ്ഥിരം തൊഴിലാളികൾ -2 |
| | ജില്ലാ കൃഷി ഫാം, കോഴ | 106 | 14 | അഗ്രികൾച്ചറൽ അസിസ്റ്റന്റ്-2<br>വാച്ച്മാൻ -1<br>ഓയിൽ എഞ്ചിൻ ഡ്രൈവർ -1<br>തൊഴിലാളികൾ -10 |

| | | | | |
|---|---|---|---|---|
| പത്തനംതിട്ട | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, അടൂർ | 41 | 3 | സ്ഥിരം തൊഴിലാളികൾ -1<br>കാഷ്വൽ തൊഴിലാളികൾ -2 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പുല്ലാട് | 64 | 33 | അഗ്രികൾച്ചറൽ അസിസ്റ്റന്റ്-1<br>സ്ഥിരം തൊഴിലാളികൾ -3<br>കാഷ്വൽ തൊഴിലാളികൾ -29 |
| ഇടുക്കി | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കരിമണ്ണൂർ | 34 | 1 | സ്വീപ്പർ -1 |
| ആലപ്പുഴ | ജില്ലാ കൃഷി ഫാം, മാവേലിക്കര | 71 | 31 | വാച്ച്മാൻ -1<br>തൊഴിലാളികൾ -30 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, വിയാപുരം | 63 | 1 | തൊഴിലാളികൾ -1 |
| എറണാകുളം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ഒക്കൽ | 55 | 39 | സ്ഥിരം തൊഴിലാളികൾ-38<br>പാർട്ട് ടൈം സ്വീപ്പർ -1 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ആലുവ | 21 | 3 | സ്ഥിരം തൊഴിലാളികൾ-2<br>നൈറ്റ് വാച്ച്മാൻ -1 |
| | കോക്കനട്ട് ഫാം, വൈറ്റില | 6 | 1 | നൈറ്റ് വാച്ച്മാൻ -1 |

| | | | | |
|---|---|---|---|---|
| തൃശ്ശൂർ | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പാണഞ്ചേരി | 98 | 42 | സ്ഥിരം തൊഴിലാളികൾ-42 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, മണ്ണുത്തി | 26 | 2 | അഗ്രികൾച്ചറൽ അസിസ്റ്റന്റ്-1<br>നൈറ്റ് വാച്ച്മാൻ -1 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, എടത്തിരുത്തി | 21 | 5 | സ്വീപ്പർ - 1<br>സ്ഥിരം തൊഴിലാളികൾ-4 |
| | ജില്ലാ കൃഷി ഫാം, ചേലക്കര | 30 | 4 | കൃഷി ഓഫീസർ -1<br>അഗ്രികൾച്ചറൽ അസിസ്റ്റന്റ്-2, ക്ലർക്ക് -1 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, നടവരമ്പ് | 26 | 1 | പാർട്ട് ടൈം സ്വീപ്പർ -1 |
| | കോക്കനട്ട് ഫാം, ഇരിങ്ങാലക്കുട | 7 | 1 | വാച്ച്മാൻ -1 |
| പാലക്കാട് | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കുന്നത്തൂർ | 19 | 5 | സ്ഥിരം തൊഴിലാളികൾ-5 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കോങ്ങാട് | 18 | 4 | പാർട്ട് ടൈം സ്വീപ്പർ -1<br>സ്ഥിരം തൊഴിലാളികൾ-3 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, അനങ്ങനടി | 25 | 4 | സ്ഥിരം തൊഴിലാളികൾ-4 |

| | | | | |
|---|---|---|---|---|
| മലപ്പുറം | ജില്ലാ കൃഷി ഫാം, ചുങ്കത്തറ | 76 | 47 | അഗ്രികൾച്ചറൽ അസിസ്റ്റന്റ്-2<br>ഡ്രൈവർ -1<br>സ്ഥിരം തൊഴിലാളികൾ-44 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ചോക്കാട് | 29 | 2 | അഗ്രികൾച്ചറൽ അസിസ്റ്റന്റ്-1<br>പാർട്ട് ടൈം സ്വീപ്പർ -1 |
| കോഴിക്കോട് | ജില്ലാ കൃഷി ഫാം, കൂത്താളി | 90 | 44 | ക്ലർക്ക് -1<br>സ്ഥിരം തൊഴിലാളികൾ-37<br>പെർമനന്റ് സെർവന്റ് -6 |
| കണ്ണൂർ | ജില്ലാ കൃഷി ഫാം, കരിമ്പം | 82 | 28 | കൃഷി ഓഫീസർ -1<br>സ്ഥിരം തൊഴിലാളികൾ-27 |
| | കോക്കനട്ട് ഫാം, പാലയാട് | 19 | 1 | സ്ഥിരം തൊഴിലാളികൾ-1 |
| കാസർഗോഡ് | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കാസർഗോഡ് | 57 | 31 | സ്ഥിരം തൊഴിലാളികൾ-6<br>കാഷ്വൽ തൊഴിലാളികൾ-25 |

നിരവധി തൊഴിലാളികളുടെ ജോലികൾക്ക് മേൽനോട്ടം വഹിക്കുക, തൊഴിലാളികളുടെ സേവന-വേതന കാര്യങ്ങൾ, ഹാജർ, അവധി മുതലായ കാര്യങ്ങൾ, ഉൽപന്നങ്ങളുടെ വിൽപ്പനയുടെ ഉത്തരവാദിത്തം എന്നിവയ്ക്കായി ഫാമുകളിലെ ഒഴിവുള്ള ഫാം സൂപ്പർവൈസർ, അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികകൾ നികത്തേണ്ടതും/

വർദ്ധിപ്പിക്കേണ്ടതും ഫാമുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷിഫാമിൽ കൃഷി ജോലികൾക്കായി 70-ഓളം തൊഴിലാളികളെ എല്ലാ ദിവസവും നിയോഗിക്കുന്ന രീതിയാണുള്ളത്. ഇത്തരത്തിൽ 12 മാസവും കാർഷിക ജോലികൾ നടന്നുവരികയാണെങ്കിലും ഓരോ മാസവും ചെയ്യേണ്ട ജോലികൾ, സീസൺ, കാലാവസ്ഥ, നടീൽ വസ്തുക്കളുടെ തയ്യാറാക്കൽ, ആവശ്യകത, അടിയന്തര പ്രാധാന്യത്തോടെ ചെയ്യേണ്ട കൃഷിജോലികൾ എന്നീ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു വാർഷിക രൂപരേഖ തയ്യാറാക്കാതെയാണ് കൃഷി ജോലികൾ ചെയ്യിക്കുന്നത്. വാർഷിക പ്രവർത്തന രൂപരേഖ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസത്തെയും ജോലികൾ ചെയ്യേണ്ടതാണ്. നഴ്സറി മാനേജ്മെന്റിന് വേണ്ടി ഗ്രാഫ്റ്റിംഗിലും, ബഡ്ഡിംഗിലും പ്രത്യേക പരിശീലനം ലഭിച്ച ഒരു അഗ്രികൾച്ചറൽ അസിസ്റ്റന്റിനെ നിയമിക്കുന്നതും ഒരു സ്റ്റോർ കീപ്പറുടെ സേവനം ഉപയോഗിച്ച് ഉൽപന്ന സംഭരണം, സ്റ്റോർ വിപണനം എന്നിവ നടത്തുന്നതും അഭികാമ്യമാണ്.

കൊല്ലം ജില്ലാപഞ്ചായത്തിന് കീഴിലുള്ള അഞ്ചൽ കൃഷിഫാമിൽ സ്ഥിരം തൊഴിലാളികളുടെ തസ്തികകളിൽ പകുതിയിലധികം ഒഴിഞ്ഞു കിടക്കുന്നു. 140 ഹെക്ടർ വരുന്ന ഫാം ഭൂമി കാടുകയറാതെ സംരക്ഷിക്കുന്നതിന് പോലും തൊഴിലാളികളുടെ കുറവുമൂലം കഴിയുന്നില്ല. ഫാമിൽ അഞ്ചു വാഹനങ്ങൾ ഉണ്ടെങ്കിലും ഡ്രൈവർ തസ്തികകൾ ഇല്ല. ഫാമിലെ തൊഴിലാളികളെ ഉപയോഗിച്ചാണ് വാഹനങ്ങൾ ഓടിക്കുന്നത്. ജലസേചനത്തിനായി 9 പമ്പ്സെറ്റുകൾ ഉണ്ടെങ്കിലും പമ്പ് ഓപ്പറേറ്ററുടെ തസ്തിക നിലവിലില്ല. അതോടൊപ്പം ഇലക്ട്രീഷ്യൻ, പ്ലംബർ എന്നീ തസ്തികകളും ഇല്ല.

കോട്ടയം ജില്ലാപഞ്ചായത്തിന് കീഴിലുള്ള കോഴ സീഡ് ഫാമിൽ പ്രാദേശിക പ്രശ്നങ്ങളും സമരങ്ങളുംമൂലം സ്ഥിരം ജീവനക്കാരുടെ ഒഴിവ് നികത്തിയിട്ടില്ല. തൊഴിലാളികളെ നിയമിക്കുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ രണ്ട് കേസുകൾ നിലവിലുണ്ട്.

മാവേലിക്കര ജില്ലാ കൃഷിഫാമിൽ ഒരു സെക്യൂരിറ്റി ജീവനക്കാരൻ മാത്രമാണുള്ളത്. ഈ ജീവനക്കാരന് സെയിൽസ് കൗണ്ടറിലെ വിൽപ്പനയുടെ ചുമതലയാണ് നൽകിയിരിക്കുന്നത്. കാർഷിക വേലകൾക്ക് വേണ്ടി നിയമിതരായ ജീവനക്കാരിൽ പലരും 'സെക്യൂരിറ്റി' വേലകളാണ് ചെയ്യുന്നത്. ഇപ്രകാരം സെക്യൂരിറ്റി ജോലികളിൽ നിയോഗിക്കുന്നവർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നതും ശ്രദ്ധയിൽപ്പെട്ടു. പൊതുഖജനാവിൽ നിന്ന് പണം കൈപ്പറ്റുന്നവരെ നിയോഗിക്കപ്പെട്ട തൊഴിൽ ചെയ്യിക്കാതെ മറ്റ് തൊഴിലിന് നിയോഗിക്കുന്നത് ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കും.

എറണാകുളത്തെ ഒക്കൽ സീഡ് ഫാമിലും സ്ഥിരം തൊഴിലാളികളുടെ 38 തസ്തികകൾ ഒഴിവുണ്ട്. സാമൂഹ്യ വിരുദ്ധരുടെ ശല്യമുള്ള ആലുവ സീഡ് ഫാമിൽ വാച്ച്മാന്റെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്.

തൃശ്ശൂരിലെ പാണഞ്ചേരി ഫാമിൽ സ്ഥിരം തൊഴിലാളികളുടെ 43 തസ്തികകളിൽ ഒരാൾ മാത്രമാണുള്ളത്.

മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമിൽ 65 തൊഴിലാളികളുടെ തസ്തികയിൽ 21 തൊഴിലാളികൾ മാത്രമേ നിലവിലുള്ളൂ. കർഷകത്തൊഴിലാളികളുടെയും ഫീൽഡ് ജീവനക്കാരുടെയും തസ്തികകൾ 66% ഒഴിഞ്ഞു കിടക്കുന്നത് കൃഷിഫാമിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. പുതിയ നിയമനം നടത്താൻ സാങ്കേതിക പ്രയാസമുള്ള സാഹചര്യത്തിൽ പീസ് വർക്ക് കരാർ മുഖേന തൊഴിലാളികളെ കണ്ടെത്താൻ ഫാം അധികൃതർക്ക് അനുമതി നൽകാവുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷിഫാമിൽ 67 സ്ഥിരം തൊഴിലാളികളുടെ തസ്തികയിൽ 37 എണ്ണം ഒഴിഞ്ഞു കിടക്കുകയാണ്.

കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രത്തിൽ 2 കൃഷി അസിസ്റ്റന്റുമാർ, 12 സ്ഥിരം തൊഴിലാളികൾ, 12 കാഷ്വൽ തൊഴിലാളികൾ എന്നീ തസ്തികകൾ മാത്രമാണുള്ളത്. മേലടി ബ്ലോക്ക് പഞ്ചായത്ത് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ മേൽ നോട്ടത്തിലാണ് ഫാം പ്രവർത്തിക്കുന്നത്. ഒരു കൃഷി ഓഫീസറുടെ മേൽനോട്ട ചുമതല ഉണ്ടാവേണ്ടതാണ്. ഫാമിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. നിലവിലെ ജീവനക്കാർക്കൊപ്പം ഒരു കൃഷി ഓഫീസറുടേയും ഒരു ക്ലാർക്കിന്റെയും തസ്തിക കൂടി ലഭ്യമായാൽ വടക്കൻ ജില്ലകളിലെ കേര കർഷകർക്ക് മുഴുവൻ പ്രയോജനകരമാകും വിധം തെങ്ങിൻതൈ ഉൽപാദനത്തിലും വൈവിധ്യവൽക്കരണത്തിലും ക്ഷമത കൈവരിക്കാൻ ഫാമിന് കഴിയും.

സംസ്ഥാനത്തെ എല്ലാ സീഡ് ഫാമുകൾക്കും, ഒരു ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും, കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ പ്രസ്തുത തസ്തിക അനുവദിച്ചിട്ടില്ല. എസ്റ്റാബ്ലിഷ്മെന്റ് വർക്കുകൾ ചെയ്ത് തീർക്കേണ്ടി വരുന്നതിനാൽ കൃഷി ഓഫീസർക്ക് ഫീൽഡ് സൂപ്പർവിഷന് തടസ്സം നേരിടുന്നുണ്ട്.

പല ഫാമുകളിലും ഫാമിന്റെ പ്രവർത്തനത്തിന് അനുവദിച്ച അംഗീകൃതമായ തസ്തികകൾ പലതും പിന്നീട് സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. അത്യാവശ്യമായ തസ്തികകൾ പലതും ഒഴിഞ്ഞ് കിടക്കുന്നതും കൃഷിഫാമിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. മിക്ക ഫാമുകളിലും നൈറ്റ് വാച്ചർ/വാച്ച്മാന്റെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഫാമുകളുടെ സംരക്ഷണത്തിന് ഈ തസ്തിക നികത്തേണ്ടത്

ആവശ്യമാണ്. ധാരാളം വൃക്ഷസമ്പത്തുകളും, വിവിധ വിത്തുകളും, തൈകളും, മറ്റ് വിലപിടിപ്പുള്ള കാർഷിക യന്ത്രങ്ങളും നിറഞ്ഞ ജില്ലാ കൃഷിത്തോട്ടങ്ങളുടെ സംരക്ഷണത്തിന് ആവശ്യമായ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് ജില്ലാപഞ്ചായത്തധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

ഫാമിൽ തൊഴിലാളികളെ നിയമിക്കുന്നതിന് മാനദണ്ഡങ്ങളോ വ്യവസ്ഥകളോ നിലവിലില്ല. തൊഴിലാളികളെ ആവശ്യമുള്ളപ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും പിന്നീട് കാഷ്വൽ ജീവനക്കാരാക്കുകയും സ്ഥിരം തൊഴിലാളികളുടെ ഒഴിവ് വരുമ്പോൾ പരിഗണിക്കുകയും ചെയ്യുന്നു. യാതൊരു മാനദണ്ഡവുമില്ലാതെ ഫാമിലെ സ്ഥിരം തൊഴിലാളികളുടെ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള അവസരമാണ് ഇതിലൂടെ ഉണ്ടാകുന്നത്. ആയതിനാൽ തൊഴിലാളികളുടെ നിയമനത്തിന് വ്യവസ്ഥയും മാനദണ്ഡവും നിശ്ചയിക്കുന്നതിന് അടിയന്തര നടപടികൾ ആവശ്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

132. തൊഴിലാളികളുടെ അഭാവം മൂലം ഫാമുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നു എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ഇടുക്കി ജില്ലയിൽ നിന്നുമാത്രമേ വിശദീകരണം ലഭ്യമാക്കിയിട്ടുള്ളൂവെന്ന് നിയമസഭാ സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഫാമുകളിൽ തൊഴിലാളികളുടെ അഭാവമുണ്ടാകാൻ കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന്, ദിവസവേതന തൊഴിലാളികൾക്ക് നിശ്ചിത 15 ദിവസത്തെ ജോലി നൽകാൻ സാധിക്കാതെ വരുമ്പോൾ അവർ ഫാമിനുപുറത്തുപോയി ജോലിചെയ്യുന്നുണ്ടെന്നും ഫാമിൽ ലഭിക്കുന്ന തുകയേക്കാൾ കൂടുതൽ തുക ഫാമിന് പുറത്ത് ലഭിക്കുന്നതിനാൽ ഫാമിലെ ജോലി ദിവസവേതന തൊഴിലാളികൾക്ക് ആകർഷകമല്ലെന്നും എന്നാൽ സ്ഥിരം തൊഴിലാളികൾക്ക് മികച്ച ശമ്പളമുണ്ടെന്നും കുത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് മറുപടി നൽകി. സ്ഥിരം തൊഴിലാളികളെ നിലവിൽ നിയമിക്കാറുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, താൽക്കാലികമായി എടുത്തശേഷം ഒഴിവനുസരിച്ച് സ്ഥിരപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും കുറച്ച് തൊഴിലാളികളെ സ്ഥിരപ്പെടുത്താനുള്ള ശിപാർശ കഴിഞ്ഞ സർക്കാർ നൽകിയിരുന്നുവെങ്കിലും പ്രാവർത്തികമായില്ലെന്നും ഫാം സൂപ്രണ്ട് വ്യക്തമാക്കി.

133. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ കുത്താളി കൃഷിഫാമിൽ കുറച്ച് തൊഴിലാളികളെ നിയമിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ സമിതി, നിലവിൽ ദിവസവേതന

തൊഴിലാളികളുടെ കൂലിയെത്രയാണെന്ന് ആരാഞ്ഞപ്പോൾ 542/- രൂപയാണ് പ്രസ്തുത തൊഴിലാളികൾക്ക് ലഭിക്കുന്നതെന്നും ഫാമിനുപുറത്ത് ജോലി ചെയ്യുന്ന കർഷക തൊഴിലാളിക്ക് 1000/- രൂപ വരെ ലഭിക്കുമെന്നും ജോലി സ്ഥിരമാകുമെന്ന പ്രതീക്ഷയിലാണ് കുറഞ്ഞ വേതനത്തിലും പ്രസ്തുത തൊഴിലാളികൾ ഫാമിലെ ജോലിക്ക് വരുന്നതെന്നും നിലവിൽ ദിവസവേതന ജീവനക്കാർക്ക് 15 ദിവസത്തെ ജോലി ഉറപ്പാക്കുന്നുണ്ടെന്നും ഫാം സൂപ്രണ്ട് അറിയിച്ചു. ലാഭകരമായ ഒരു സംവിധാനമെന്ന നിലയിൽ ഫാം മാനേജ്മെന്റ് കുറച്ചുകൂടി കാര്യക്ഷമമാക്കാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന്, മുഴുവൻ ഫാമുകളിലും നവീകരണ പ്രവൃത്തി നടത്തുന്നതിന്റെ ഭാഗമായി ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ കാർഷികോൽപന്നങ്ങളും വിപണനം നടത്താനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണെന്നും ഏകദേശം 132 ഫാമുകളിലെ ഉൽപന്നങ്ങളുടെ വിപണനം ആമസോൺ വഴിയാക്കിക്കഴിഞ്ഞുവെന്നും ഫാമിലെ ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്ന സംവിധാനം വികസിപ്പിച്ചു കൊണ്ടിരിക്കുകയാണെന്നും അതുപോലെ അഞ്ച് ഹൈബ്രിഡിനം പച്ചക്കറികളുടെ വിത്തിനങ്ങളുടെ സാങ്കേതിക വിദ്യ കേരളരിൽ നിന്നും വാങ്ങി ഫാമിൽ ഉൽപാദനം നടത്തി കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വി.എഫ്.പി.സി.കെ.) മുഖേന വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും ഒരിഞ്ച് സ്ഥലം പോലും തരിശിടാതെ ഉപയോഗപ്രദമാക്കണമെന്ന നിലയിലാണ് നടപടി സ്വീകരിക്കുന്നതെന്നും സംഭരണ സൗകര്യം ഏർപ്പെടുത്തുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXVII- പദ്ധതിയിൽ ഉൾപ്പെടുത്തി 14 ഫാമുകളിൽ 120 കോടി രൂപയുടെ പദ്ധതി നടപ്പാക്കുകയാണെന്നും കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് മറുപടി നൽകി.

134. ഓൺലൈനിൽ ഉൾപ്പെടുത്തിയ ഉൽപന്നങ്ങളുടെ കൂട്ടത്തിൽ ജില്ലാപഞ്ചായത്തിന് കൈമാറിയ ഫാമുകളുടെ ഉൽപന്നങ്ങളുമുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ അക്കൗണ്ടിംഗ് സംവിധാനം എങ്ങനെയെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് ഓൺലൈനിൽ ഉൾപ്പെടുത്തിയവയിൽ എല്ലാ ഫാമുകളുടെയും ഉൽപന്നങ്ങളുണ്ടെന്നും പ്രസ്തുത തുക ജില്ലാപഞ്ചായത്തിനാണ് ലഭിക്കുന്നതെന്നും കൂത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് മറുപടി നൽകി.

135. ജില്ലാ കൃഷി ഫാമിനെ പ്രധാന ഫാമായും ബാക്കിയുള്ളവയെ ഉപ ഫാമുകളായും കണക്കാക്കുകയാണ് ചെയ്യുന്നതെന്നും ഉദാഹരണത്തിന് ജില്ലാ കൃഷി ഫാം കരിമ്പം, തളിപ്പറമ്പ് പ്രധാന ഫാമായും അവിടെയുള്ള മറ്റ് ആറ് ഫാമുകളെ ഉപഫാമുകളായും കണക്കാക്കുകയും അവരുടെ ഉൽപന്നങ്ങൾ ജില്ലാ കൃഷിഫാമിൽ കൊണ്ടുവന്ന് ഇൻവോയിസ് വച്ച് കൊടുക്കുകയും ഓൺലൈൻ വിപണനം നടത്തിയ ശേഷം മറ്റൊരു

അക്കൗണ്ട് ആയി സൂക്ഷിച്ച് ജില്ലാപഞ്ചായത്തിലേയ്ക്ക് അടയ്ക്കുകയുമാണ് ചെയ്യുന്നതെന്നും കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

136. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നടപടിക്രമം സംബന്ധിച്ച കൃത്യമായ ഉത്തരവ് കൈമാറുമോയെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആരാഞ്ഞതിന് പ്രസ്തുത ഉത്തരവുണ്ടെങ്കിലും ഓൺബോർഡായി ചെയ്യാൻ പറ്റുന്ന രീതിയിലുള്ള മറ്റൊരു സ്കീം വച്ചാണ് ചെയ്തിട്ടുള്ളതെന്ന് കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ അറിയിച്ചപ്പോൾ വളരെ പ്രയാസമുണ്ടാക്കുന്ന ഒരു കാര്യമാണതെന്നും ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിലും മേൽ വിഷയം പ്രശ്നമാകുന്നുണ്ടെന്നും ഉദാഹരണത്തിന് ജില്ലാപഞ്ചായത്തിന്റെ കൃഷി ഫാമിൽ നിന്ന് ഒരു കൃഷി ഓഫീസർക്ക് ഇന്റന്റ് പ്രകാരം കൊടുത്താൽ അത് എന്തുചെയ്യണമെന്നും അതെങ്ങനെ അക്കൗണ്ട് ചെയ്യണമെന്നും നിർദ്ദേശമില്ലെന്നും അതിൽ സ്റ്റേറ്റിൽ നിന്നും കിട്ടിയ സബ്സിഡി തുക, കൃഷിയുടെ പദ്ധതിയിൽ അവരുടെ പഞ്ചായത്തിൽനിന്നും വകയിരുത്തിയ സബ്സിഡി തുക, ഗുണ ഭോക്താവിന്റെ പക്കൽനിന്നും വാങ്ങിച്ച തുക എന്നിങ്ങനെ മൂന്ന് സ്രോതസുകളിൽ നിന്നും വരുന്ന പണം ജില്ലാപഞ്ചായത്തിന്റെ കൃഷി ഫാമിൽ അടയ്ക്കുന്നതും അക്കൗണ്ടിംഗ് ഇയറിൽ ക്ലോസ് ചെയ്യുന്നതും എങ്ങനെ ആയിരിക്കണം എന്നത് സംബന്ധിച്ച് കൃത്യമായ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദമാക്കി.

137. കൃത്യമായ മാർഗ്ഗരേഖയും ഡയറക്ടറേറ്റിൽ നിന്ന് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടെന്ന് കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

138. ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിംഗ് റൂളിനെ ഒരു ഉത്തരവ് മുഖേന മറികടക്കാൻ സാധിക്കില്ലെന്നും ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിംഗിനകത്ത് വരവ് എങ്ങനെ അക്കൗണ്ട് ചെയ്യണമെന്നുള്ളത് അവിടത്തെ ചട്ടത്താൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്നും ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകരുതെന്നും സാമ്പത്തികമൂല്യമുള്ള ഒരു ഉൽപന്നത്തെ സ്റ്റോക്കിലെടുക്കുമ്പോൾ അതിന്റെ അക്കൗണ്ടിംഗ്, കൈമാറ്റം, ഇൻവോയിസ് മുഖേന അക്കൗണ്ടിൽ ഉൾപ്പെടുത്തൽ എന്നിവ സംബന്ധിച്ച് കുറച്ചുകൂടി വ്യക്തത വരുത്തേണ്ടതുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദമാക്കിയപ്പോൾ ആയത് സംബന്ധിച്ച് പരിശോധിക്കാമെന്ന് കൃഷി (ഫാംസ്) വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

139. പ്രസ്തുത പ്രശ്നത്തെക്കുറിച്ച് ധനകാര്യ വകുപ്പിന് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞപ്പോൾ ഓഡിറ്റിന്റെ അക്കൗണ്ടിംഗ് സംബന്ധിച്ച് പറയാൻ സാധിക്കില്ലെന്നും അതിനൊരു മാർഗ്ഗനിർദ്ദേശമുണ്ടെന്നും ആയതിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ നിർദ്ദേശം നൽകുന്നതിന് സാധിക്കുമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

140. ഫാമുകളിൽ മാനുവലായി പണമടയ്ക്കുന്ന രീതിയാണ് നിലവിലുള്ളതെന്നും ഓൺലൈൻ മുഖേന തുക കൈമാറുന്ന സംവിധാനത്തെക്കുറിച്ച് ഉപഭോക്താക്കൾ ആരായുന്നുണ്ടെങ്കിലും പ്രസ്തുത രീതിയിലേയ്ക്ക് മാറുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി വേണമെന്നാണ് അറിയാൻ കഴിഞ്ഞതെന്നും ഫാമുകൾ ആധുനികമാക്കിയാൽ മാത്രമേ വരുമാനം വർദ്ധിപ്പിക്കുന്നതിനും മറ്റും സാധിക്കുകയുള്ളൂവെന്നും കുത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് (അഡീഷണൽ ചാർജ്) സമിതിയെ അറിയിച്ചു.

141. ഇതുസംബന്ധിച്ച് ഒരു യോഗം വിളിച്ചാൽ ആശങ്കകൾ ചൂണ്ടിക്കാണിക്കാമെന്നും ഫാമുകളിൽ പാരമ്പര്യമായിട്ടുള്ള ക്രമീകരണങ്ങളുണ്ടെങ്കിലും ജില്ലാപഞ്ചായത്തിന് കൈമാറിയ ഫാമുകളിൽ അത്തരം ക്രമീകരണങ്ങളില്ലെന്നാണ് മനസ്സിലാക്കുന്നതെന്നും ജില്ലാപഞ്ചായത്ത് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമായതുകൊണ്ട് മറ്റൊരു സർക്കാർ വകുപ്പിന് കൈമാറ്റം നടത്തുമ്പോൾ അവ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ എങ്ങനെ ക്രമപ്പെടുത്താമെന്നുള്ളതിന് പ്രത്യേക നിർദ്ദേശമില്ലെന്നും മുമ്പ് ഇത് രണ്ടും ഒരു വകുപ്പിന്റെ കീഴിലുള്ള രണ്ട് ഉദ്യോഗസ്ഥർ തമ്മിലുള്ള ഇടപാടുകൾ എന്ന നിലയിൽ നടപ്പാക്കിയിരുന്നുവെങ്കിലും നിലവിൽ അപ്രകാരം നടക്കില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. പ്രസ്തുത വിവരം പരിശോധിക്കാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

142. 5 മുതൽ 10 വർഷം വരെ സർവ്വീസുള്ളവർക്ക് 920/- രൂപയും 15 വർഷത്തിന് മുകളിലുള്ളവർക്ക് 930/- രൂപയും കൊടുക്കുന്നുണ്ടെന്നും പുതുതായി നിയമിക്കപ്പെടുന്ന ദിവസവേതന തൊഴിലാളികൾക്ക് ഒരു ദിവസത്തേയ്ക്ക് കുറഞ്ഞത് 900/- രൂപയും 7 ശതമാനം ഡി.എ.യും കൊടുക്കുന്നുണ്ടെന്നും ശമ്പളസ്കെയിൽ 23000-60700/- രൂപയാണെന്നും ദിവസവേതന തൊഴിലാളികൾക്ക് 13% ഇ.പി.എഫ്. വിഹിതം നൽകുന്നുണ്ടെന്നും കുത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് (അഡീഷണൽ ചാർജ്) അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

143. കൊല്ലം ജില്ലാപഞ്ചായത്തിന് കീഴിലുള്ള അഞ്ചൽ കൃഷിഫാമിൽ തൊഴിലാളികളുടെ രൂക്ഷമായ അഭാവമുണ്ടെന്നും 145 പേരുടെ സ്ഥാനത്ത് നിലവിൽ 59 സ്ഥിരം തൊഴിലാളികൾ മാത്രമാണുള്ളതെന്നും 86 തൊഴിലാളികളുടെ ഒഴിവുകളാണുള്ളതെന്നും കളക്ഷൻ തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസർ ഫ്രാഞ്ചൈസികളുടെ പട്ടികയെടുക്കുകയും പ്രാഥമിക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ മുമ്പ് പ്രോജക്ടിൽ ജോലി ചെയ്തിരുന്ന കുറച്ചുപേർ ട്രിബ്യൂണലിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ നിലവിൽ ഉത്തരവ് നിൽക്കുകയാണെന്നും തൊഴിലാളികളില്ലാതെ

ഏറെ ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളതെന്നും കേസിന്മേൽ അനുകൂല വിധി വരാത്തതിനാൽ തൊഴിലാളികളെ നിയമിക്കുന്ന നടപടി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്നും താൽക്കാലികമായി ജില്ലാപഞ്ചായത്ത് മുഖേന കരാർ തൊഴിലാളികളെ നിയമിച്ചിട്ടുണ്ടെന്നും വലിയ ഫാമായതിനാൽ അത്യാവശ്യമായ പ്രവൃത്തികൾ പോലും ചെയ്യാൻ കഴിയാതെ ബുദ്ധിമുട്ടുകയാണെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാറടിസ്ഥാനത്തിൽ കളക്ഷൻ തൊഴിലാളികളെ നിയമിക്കുന്നതാണ് സ്ഥായിയായ പരിഹാരമെന്നും അഞ്ചൽ സീഡ് ഫാം സൂപ്രണ്ട് സമിതിയെ ബോധിപ്പിച്ചു.

144. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തടസ്സമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് തടസ്സമുണ്ടെന്നും നിലവിലുള്ള നിയമമനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നിയമിക്കാൻ സാധിക്കുകയുള്ളൂവെന്നും അഞ്ചൽ സീഡ് ഫാം നാല് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പരിധിയിൽ വരുന്ന ഭാഗത്താണ് സ്ഥിതിചെയ്യുന്നതെന്നും ആയതിനാൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറാണ് ഉദ്യോഗാർത്ഥികളെ നൽകേണ്ടതെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. ആദ്യഘട്ടത്തിൽ ഒരു സ്ഥലത്തുനിന്നും എടുത്തപ്പോൾ വലിയ പ്രശ്നമുണ്ടായെങ്കിലും നിലവിൽ അത് മാറി ജില്ലയിൽ നിന്നും പട്ടിക ശേഖരിച്ച് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് തരാനുള്ള നിർദ്ദേശമുണ്ടാകുകയും ആളുകളെ നൽകുകയും അതനുസരിച്ച് അഭിമുഖം നടത്തുകയും ചെയ്യുവെന്നും പക്ഷേ അഭിമുഖം നടത്തിയപ്പോൾ കരാർ തൊഴിലാളികളിൽ ചിലർ സ്റ്റേ വാങ്ങിയിരിക്കുകയാണെന്നും സ്റ്റേ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

145. ടിഷ്യൂ കൾച്ചർ ലാബുള്ള ഫാമിൽ ആവശ്യത്തിന് ടെക്നീഷ്യൻമാർ ഇല്ലാത്ത സാഹചര്യമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, ടെക്നീഷ്യൻമാരുടെ കുറവുണ്ടെന്നും ലാബ് കെട്ടിടം വളരെ പഴക്കമുള്ളതാണെന്നും 2008-09 കാലഘട്ടത്തിലെ പഴയ ഓഫീസ് കെട്ടിടം നവീകരിച്ചാണ് ലാബ് കെട്ടിടം നിർമ്മിച്ചതെന്നും പഴയ ഓഫീസ് കെട്ടിടമായതിനാൽ ടിഷ്യൂ കൾച്ചറിൽ ഉദ്ദേശിക്കുന്ന ഫലം കിട്ടാതെ പോകുകയാണെന്നും അഞ്ചൽ ഫാം സൂപ്രണ്ട് മറുപടി നൽകി. ടിഷ്യൂ കൾച്ചറിൽ അവഗാഹമുള്ള ടെക്നീഷ്യന്മാരല്ല ഫാമിൽ ഉള്ളതെന്നും മുമ്പുള്ള തൊഴിലാളികൾക്ക് നിയമനം ലഭിച്ച സമയത്തെ ഓഫീസർ കൊടുത്ത അടിസ്ഥാന പരിശീലനത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നതെന്നും അതുകൊണ്ട് ഉൽപാദനം വിജയപ്രദമാക്കാൻ കഴിയുന്നില്ലെന്നും അഞ്ചൽ സീഡ് ഫാം സൂപ്രണ്ട് വിശദീകരിച്ചു. ആയതിനുള്ള പരിഹാരം സമിതി ആരാഞ്ഞതിന്, ആർ.കെ.വി.വൈ.യുടെ പുതിയ കെട്ടിടത്തിന് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ തുക ലഭിക്കുന്നതിന് അനുമതിയായിട്ടുണ്ടെന്നും പുതിയ കെട്ടിടം

വരികയും ടെക്നീഷ്യന്മാരെ കരാർ അടിസ്ഥാനത്തിൽ പുറത്തുനിന്നും എടുക്കുകയോ അല്ലെങ്കിൽ മികച്ച യോഗ്യതയുള്ള ടെക്നീഷ്യന്മാരെ ജില്ലാപഞ്ചായത്തിന്റെ പദ്ധതി മുഖേന പരിശീലനം നൽകുകയോ ചെയ്തെങ്കിൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയിലെത്തുക യുള്ളൂവെന്നും ഫാം സൂപ്രണ്ട് മറുപടി നൽകി. പ്രസ്തുത വിഷയം പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന അനവധി തവണ ഡയറക്ടറേറ്റ് തലത്തിലും മേലുദ്യോഗസ്ഥർ മുഖേനയും ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്നും അഞ്ചൽ സീഡ് ഫാം സൂപ്രണ്ട് കൂട്ടിച്ചേർത്തു.

146. മേൽ വിഷയം പ്രത്യേക കേസായെടുത്ത് പരിഹാരമുണ്ടാക്കണമെന്നും കൃഷി വകുപ്പ് ഡയറക്ടറേറ്റുമായി കൂടിയാലോചിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

147. കെട്ടിടം പണിതാലും മൈക്രോപ്രൊപ്പഗേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് സാങ്കേതിക വിദഗ്ദ്ധർ ആവശ്യമല്ലേയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത യോഗ്യതയുള്ളവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നുണ്ടെന്നും സ്പെഷ്യൽ റൂൾ പ്രകാരം പ്രത്യേക തസ്തികയില്ലെന്നും കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ അറിയിച്ചു.

148. തസ്തിക നിർവ്വചിച്ച് കൃഷി വകുപ്പ് അതിന്റെ യോഗ്യത നിശ്ചയിച്ചാൽ മാത്രമേ നിയമനം നടത്താൻ സാധിക്കുകയുള്ളൂവെന്നും പുതിയ സാങ്കേതിക തസ്തിക ആവശ്യമാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

149. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷിഫാം, കോട്ടയം ജില്ലാപഞ്ചായത്തിന് കീഴിലുള്ള കോഴ സീഡ് ഫാം, മാവേലിക്കര ജില്ലാ കൃഷിഫാം, എറണാകുളം ജില്ലയിലെ ഒക്കൽ സീഡ് ഫാം, തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഫാം, മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

150. കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷിഫാം, തിക്കോടി തെങ്ങിൻതൈ ഉൽപാദനകേന്ദ്രം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ, കൃഷി അസിസ്റ്റന്റുമാരുടെ രണ്ട് തസ്തികളാണ് നിലവിലുള്ളതെന്നും എന്നാൽ കൃഷി ഓഫീസറുടെ തസ്തികയില്ലെന്നും കൃഷി അസിസ്റ്റന്റുമാരുടെ രണ്ട് ഒഴിവുകൾ നികത്തിയിട്ടുണ്ടെന്നും കോഴിക്കോട് കൂത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് (അഡീഷണൽ ചാർജ്) സമിതിക്ക് മറുപടി നൽകി. റിപ്പോർട്ടിംഗ് സമയത്ത് 37 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയായിരുന്നുവെന്നും നിലവിൽ 67 ഒഴിവും നികത്തിയിട്ടുണ്ടെന്നും ഫാം സൂപ്രണ്ട് പറഞ്ഞു.

151. കൃഷി ഓഫീസർ, ക്ലാർക്ക് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

152. ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമായ മറുപടി അംഗീകരിച്ച സമിതി കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**153. കൊല്ലം അഞ്ചൽ കൃഷിഫാമിൽ ആർ.കെ.വി.വൈ.യുടെ പുതിയ കെട്ടിടം നിർമ്മിച്ച് അതിൽ മികച്ച യോഗ്യതയുള്ള ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുവാൻ വേണ്ട അടിയന്തര നടപടികൾ കൃഷി വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**154. സാങ്കേതിക വിദഗ്ദരുടെ യോഗ്യത നിശ്ചയിച്ച് പുതിയ സാങ്കേതിക തസ്തികകൾ സൃഷ്ടിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കൃഷി വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

**155. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**156. വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലാപഞ്ചായത്തിന് കീഴിലുള്ള കോഴ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**157. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര ജില്ലാ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**158. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഒക്കൽ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**159. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**160. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**161. കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷിഫാമിലും തിക്കോടി തെങ്ങിൻതൈ ഉൽപാദനകേന്ദ്രത്തിലും കൃഷി ഓഫീസർ, ക്ലാർക്ക് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി ഓഡിറ്റ് വകുപ്പിനെ അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**162. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജലസേചന സൗകര്യങ്ങൾ ഫലപ്രദമല്ല**

കൃഷി ഫാമുകളുടെ പ്രവർത്തനത്തിന് ജലസേചന സൗകര്യങ്ങൾ അനിവാര്യമാണ്. പ്രവർത്തനക്ഷമതാ ഓഡിറ്റിൽ കൃഷിഫാമുകളിലെ ജലസേചന സൗകര്യം അവലോകനം ചെയ്യുകയുണ്ടായി.

**ചിറയിൻകീഴ് സീഡ് ഫാം**

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് കീഴിലുള്ള ചിറയിൻകീഴ് സീഡ് ഫാമിലെ നെൽകൃഷിയിടങ്ങളിൽ മണൽ, മണ്ണ് എന്നിവയുടെ തോത് കൂടുതലാണ്. മഴയുടെ ലഭ്യത കുറവുള്ള സമയങ്ങളിൽ പാടങ്ങളിൽ ജലം സംഭരിച്ച് നിർത്തുവാൻ സാധിക്കുന്നില്ല. സ്വകാര്യവ്യക്തികൾ നീർച്ചാലുകൾ അടച്ചതാണ് ഇവിടെ ജലലഭ്യതയ്ക്ക് തടസ്സമാകുന്നത്. കിഴുവിലം ഗ്രാമപഞ്ചായത്താണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

**കനാൽ ജലവും, തടയണയും ജലസേചനത്തിന് പ്രയോജനപ്പെടുന്നില്ല**

അടൂർ സീഡ് ഫാമിന്റെ ജലസേചനം ഉദ്ദേശിച്ച് കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി 3 കിലോമീറ്റർ നീളത്തിൽ ഇറിഗേഷൻ കനാൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കോടികൾ ചെലവഴിച്ച് നിർമ്മിച്ച കനാൽ ഫാമിന് പ്രയോജനം ചെയ്യുന്നില്ല. മിക്കപ്പോഴും വെള്ളം ആവശ്യമുള്ള അവസരങ്ങളിൽ കനാൽ ജലം തുറന്നു കിട്ടാറില്ല. മാത്രമല്ല അനവസരങ്ങളിൽ വെള്ളം തുറന്നുവിടുന്നതിനാൽ വിളവെടുപ്പിനെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. കാലാകാലങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താത്തതിനാൽ കനാൽ കാടുകയറി ജലസേചനം അസാധ്യമായ അവസ്ഥയിലാണ്.

ഫാമിന്റെ ഒരു വശത്തുകൂടി കടന്നു പോകുന്ന പള്ളിക്കലാറിന് കുറുകെ പണികഴിപ്പിച്ചിട്ടുള്ള തടയണ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നില്ല. ഈ തടയണയ്ക്ക് ഷട്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചാൽ ചെലവില്ലാതെ ഫാമിലേക്ക് വെള്ളം തിരിച്ചു വിടാനാവും.

**ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രയോജനരഹിതം**

അടൂർ കൃഷിഫാമിൽ 2011-12 വർഷം ജില്ലാപഞ്ചായത്ത് 2.75 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കൊണ്ട് ഫാമിന് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. 18 ഏക്കർ പാടശേഖരം ജലസേചനം നടത്തുന്നതിന് കേവലം 10 എച്ച്.പി. ശേഷിയുള്ള പമ്പ് സെറ്റാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ ഈ സംവിധാനം ഉപയോഗിക്കാതെ ഡീസൽ പമ്പ് ഘടിപ്പിച്ചാണ് ജലസേചനം നടത്തുന്നത്. ഇലക്ട്രിക് പമ്പ് ഉപയോഗിക്കാതെ ഡീസൽ പമ്പ് ഉപയോഗിക്കുന്നത് ഫാമിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. ജില്ലാപഞ്ചായത്തിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസം കാരണം ഡീസൽ വാങ്ങാനാകാതെ പമ്പിംഗ് മുടങ്ങുന്ന സ്ഥിതിയുമുണ്ട്. ഇത് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഫാമിന്റെ ജലസേചനത്തിന് ഉതകുന്ന ക്ഷമതയുള്ള ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് പകരം യാതൊരു ദീർഘവീക്ഷണവുമില്ലാതെ പദ്ധതി നടപ്പിലാക്കിയത് മൂലം ഇതിന് ചെലവഴിച്ച ലക്ഷങ്ങൾ പാഴായിരിക്കുന്നു.

**ടാങ്ക് നിറയ്ക്കാൻ ശേഷിയില്ലാത്ത പമ്പ് - പദ്ധതി പരാജയം**

അടൂർ കൃഷിഫാമിലെ 'ഡി' ബ്ലോക്കിലെ 4 ഏക്കർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനായി 8.22 ലക്ഷം രൂപ ചെലവഴിച്ച് 2011-12 വർഷം ഒരു കിണറും, പമ്പ് ഹൗസും നിർമ്മിച്ചിട്ടുണ്ട്. 3 മീറ്റർ വ്യാസത്തിലുള്ള കിണറിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റിന്റെ ശേഷി 1.5 എച്ച്.പി. മാത്രമാണ്. വൻതുക ചെലവഴിച്ച് കിണറും പമ്പ് ഹൗസും സ്ഥാപിച്ചശേഷം വേണ്ടത്ര ക്ഷമതയില്ലാത്ത പമ്പ്സെറ്റ് സ്ഥാപിച്ചത് യുക്തിരഹിതമായ നടപടിയാണ്. കൂടാതെ ഫാം ഓഫീസ് കോമ്പൗണ്ടിൽ കേരകൃഷിയുടെ ജലസേചനത്തിനും ഓഫീസ് ആവശ്യത്തിനുമായി രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ഭാഗമായി പതിനായിരം ലിറ്റർ ശേഷിയുള്ള ഒരു ടാങ്കും പൈപ്പ് ലൈനും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ടാങ്ക് നിറയ്ക്കുന്നതിന് ശേഷിയുള്ള പമ്പ് സ്ഥാപിക്കാത്തതിനാൽ അത് ഉപയോഗക്ഷമമായിട്ടില്ല. ദീർഘവീക്ഷണമില്ലാതെയും അശാസ്ത്രീയമായും പദ്ധതികൾ ആവിഷ്കരിച്ചതുമൂലം ലക്ഷ്യം കൈവരിച്ചിട്ടില്ല.

**പമ്പ ഇറിഗേഷൻ പദ്ധതിയുടെ കനാൽ ഉപയോഗപ്പെടുത്തുന്നില്ല**

സീഡ് ഫാമിലെ ജലസേചനത്തിന് വേണ്ടി ഉദ്ദേശിച്ചുകൊണ്ട് പമ്പ ഇറിഗേഷൻ പദ്ധതിയിൽ നിന്നും 700 മീറ്റർ നീളത്തിൽ ഫാമിലേക്ക് ഒരു കനാൽ നിർമ്മിച്ചിട്ടുണ്ട്. ഇത് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതിനാൽ ശോചനീയാവസ്ഥയിലാണ്.

വേനൽക്കാലത്ത് ഫാമിലേക്ക് കനാൽവഴി വെള്ളം തുറന്നുവിടുന്നതിന് അധികൃതർ നടപടി സ്വീകരിക്കുന്നില്ല. 2012 വിരിപ്പ് സീസണിൽ യഥാസമയം കനാൽ വഴി ജലം ലഭിക്കാതിരുന്നതിനാൽ വരൾച്ചയെത്തുടർന്ന് നെൽകൃഷി നശിക്കാനിടയായി. ഫാം ഓഫീസർ കാലാകാലങ്ങളിൽ ഇറിഗേഷൻ വകുപ്പിന്റെയും ജില്ലാപഞ്ചായത്തിന്റെയും മുമ്പാകെ ഈ പ്രശ്നം ഉന്നയിക്കുന്നുണ്ടെങ്കിലും പമ്പാ ഇറിഗേഷൻ പദ്ധതിയുടെ ഗുണഫലം ഫാമിന് ലഭ്യമായിട്ടില്ല.

എറണാകുളം ജില്ലാപഞ്ചായത്തിന് കീഴിലുള്ള വൈറ്റില കോക്കനട്ട് ഫാം പ്രവർത്തനത്തിന് താൽക്കാലികമായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് തെങ്ങിൻതൈ പരിപാലനത്തിനായുള്ള ജലസേചന സൗകര്യം പര്യാപ്തമല്ല.

**തൃശ്ശൂർ - എടത്തിരുത്തി സീഡ് ഫാം - ചെറുപുഴ ചിറയ്ക്കൽ ശുദ്ധജല പദ്ധതി പ്രവർത്തനസജ്ജമായില്ല**

മഴക്കാലത്ത് ഫാമിലെ അധികജലം ഒഴുകി പോകുന്നതിന് ജില്ലാപഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തിയ ചിറയ്ക്കൽ - ചെറുപുഴ കനാലിലേക്ക് ഫാം തോട് ബന്ധിപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാൻ 22-1-2008-ലെ ഫാം കൗൺസിൽ ആവശ്യപ്പെട്ടിട്ടും സജീവമായ നടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. മതിയായ ജലസേചന സൗകര്യങ്ങളുടെ അഭാവംമൂലം വിരിപ്പ് കാലയളവിൽ 9.5 ഹെക്ടർ പ്രദേശം മുഴുവൻ കൃഷിയിറക്കാൻ സാധിക്കുന്നില്ല.

പാലക്കാട് ജില്ലയിലെ കോങ്ങാട് 2 കുഴൽക്കിണർ ഉണ്ടെങ്കിലും മോട്ടോർ സ്ഥാപിക്കാത്തതിനാൽ ഉപയോഗിക്കുന്നില്ല.

മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമിൽ വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് ഒരു കിലോമീറ്റർ അകലെ പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ഫാമിലെ കുളത്തിൽ സംഭരിക്കുന്നു. കുളത്തിൽ നിന്ന് ടാങ്കിലേക്ക് പമ്പ് ചെയ്താണ് ഫാമിന്റെ വിവിധ ഭാഗങ്ങളിലെത്തിക്കുന്നത്. കുളം, പമ്പ് ഹൗസ്, വിതരണ പൈപ്പുകൾ തുടങ്ങിയവ സംരക്ഷണമില്ലാതെ നശിച്ചു തുടങ്ങിയിട്ടുണ്ട്.

**അശാസ്ത്രീയമായ പാർശ്വഭിത്തിനിർമ്മാണം - ജലസേചന കനാൽ ഉപയോഗ്യമല്ലാതായി**

മലപ്പുറം ജില്ലയിലെ ചോക്കാട് സീഡ് ഫാമിലെ കൃഷിയിടത്തിൽ ജലസേചനത്തിന് ഉപയോഗിച്ചിരുന്ന ചെറിയ കനാലിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനും കനാൽ കൂടുതൽ ഉപയോഗപ്രദമാക്കുന്നതിനും ജില്ലാപഞ്ചായത്ത് 2008-09, 2009-10 വർഷങ്ങളിലായി 12,47,993/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി സംബന്ധമായ രേഖകൾ ഒന്നും തന്നെ ഫാമിൽ ലഭ്യമല്ല.

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ താഴെ പറയുന്നു.

1. പാർശ്വഭിത്തി പലയിടങ്ങളിലും തകർന്നിട്ടുണ്ട്.

2. ഭിത്തി നിർമ്മാണത്തിന് കരിങ്കൽ ഡ്രൈറബിൾ & മേസണറി നടത്തുകയാണ് ചെയ്തത്. സിമന്റ് ഉപയോഗിച്ച് വിടവുകൾ അടയ്ക്കാത്തതിനാൽ കനാലിലൂടെ വെള്ളം ഒഴുക്കിയാൽ വിടവുകളിലൂടെ നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

3. പാർശ്വഭിത്തി നിർമ്മാണത്തിന്റെ ഭാഗമായി കനാലിന്റെ ആഴം വർദ്ധിപ്പിച്ചതിനാൽ ഫാമിലെ കൃഷിയിടത്തിന്റെ നിരപ്പിനേക്കാൾ കനാലിന് ഒരു മീറ്ററോളം ആഴക്കൂടുതലാണ്. ഇതുമൂലം കനാലിൽ ഒരു മീറ്ററിലധികം ഉയരത്തിൽ വെള്ളം കെട്ടിനിർത്തിയാൽ മാത്രമേ കൃഷിയിടത്തിലേക്ക് വെള്ളമെത്തിക്കാനാവൂ. ഫാമിലെ നിലവിലുള്ള ജലസേചന സംവിധാനമനുസരിച്ച് ഇത്തരത്തിൽ വെള്ളം കെട്ടി നിർത്തുക അസാധ്യമാണ്.

പ്രവൃത്തി നടത്തിയതിനുശേഷം കനാലിലൂടെയുള്ള ജലസേചനം നാളിതുവരെ സാധ്യമായിട്ടില്ല. അശാസ്ത്രീയമായും ഫാമിന്റെ ആവശ്യങ്ങൾ പരിഗണിക്കാതെയുമുള്ള പാർശ്വഭിത്തി നിർമ്മാണംമൂലം കനാൽ പൂർണ്ണമായും ഉപയോഗശൂന്യമായി. പ്രവൃത്തിക്ക് ചെലവ് ചെയ്ത 12,47,993/- രൂപ പാഴ്ചെലവായി മാറി.

**വികലമായി നടപ്പാക്കിയ കുളം പുനരുദ്ധാരണ പദ്ധതി**

പത്തനംതിട്ട പുല്ലാട് സീഡ് ഫാമിലെ ജലസേചനത്തിന് പ്രധാനമായും ആശ്രയിച്ചു വരുന്ന 'എ' ബ്ലോക്കിലെ കുളം പുനരുദ്ധരിക്കാൻ 2009-10 വർഷം ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപ അടങ്കലിൽ പദ്ധതി നടപ്പിലാക്കി. കുളത്തിന്റെ ആഴം നാലര മീറ്റർ വർദ്ധിപ്പിക്കുന്നതിനും വിസ്തൃതി വർദ്ധിപ്പിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. 3.94 ലക്ഷം രൂപയ്ക്ക് പൂർത്തിയാക്കിയ പദ്ധതിയിൽ കുളത്തിലെ ആഴം വർദ്ധിപ്പിക്കൽ എന്ന പ്രവൃത്തി ചെയ്തിട്ടില്ല. മാത്രമല്ല കുളത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാർശ്വഭാഗങ്ങൾ ഇടിച്ച് കുളത്തിൽ നിക്ഷേപിക്കുകയാണുണ്ടായത്. ഇക്കാരണത്താൽ കുളത്തിന്റെ ജല സംഭരണ ശേഷി കുറയാനിടയായി. പദ്ധതിയുടെ ഭാഗമായി പമ്പ്ഹൗസ് നിർമ്മിച്ച് പമ്പ്സെറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. കുളം പുനരുദ്ധാരണത്തിന് ആവിഷ്കരിക്കപ്പെട്ട പദ്ധതി വികലമായി നടപ്പാക്കിയതിനാൽ ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

163. ചിറയിൻകീഴ് സീഡ് ഫാമിൽ ഇപ്പോൾ ജലലഭ്യതയുടെ പ്രശ്നം അഭിമുഖീകരിക്കുന്നില്ലെന്ന് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. വകുപ്പിൽനിന്നും ലഭ്യമായ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചിറയിൻകീഴ് സീഡ് ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

164. അടൂരിൽ കുളം പുനഃരുദ്ധാരണം സംബന്ധിച്ച് പരാതിയില്ലെന്നും പുല്ലാട് ഭാഗത്താണ് കുളത്തിന്റെ വിഷയമുള്ളതെന്നും പുല്ലാടിലെ ഫാമിന്റെ പ്രവർത്തനം നടക്കുന്നത് കുളത്തിലെ ജലമുപയോഗിച്ചാണെന്നും കനാൽ ജലം നിലവിൽ ഉപയോഗിക്കുന്നില്ലെന്നും എന്നാൽ ഊറ്റുവഴി ഫാമിലേയ്ക്ക് വെള്ളം ഇറങ്ങാറുണ്ടെന്നും പത്തനംതിട്ട ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് മറുപടി നൽകി. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സമിതി പത്തനംതിട്ട ജില്ലയിലെ അടൂർ സീഡ് ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

165. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'ടാങ്ക് നിറയ്ക്കാൻ ശേഷിയില്ലാത്ത പമ്പ് - പദ്ധതി പരാജയം' എന്ന ഓഡിറ്റ് ഖണ്ഡികയിലെ അടൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

166. പി.ഐ.പി. കനാൽ മുഖേന ഫാമിൽ വെള്ളം നൽകാമെന്ന സർക്കാർ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പമ്പ ഇറിഗേഷൻ പദ്ധതിയുടെ കനാൽ ഉപയോഗപ്പെടുത്തുന്നില്ലായെന്ന ഓഡിറ്റ് ഖണ്ഡികയിലെ അടൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

167. ഓഡിറ്റ് വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി എറണാകുളം ജില്ലാപഞ്ചായത്തിന് കീഴിലുള്ള വൈറ്റില കോക്കനട്ട് ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

168. ചെറുപുഴ-ചിറയ്ക്കൽ കനാൽ ഫാമിലെ തോടുമായി ബന്ധപ്പെട്ടതാണ് ഓഡിറ്റ് പരാമർശമെന്നും നിലവിൽ മഴക്കാലത്ത് പ്രസ്തുത കനാലിലൂടെ മലിനജലം ഒഴുക്കിവിടാൻ സാധിക്കുന്നുണ്ടെന്നും അതുകൊണ്ട് വിരിപ്പ് സമയത്ത് കൃഷി ഇറക്കാൻ സാധിക്കുന്നുണ്ടെന്ന് സീനിയർ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

169. പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും മഴക്കാലത്ത് അധികജലം ഒഴുകിപ്പോകാൻ ജില്ലാപഞ്ചായത്ത് നിർമ്മാണം നടത്തിയ ചിറയ്ക്കൽ-ചെറുപുഴ കനാലിലേയ്ക്ക്

സീഡ് ഫാം തോട് ബന്ധിപ്പിച്ചിട്ടുണ്ടെന്നും നിലവിൽ പ്രശ്നങ്ങളില്ലെന്നും മുഴുവൻ സ്ഥലത്തും വിരിപ്പ് നെൽകൃഷിയിറക്കുന്നുണ്ടെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. വകുപ്പിൽ നിന്നും ലഭിച്ച മറുപടി അംഗീകരിച്ച സമിതി തൃശ്ശൂർ-എടത്തിരുത്തി സീഡ് ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

170. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കോങ്ങാടുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

171. മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷി ഫാമിലെ ജലസേചന കനാലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 'എഫ് ', 'ജി', 'ജെ' ബ്ലോക്കുകളിലാണ് പ്രധാനമായും ജലദൗർലഭ്യമുള്ളതെന്നും അതിനായി ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

172. പുഴയിൽ നിന്ന് സംഭരണ ടാങ്കിലേക്കുള്ള പഴയ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നില്ലെന്ന പ്രശ്നം പരാമർശിച്ചിട്ടുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചു.

173. ഫാമിന്റെ മറുഭാഗത്ത് വനമേഖലയാണെന്നും വനം വകുപ്പ് പാട്ടത്തിന് നൽകിയ സ്ഥലത്താണ് പമ്പ് ഹൗസ് നിർമ്മിച്ചിരിക്കുന്നതെന്നും അതിന്റെ അറ്റകുറ്റപ്പണി ചെയ്യാനുള്ള അനുവാദം വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ലെന്നും പൂർണ്ണമായും പരിഹാരം കാണുന്നതിന് മുഴുവൻ പൈപ്പുകളും മാറ്റേണ്ടതുണ്ടെന്നും കുഴിച്ചശേഷം പൈപ്പ് മുഴുവനും മാറ്റി സ്ഥാപിക്കുകയാണ് ചെയ്യേണ്ടതെന്നും മലപ്പുറം ജില്ലാപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

174. കൃഷി ഫാമിലെ യന്ത്രസാമഗ്രികൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള അനുമതി വനം വകുപ്പിൽ നിന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത പ്രവർത്തനങ്ങൾ സാധാരണ ജനങ്ങൾക്കുവേണ്ടിയുള്ളതാണെന്ന് മനസ്സിലാക്കി ഓരോ പ്രദേശത്തെ പ്രശ്നങ്ങളും ഉദ്യോഗസ്ഥരുടെ പരസ്പര ധാരണയിൽ തീർക്കണമെന്നും സമിതി നിർദ്ദേശിച്ചു.

175. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചോക്കാട് സീഡ് ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

176. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട പുല്ലാട് സീഡ് ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

177. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചിറയിൻകീഴ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

178. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

179. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'ടാങ്ക് നിറയ്ക്കാൻ ശേഷിയില്ലാത്ത പമ്പ് - പദ്ധതി പരാജയം' എന്ന ഓഡിറ്റ് ഖണ്ഡികയിലെ അടൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

180. പി.ഐ.പി. കനാൽ മുഖേന ഫാമിൽ വെള്ളം നൽകാമെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പമ്പ ഇറിഗേഷൻ പദ്ധതിയുടെ കനാൽ ഉപയോഗപ്പെടുത്തുന്നില്ലായെന്ന ഓഡിറ്റ് ഖണ്ഡികയിലെ അടൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

181. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാപഞ്ചായത്തിന് കീഴിലുള്ള വൈറ്റില കോക്കനട്ട് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

182. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ - എടത്തിരുത്തി സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

183. കൃഷി (ഫാംസ്) വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കോങ്ങാടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

184. മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷി ഫാമിന്റെ മറുഭാഗത്തെ വനമേഖലയിൽ നിർമ്മിച്ചിരിക്കുന്ന പമ്പ് ഹൗസ്, ചുങ്കത്തറ കൃഷി ഫാമിലെ യന്ത്രസാമഗ്രികൾ എന്നിവ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള അനുമതി വനം വകുപ്പിൽ

**നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ സാധാരണ ജനങ്ങൾക്കുവേണ്ടിയുള്ളതാണെന്ന് മനസ്സിലാക്കി ഓരോ പ്രദേശത്തെ പ്രശ്നങ്ങളും ഉദ്യോഗസ്ഥരുടെ പരസ്പര ധാരണയിൽ തീർക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**185. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചോക്കാട് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**186. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാമിലെ ജലസേചനത്തിനായി നടപ്പാക്കിയ കുളം പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാർഷിക യന്ത്രവൽക്കരണം പരാജയം; ലക്ഷ്യങ്ങൾ പാഴായി**

നിലമൊരുക്കുന്നത് മുതൽ വിളവെടുപ്പും സംസ്കരണവും വരെയുള്ള കൃഷിയിലെ വിവിധ രംഗങ്ങളിൽ മനുഷ്യാധ്വാനം ലഘൂകരിക്കുന്നതിന് യന്ത്രവൽക്കരണം സഹായകമാകുന്നു. ഉൽപാദന ചെലവ് കുറച്ച് ഉൽപാദന വർദ്ധനവിന് കാർഷിക യന്ത്രവൽക്കരണം പ്രയോജനപ്പെടുന്നു. കൃഷിഭൂമിയുടെ വിസ്തൃതി, ഉൽപാദന വർദ്ധനവിന്റെ അളവ്, ഉൽപാദന ചെലവ്, തൊഴിലാളികളുടെ ലഭ്യത എന്നിവ പരിഗണിച്ചാണ് കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കേണ്ടത്.

പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ഭാഗമായി ജില്ലാപഞ്ചായത്തിന് കൈമാറിയ കൃഷിഫാമുകളിൽ യന്ത്രവൽക്കരണത്തിന്റെ സാധ്യത എത്രത്തോളം പ്രയോജനപ്പെടുത്തി എന്ന് വിലയിരുത്തുകയുണ്ടായി.

18-9-1995-ലെ ജി.ഒ.(പി)189/95/ത.സ്വ.ഭ.വ. പ്രകാരം കൃഷിഫാമുകളിലെ യന്ത്രവൽക്കരണം ജില്ലാപഞ്ചായത്തുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നാൽ ജില്ലാപഞ്ചായത്തുകളുടെ കീഴിലുള്ള കൃഷി ഫാമുകളിലെ യന്ത്രവൽക്കരണം ഫലപ്രദമല്ല. ആവശ്യത്തിന് യന്ത്രങ്ങളുടെ അഭാവം ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗയോഗ്യമാക്കുന്നതിലും വീഴ്ച വരുത്തുന്നുണ്ട്. സർക്കുലർ നമ്പർ 22312/ഡി.എ.2/2011/തസ്വഭവ. തീയതി 11-5-2011 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള യന്ത്രങ്ങൾ ഓരോ സീസണിലും അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കേണ്ടതാണ്. ഇതിന് പൊതു ഉദ്ദേശ്യ/ സംരക്ഷണ/തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് കൃഷിഫാം യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നാൽ 2010-11 വർഷം വാങ്ങിയ പവർറിപ്പർ വെള്ളമുള്ള പാടത്ത് കൊയ്തെടുക്കാൻ കഴിയാത്തതിനാൽ ഉപയോഗിക്കാൻ കഴിയുന്നില്ല. ഉപയോഗപ്രദമല്ലാത്ത ഉപകരണങ്ങൾ ലേലം ചെയ്ത് വിൽക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതുമൂലം അവ നശിക്കുകയാണ്. പെരിങ്ങമ്മല കൃഷിഫാമിൽ യന്ത്രങ്ങൾ വാങ്ങുന്നതിന് 2010-11, 2011-12 കാലയളവിൽ ജില്ലാപഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. ഫാമിൽ യന്ത്രങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭൂവിസ്തൃതിയുടെ 90%-വും നെൽകൃഷിക്കായാണ് ഉപയോഗിക്കുന്നതെങ്കിലും ഒരു ട്രാക്ടർ പോലും ലഭ്യമാക്കാൻ ജില്ലാപഞ്ചായത്തിന് സാധിച്ചിട്ടില്ല. കൃഷി ഇറക്കേണ്ട സമയത്ത് പലപ്പോഴും ട്രാക്ടറുകളും മറ്റും വാടകയ്ക്ക് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു. കൊട്ടാരക്കരയിലെ സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭൂവിസ്തൃതിയുടെ 54%-വും നെൽകൃഷിക്കാണ് ഉപയോഗിക്കുന്നതെങ്കിലും സ്വന്തമായി ഒരു ട്രാക്ടർ ഇല്ല എന്നു മാത്രമല്ല രണ്ടു ടില്ലറുകളിൽ ഒന്നു പ്രവർത്തനക്ഷമവുമല്ല.

പത്തനംതിട്ട ജില്ലയിലെ അടൂർ കൃഷിഫാമിൽ കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കാത്തത് ഫാമിന്റെ നടത്തിപ്പ് ചെലവിൽ വൻ വർദ്ധനവിനിടയാക്കുന്നു. ഫാം നടത്തിപ്പിന്റെ 60% തൊഴിലാളികൾക്കുള്ള വേതന ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നു. രണ്ട് പവർ ടില്ലറുകളിൽ ഒരെണ്ണം ലിഫ്റ്റ് ഇറിഗേഷന് വേണ്ടി വെള്ളം പമ്പ് ചെയ്യുന്നതിനാണ് ഉപയോഗിക്കുന്നത്. ഫാമിന് ഉണ്ടായിരുന്ന ഒരു പവർ റിപ്പർ പുല്ലാട് സിഡ് ഫാമിന് വിട്ടുനൽകി. നിലം ഉഴുന്നതിന് ട്രാക്ടർ വാടകയ്ക്ക് എടുത്താണ് ഉപയോഗിക്കുന്നത്. ഫാമിന് ആവശ്യമായ കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.

**63 ലക്ഷത്തിന്റെ കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉപയോഗശൂന്യമായ നിലയിൽ**

പത്തനംതിട്ട ജില്ലാപഞ്ചായത്ത് 2009-10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 63.3 ലക്ഷം രൂപ മുതൽ മുടക്കി വാങ്ങിയ കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉപയോഗശൂന്യമായ നിലയിലാണ്. പത്തനംതിട്ട ജില്ലയിലെ മൂന്ന് സീഡ് ഫാമുകൾക്ക് നൽകുന്നതിന് ഉദ്ദേശിച്ചായിരുന്നു ഇവ വാങ്ങിയത്. എന്നാൽ ഫാമുകളിലെ നെൽപ്പാടങ്ങൾക്ക് ഇവ അനുയോജ്യമല്ലാത്തതിനാൽ വിതരണം നടന്നില്ല. സ്വരാജ് ബ്രാൻഡ് ഇനത്തിൽപ്പെട്ട ഈ യന്ത്രങ്ങൾ ജില്ലയിലെ പാടശേഖരങ്ങൾക്കും അനുയോജ്യമല്ല. കർഷകർ ഈ യന്ത്രങ്ങളെ ആശ്രയിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും യന്ത്രങ്ങൾ കൊണ്ടുവന്ന് കൊയ്ത്ത് നടത്തുന്ന സ്ഥിതിയാണുള്ളത്. നാളിതുവരെ 200 മണിക്കൂർ മാത്രമാണ് ഈ യന്ത്രങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്.

ജില്ലയിലെ അടൂർ, പുല്ലാട് സീഡ് ഫാമുകളിലായി ആകെ 35 ഏക്കറിൽ താഴെ മാത്രമാണ് നെൽകൃഷി ചെയ്യുന്നത്. ഈ സാഹചര്യത്തിൽ സീഡ് ഫാമുകൾക്കായി വൻതുക ചെലവഴിച്ച് 3 കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങിയത് വേണ്ടത്ര പഠനമോ, പരിശോധനയോ കൂടാതെയാണ്. യന്ത്രങ്ങളുടെ ഉപയോഗക്ഷമതയും ആവശ്യകതയും പരിശോധിക്കാതെ വാങ്ങിയതുമൂലം ഇവയ്ക്ക് മുടക്കിയ 63.30 ലക്ഷം രൂപ ഫലത്തിൽ പാഴായിരിക്കുന്നു. ഈ വിഷയത്തിൽ ജില്ലാപഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും ശ്രദ്ധ പതിയേണ്ടതും സത്വര നടപടി ഉണ്ടാകേണ്ടതുമാണ്.

**കാർഷിക യന്ത്രങ്ങൾ സംരക്ഷണമില്ലാതെ നശിക്കുന്നു**

പത്തനംതിട്ട ജില്ലയിലെ പുല്ലാട് കൃഷി ഫാമിന്റെ ഓഫീസ് കോമ്പൗണ്ടിൽ കോയിപ്രം കൃഷിഭവൻ വക ലക്ഷങ്ങൾ വിലമതിക്കുന്ന ഒരു ട്രാക്ടർ മാസങ്ങളായി സംരക്ഷണമില്ലാതെ തുറസ്സായ സ്ഥലത്ത് കിടന്ന് നശിക്കുന്നു.

കോട്ടയം ജില്ലയിലെ കോഴ കൃഷിഫാമിൽ ആവശ്യമായ യന്ത്രങ്ങൾ ഇല്ലാത്തത് ഫാമിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായി സീനിയർ കൃഷി ഓഫീസർ അറിയിച്ചു. വാലാച്ചിറയുള്ള സ്റ്റേറ്റ് സീഡ് ഫാമിൽ 25-8-2008-ൽ നൽകിയ കമ്പയിൻഡ് ഹാർവെസ്റ്റർ കേടായി തുരുമ്പെടുത്ത് നശിച്ചു കിടക്കുന്നു.

ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമിൽ 2003 മോഡൽ ഒരു ട്രാക്ടർ മാത്രമാണുള്ളത്. പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിന് 2010 മുതൽ ജില്ലാപഞ്ചായത്തിനോട് ആവശ്യപ്പെടുന്നു എങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. യന്ത്രങ്ങളുടെ അപര്യാപ്തത ഫാമിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. യന്ത്രങ്ങളുടെ ഉപയോഗം എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ, യന്ത്രങ്ങളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിഫാമിൽ ലക്ഷങ്ങൾ വിലമതിക്കുന്ന കാർഷിക യന്ത്രങ്ങൾ വർഷങ്ങളായി ഉപയോഗിക്കാതെ കാടുപിടിച്ച് കിടക്കുന്നു. ടെയ്‌ലർ, ട്രാക്ടർ, സൈറൺ, പമ്പ്സെറ്റുകൾ എന്നിവയെല്ലാം വിശാലമായ ഫാമിന്റെ അങ്ങിങ്ങായി ഉപേക്ഷിക്കപ്പെട്ട് തുരുമ്പെടുത്ത് നശിക്കുകയാണ്.

എറണാകുളം ജില്ലയിലെ 10.8 ഹെക്ടർ നെൽകൃഷിയുള്ള ഒക്കൽ സീഡ് ഫാമിൽ 2 കൊയ്ത്ത് യന്ത്രവും ഒരു മെതിയന്ത്രവും കേടായി കിടക്കുന്നുണ്ട്. ഇത് അറ്റകുറ്റപ്പണി നടത്തി ഉപയോഗ്യമാക്കാൻ യാതൊരു നടപടിയും എടുത്തതായി കാണുന്നില്ല.

ജില്ലാപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 2008-09 വർഷം ഗ്രാമപഞ്ചായത്തുകൾക്കായി വാങ്ങി നൽകിയ 17 ലക്ഷം രൂപ വിലവരുന്ന കമ്പയിൻഡ്

ഹാർവെസ്റ്റർ ഫാം കോമ്പൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ഈ യന്ത്രത്തിന്റെ ചുമതലക്കാരൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) വൈറ്റില ആണെങ്കിലും ആയത് ഫാമിൽ യാതൊരു സുരക്ഷാ ക്രമീകരണങ്ങളുമില്ലാതെ തുറസ്സായ സ്ഥലത്താണ് സൂക്ഷിച്ചിരിക്കുന്നത്.

ആലുവ സീഡ് ഫാമിൽ യന്ത്രങ്ങൾ ശരിയായി സൂക്ഷിക്കുന്നതിനുള്ള കെട്ടിട സൗകര്യം ഇല്ല. മുപ്പൂ കൃഷിയിറക്കുന്ന ഫാമിൽ ഒരു കൊയ്ത്ത് യന്ത്രത്തിന്റെ ആവശ്യമുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിന്റെ പ്രോജക്ടുകളിലും ഫാമിന്റെ ഈ ആവശ്യം ജില്ലാപഞ്ചായത്ത് പരിഗണിച്ചിട്ടില്ല. ഫാമിൽ ഉപയോഗിക്കുന്ന ഫൈബർ ബോട്ട് ജില്ലാപഞ്ചായത്ത് നൽകിയതാണെങ്കിലും മണ്ണെണ്ണയ്ക്ക് ഇതുവരെ പെർമിറ്റ് നേടിയെടുക്കാൻ ജില്ലാപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സർക്കാർ ഫാമിന് കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് ലഭിച്ചിട്ടില്ല എന്നത് ഒരു പോരായ്മയാണ്.

തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൃഷിഫാമുകളിൽ ആവശ്യത്തിന് യന്ത്രങ്ങളില്ല. പാണഞ്ചേരി വിത്തുൽപാദന കേന്ദ്രത്തിൽ നിലവിൽ ട്രാക്ടർ ഇല്ല. ടില്ലർ ഒരെണ്ണമുള്ളത് ഉപയോഗക്ഷമമല്ല. നിലവിലുള്ള യന്ത്രങ്ങൾ സമയബന്ധിതമായ ഫാം പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല. ഇരിങ്ങാലക്കുട നാളികേര നഴ്സറിക്ക് സ്വന്തമായി യന്ത്രങ്ങൾ ഇല്ല.

ലക്ഷങ്ങൾ വിലമതിക്കുന്ന കാർഷിക ഉപകരണങ്ങൾ ഉപയോഗശൂന്യമായി മണ്ണുത്തി കൃഷിഫാമിന്റെ പരിസരത്ത് തുരുമ്പെടുക്കുന്നതായി ഓഡിറ്റ് സ്ഥലപരിശോധനയിൽ കാണുവാൻ സാധിച്ചു. ഇത് കൂടാതെ 2001-ൽ കൃഷി ഡയറക്ടർ വാങ്ങി നൽകിയ 16,79,600/-രൂപ വിലയുള്ള 4 കുബോട്ടോ കമ്പയിൻഡ് ഹാർവെസ്റ്ററുകൾ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്നു. ഇതുകൂടാതെ 3 ബെയിലറുകൾ 4 മാസമായി ഫാം പരിസരത്ത് തുറന്ന അന്തരീക്ഷത്തിൽ കിടന്നു നശിക്കുകയാണ്. കൂടാതെ 2 ടെയിലറുകൾ വർഷങ്ങളായി ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. അറ്റകുറ്റപ്പണിക്കായി മണ്ണുത്തി ഫാമിലെ 7.5 എച്ച്.പി. മോട്ടോർ 25-10-2007-ൽ റെയ്ഡ്കോക്ക് നൽകിയത് നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല.

പാലക്കാട് ജില്ലയിലെ കുന്നത്തൂർ കൃഷിഫാമിൽ 2004-ൽ വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്റർ 2010-11 വർഷം 1,16,873/- രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെങ്കിലും നിലവിൽ ഉപയോഗിക്കുന്നില്ല.

മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം യന്ത്രവൽക്കരണത്തിന്റെ അഭാവമാണ്. ആധുനിക കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് ഫാമിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടില്ല. കഴിഞ്ഞ

2 വർഷത്തിനിടയിൽ ചുങ്കത്തറ കൃഷിഫാമിൽ യന്ത്രവൽക്കരണത്തിന് ജില്ലാപഞ്ചായത്ത് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. വിവിധ കൃഷികൾക്ക് നിലം ഉഴുന്നതിന് യന്ത്രങ്ങൾ അനിവാര്യമാണ്. വർഷങ്ങൾ പഴക്കമുള്ള ട്രാക്ടർ ഇടയ്ക്കിടെ കേടാകുന്നത് ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു. ഇപ്പോൾ കൃഷി വകുപ്പ് താൽക്കാലികമായി നൽകിയ ട്രാക്ടറാണ് ഫാമിൽ ഉപയോഗിക്കുന്നത്. ഫാമിലെ കാടുകൾ വെട്ടിമാറ്റുന്നതിനുള്ള വീഡ് കട്ടറുകളും കുഴി കുത്തുന്നതിനുള്ള ഓഗറും ലഭ്യമാക്കിയാൽ ഉൽപാദന ചെലവ് കുറയ്ക്കാനാകും.

കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷിഫാമിൽ കാർഷിക യന്ത്രങ്ങൾ ലഭ്യമാണെങ്കിലും പലതും പ്രവർത്തനക്ഷമമല്ല. പ്രവർത്തനരഹിതമായവ അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്തിട്ടില്ല. യന്ത്രസാമഗ്രികളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നില്ല. തന്മൂലം യന്ത്രങ്ങൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

കാസർഗോഡ് ജില്ലയിലെ പുല്ലൂർ കൃഷിഫാമിൽ യന്ത്രവൽക്കരണത്തിൽ പോരായ്മകളില്ല. എന്നാൽ ജില്ലാപഞ്ചായത്ത് 2009-10 സാമ്പത്തിക വർഷത്തിൽ വാങ്ങിയ 5 എച്ച്.പി. മോട്ടോറും അനുബന്ധ ഉപകരണങ്ങളും പമ്പ് ഹൗസിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

കൃഷിഫാമുകളുടെ നടത്തിപ്പ് ചെലവിന്റെ ഭൂരിഭാഗവും തൊഴിലാളികൾക്കുള്ള വേതനമാണ്. കാർഷിക യന്ത്രവൽക്കരണം ശരിയായ രീതിയിൽ നടപ്പാക്കിയാൽ വേതനമിനത്തിലെ ചെലവ് ഗണ്യമായി കുറയുന്നതും ഫാമുകളുടെ നടത്തിപ്പ് ചെലവ് കുറയ്ക്കുന്നതിന് കഴിയുന്നതുമാണ്. ചെലവ് കുറച്ച് ഉൽപാദനം വർദ്ധിപ്പിക്കാനുതകുന്ന, ഉപയോഗക്ഷമത ഉറപ്പുവരുത്തി കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനോടൊപ്പം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അവയുടെ സമയബന്ധിതമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ ജീവനക്കാരുടെ സേവനം കൂടി ഉറപ്പുവരുത്തുന്നതിന് ജില്ലാപഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. കൃഷി ചെലവ് കുറയ്ക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള ആധുനിക യന്ത്രവൽക്കരണത്തിന്റെ അഭാവം കൃഷി ഫാമുകളിൽ പ്രകടമാണ്.

കാലക്രമേണ കൃഷിഫാമുകൾ പൂർണ്ണമായി യന്ത്രവൽക്കരിച്ചാൽ തീർച്ചയായും ലക്ഷ്യമിടുന്ന ഉൽപാദനം കൈവരിക്കാൻ സാധിക്കും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

187. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, പെരിങ്ങമ്മല കൃഷി ഫാമുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

188. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ, കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാമുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

189. വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ കൃഷി ഫാമിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

190. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 63 ലക്ഷത്തിന്റെ കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉപയോഗശൂന്യമായ നിലയിൽ എന്ന ഓഡിറ്റ് ഖണ്ഡികയിലെ പത്തനംതിട്ട ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

191. വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കാർഷിക യന്ത്രങ്ങൾ സംരക്ഷണമില്ലാതെ നശിക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ പത്തനംതിട്ട ജില്ലയിലെ പുല്ലാട് കൃഷിഫാമിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

192. കോട്ടയം ജില്ലയിലെ വാലാച്ചിറ കമ്പയിൻഡ് ഹാർവെസ്റ്റർ യന്ത്രത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, കമ്പയിൻഡ് ഹാർവെസ്റ്റർ യന്ത്രം കാർഷിക എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് സെക്ഷന്റെ കീഴിലുള്ള കോഴയിലെ വർക്ക്ഷോപ്പിന് കൈമാറിയിട്ടുണ്ടെന്ന് കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോഴ കൃഷി ഫാം, വാലാച്ചിറ സ്റ്റേറ്റ് സീഡ് ഫാം എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

193. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷി ഫാമിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

194. ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിഫാമിലെ ഉപയോഗിക്കാതെ കിടക്കുന്ന ലക്ഷങ്ങൾ വിലമതിക്കുന്ന കാർഷികയന്ത്രങ്ങളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ഉപയോഗശൂന്യമായ കാർഷിക ഉപകരണങ്ങൾ ലേലം ചെയ്ത്

വിൽക്കുവാനും മൂല്യനിർണ്ണയം നടത്തുവാനുമുള്ള നടപടികൾ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന സ്വീകരിച്ചുവരികയാണെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി പറഞ്ഞു. കാലഹരണപ്പെട്ട യന്ത്രങ്ങളും മറ്റ് ഉപകരണങ്ങളും കാഴ്ചയ്ക്ക് അലോസരമുണ്ടാക്കുമെന്നതിനാൽ അപ്രകാരം ഒരു തരത്തിലും ഉപയോഗിക്കാൻ കഴിയാത്ത സാമഗ്രികൾ തിരിച്ചെടുത്ത് ഉപയോഗപ്രദമാക്കിക്കൂടേയെന്ന് സമിതി ആരാഞ്ഞതിന്, വകുപ്പിന്റെയും പഞ്ചായത്തിന്റെയും ഉടമസ്ഥതയിലുള്ള എല്ലാ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കിയിട്ട് ഒന്നരമാസം കഴിഞ്ഞുവെന്നും ആയത് കേരള സംസ്ഥാന മെക്കനൈസേഷൻ മിഷന് കൊടുത്തുവെന്നും ഉപയോഗിക്കാൻ കഴിയുന്നതിന്റെയും ഉപയോഗിക്കാൻ കഴിയാത്തതിന്റെയും അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തതിന്റെയും പട്ടിക തയ്യാറാക്കിയെന്നും ഇവ ലേലം ചെയ്യാനുള്ള നടപടി സ്വീകരിച്ചതിന്റെ ഭാഗമായാണ് പട്ടിക തയ്യാറാക്കിയിട്ടുള്ളതെന്നും ഇവയിൽ ഉപയോഗിക്കാൻ കഴിയുന്ന സാധനങ്ങൾ ചില സ്ഥലത്ത് ഉപയോഗിക്കുന്നുവെന്നും ഇവയുടെ ക്രമീകരണം കേരളാ സ്റ്റേറ്റ് മെക്കനൈസേഷൻ മിഷന് നൽകിയതിനാൽ അവർ വളരെ പ്രയോജനകരമായി കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

195. ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുന്ന വളരെയധികം സാധന സാമഗ്രികളുണ്ടെന്നും പൊതുമുതലായതിനാൽ ആയത് വിൽക്കുകയോ ലേലം ചെയ്യുകയോ ചെയ്യേണ്ടതുണ്ടെന്നും ചൂണ്ടിക്കാട്ടിയ സമിതി വകുപ്പിൽനിന്നും ലഭ്യമാക്കിയ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

196. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഫാമുകളിലെ കാർഷിക യന്ത്രങ്ങളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

197. തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഫാമുകളിലെ കാർഷിക യന്ത്രങ്ങളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

198. പാലക്കാട് ജില്ലയിലെ കുന്നത്തൂർ കൃഷിഫാമിലെ കമ്പൈയൻഡ് ഹാർവെസ്റ്റർ യന്ത്രം നിലവിൽ ഉപയോഗിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, പ്രസ്തുത യന്ത്രം തകരാർ പരിഹരിച്ച് നിലവിൽ ഉപയോഗിക്കുന്നുണ്ടെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. വകുപ്പിന്റെ വിശദീകരണം അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

199. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷി ഫാമിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

200. കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷിഫാമിലെ കാർഷികയന്ത്രങ്ങളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് പട്ടിക തയ്യാറാക്കിയിട്ടില്ലെന്നാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതെന്നും എന്നാൽ നിലവിൽ പ്രസ്തുത പട്ടിക തയ്യാറാക്കുകയും പ്രവർത്തിക്കാത്തവയുടെ പട്ടികയെടുക്കുകയും ചെയ്തിട്ടുണ്ടെന്നും കുറേയേറെ യന്ത്രങ്ങളുടെ തകരാർ പരിഹരിക്കുകയും അറ്റകുറ്റപ്പണി ചെയ്യാൻ കഴിയാത്തതിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതുണ്ടെന്നും യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നുണ്ടെന്നും പുതുതായി വാങ്ങിയ തേങ്ങ പൊതിക്കുന്ന മെഷീനും ചകിരി പൾവറൈസ് ചെയ്ത് കമ്പോസ്റ്റ് ചെയ്യുന്ന മെഷീനും ഉപയോഗിക്കുന്നുണ്ടെന്നും കോഴിക്കോട് കൂത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് (അഡീഷണൽ ചാർജ്) മറുപടി നൽകി.

201. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായ യന്ത്രോപകരണങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിച്ചതായി അറിയിച്ചുവെങ്കിലും രേഖ ഹാജരാക്കിയിട്ടില്ലെന്ന് പരാമർശിച്ചിട്ടുള്ളതിനാലാണ് സമിതി ചോദ്യം ഉന്നയിച്ചതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

202. നിലവിൽ പ്രസ്തുത യന്ത്രങ്ങൾ ലേലം ചെയ്തിട്ടുണ്ടോ എന്നുള്ളത് അറിയില്ലെന്നും അഡീഷണൽ ചാർജ്ജെടുത്തിട്ട് ഒരാഴ്ചയായതേയുള്ളൂവെന്നും ആയതിന്റെ പട്ടികയെടുത്ത് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെന്നും കോഴിക്കോട് ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് (അഡീഷണൽ ചാർജ്) അറിയിച്ചു. വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണം അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

203. ഓഡിറ്റ് വകുപ്പിന്റെ മറുപടി അംഗീകരിച്ച സമിതി കാസർഗോഡ് ജില്ലയിലെ പുല്ലൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**204. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**205. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

206. കൃഷി (ഫാംസ്) വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

207. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കൊട്ടാരക്കര സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

208. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

209. കൃഷി (ഫാംസ്) വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 63 ലക്ഷത്തിന്റെ കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉപയോഗശൂന്യമായ നിലയിൽ എന്ന ഓഡിറ്റ് ഖണ്ഡികയിലെ പത്തനംതിട്ട ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

210. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കാർഷിക യന്ത്രങ്ങൾ സംരക്ഷണമില്ലാതെ നശിക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ പത്തനംതിട്ട ജില്ലയിലെ പുല്ലാട് കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

211. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കോഴ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

212. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വാലാച്ചിറ സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

213. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

214. ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിഫാമിൽ ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുന്ന ലക്ഷങ്ങൾ വിലമതിക്കുന്ന വളരെയധികം സാധനസാമഗ്രികളുണ്ടെന്നും പൊതുമുതലായതിനാൽ ആയത് വിൽക്കുകയോ ലേലം ചെയ്യുകയോ ചെയ്യേണ്ടതുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പ്രസ്തുത നിരീക്ഷണത്തോടെ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

215. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഫാമുകളിലെ കാർഷിക യന്ത്രങ്ങളെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

216. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഫാമുകളിലെ കാർഷിക യന്ത്രങ്ങളെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

217. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കുന്നത്തൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

218. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

219. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

220. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പുല്ലൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**വിത്ത്-വളം സംഭരണം, ഉപയോഗം**

ഭൂരിഭാഗം കൃഷി ഫാമുകളിലും വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവയുടെ സംഭരണവും ഇടപാടുകളും സുതാര്യമാണ്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിത്ത്, വളം എന്നിവയുടെ സംഭരണത്തിനായി 2010-11, 2011-12 എന്നീ വർഷങ്ങളിലെ ചെലവ് ചുവടെ ചേർത്തിരിക്കുന്നു.

**ഫാം - വിത്ത്, വളം സംഭരണം**

| ജില്ല | സ്ഥാപനം | വിത്ത് സംഭരണം ചെലവഴിച്ച തുക (₹) | | വളം/കീടനാശിനി സംഭരണം ചെലവഴിച്ച തുക (₹) | |
|---|---|---|---|---|---|
| | | 2010-11 | 2011-12 | 2010-11 | 2011-12 |
| തിരുവനന്തപുരം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ചിറയിൻകീഴ് | - | 6381 | 145740 | 124645 |
| | ജില്ലാ കൃഷി ഫാം, പെരിങ്ങമ്മല | 45000 | 99800 | ലഭ്യമല്ല | 125690 |
| കൊല്ലം | ജില്ലാ കൃഷി ഫാം, അഞ്ചൽ | 3702 | 62183 | 90493 | 257502 |
| | കോക്കനട്ട് ഫാം, കരുനാഗപ്പള്ളി | 106600 | 2834931 | 22615 | 84765 |
| പത്തനംതിട്ട | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, അടൂർ | - | - | 125822 | 108481 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പുല്ലാട് | - | 2520 | 156385 | 155090 |

| | | | | | |
|---|---|---|---|---|---|
| കോട്ടയം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കോഴ | 27380 | 38080 | 66510 | 59360 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, വാലാച്ചിറ | 22123 | 930 | 83701 | 186450 |
| | ജില്ലാ കൃഷി ഫാം, കോഴ | 5200 | 3805 | 475280 | 610842 |
| ഇടുക്കി | ജില്ലാ കൃഷി ഫാം, അരീക്കുഴ | 2000 | 5000 | 5270 | 46129 |
| ആലപ്പുഴ | ജില്ലാ കൃഷി ഫാം, മാവേലിക്കര | 1051750 | 59050 | 2276137 | 588012 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, വിയാപുരം | - | - | 232654 | 402506 |
| എറണാകുളം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ഒക്കൽ | 7180 | 1920 | - | - |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ആലുവ | - | - | 18575 | 212715 |
| തൃശ്ശൂർ | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, മണ്ണുത്തി | - | - | 89884 | 149829 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, എടത്തിരുത്തി | - | - | 34400 | 57099 |

| | | | | | |
|---|---|---|---|---|---|
| പാലക്കാട് | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കുന്നത്തൂർ | 1360 | 1360 | 36840 | 56005 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, മുതലമട | 2040 | 2040 | 1125 | 82253 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കോങ്ങാട് | 340 | 680 | 12792 | 22600 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ആലത്തൂർ | 1360 | 1360 | 18918 | 56324 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, അനങ്ങനടി | 1360 | 2040 | 31476 | 19817 |
| മലപ്പുറം | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, ചോക്കാട് | 680 | 680 | 91760 | 25265 |
| | ജില്ലാ കൃഷി ഫാം, ചുങ്കത്തറ | 1810 | 49780 | 20929 | 132907 |
| കോഴിക്കോട് | ജില്ലാ കൃഷി ഫാം, കൂത്താളി | 41137 | 222568 | 301856 | 368686 |
| | കോക്കനട്ട് ഫാം തിക്കോടി | 3720 | 8555 | - | - |
| കണ്ണൂർ | ജില്ലാ കൃഷി ഫാം, കരിമ്പം | 1800 | 3200 | 148500 | 275500 |
| | കോക്കനട്ട് ഫാം, പാലയാട് | 1865000 | 1569302 | 338525 | 70709 |

| | | | | | |
|---|---|---|---|---|---|
| കാസർഗോഡ് | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, പുല്ലൂർ | 37610 | 74200 | 118218 | 458192 |
| | സംസ്ഥാന വിത്തുൽപാദന കേന്ദ്രം, കാസർഗോഡ് | 13400 | 30540 | 90745 | 256810 |

**അപാകങ്ങൾ**

മാവേലിക്കര കൃഷിത്തോട്ടത്തിലെ 'എ' ബ്ലോക്കിൽ മണ്ണിര കമ്പോസ്റ്റ് പ്ലാന്റ് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്നു. ടൺ കണക്കിന് ജൈവാവശിഷ്ടങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്ന ഈ ഫാമിൽ മണ്ണിര കമ്പോസ്റ്റ് നിഷ്പ്രയാസം പ്രവർത്തനക്ഷമമാക്കാവുന്നതാണ്. ലഭ്യമായ ഉറവിടങ്ങൾ പൂർണ്ണമായി ഉപയോഗപ്രദമാക്കാതെ വില കൊടുത്ത് വളം വാങ്ങുന്ന രീതി അഭികാമ്യമല്ല.

ആലുവ വിത്തുൽപാദന കേന്ദ്രത്തിൽ വാങ്ങിയ വിത്തിനങ്ങൾ കൃത്യമായി രജിസ്റ്ററുകളിൽ ചേർക്കുന്നതിനും വർഷാവസാനം സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നതിനും ശ്രദ്ധചെലുത്തുന്നില്ല.

തൃശ്ശൂർ മണ്ണുത്തി സീഡ് ഫാമിൽ 28-1-2012-ന് വാങ്ങിയ 6055 കിലോഗ്രാം ജ്യോതി നെൽവിത്തിൽ (വിരിപ്പ്) 750 കിലോഗ്രാം സീഡ് സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ്. എടത്തുരുത്തി സീഡ് ഫാമിൽ 2100 കിലോഗ്രാം നെൽവിത്ത് നീക്കിയിരിപ്പുണ്ട്. കാലപ്പഴക്കം വിത്തുകളുടെ അങ്കുരണശേഷി നഷ്ടപ്പെടുത്തുന്നു. വിത്തിന്റെ അങ്കുരണശേഷി കാലയളവ് 26-11-2012-ൽ അവസാനിക്കുന്നതാണ്. സംസ്ഥാന വിത്ത് വികസന അതോറിറ്റി യഥാസമയം സീഡ് ഫാമുകളിൽ നിന്ന് വിത്ത് സംഭരിക്കാത്തതിനാൽ ഇവ്വിധം വിത്തുകളുടെ അങ്കുരണശേഷി കുറയുകയും, കർഷകർക്ക് ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമല്ലാതാവുകയും ചെയ്യുന്നു. മേൽത്തരം നെൽവിത്തുകൾ കർഷകർക്ക് ലഭ്യമാക്കുകയെന്ന ഫാമുകളുടെ ലക്ഷ്യത്തിന് വിരുദ്ധമാണിത്.

മലപ്പുറം ചോക്കാട് സ്റ്റേറ്റ് സീഡ് ഫാമിൽ ഉൽപാദിപ്പിക്കുന്ന നെൽവിത്തുകൾ യഥാസമയം കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റി സംഭരിക്കുന്നില്ല. 2010-11 വർഷത്തിൽ ഉൽപാദിപ്പിച്ച 3105 കിലോഗ്രാം നെൽവിത്ത് ഉപയോഗശൂന്യമായി. അതോറിറ്റിയുടെ ആവശ്യകത ഉറപ്പുവരുത്തി ശേഷിക്കുന്ന വിത്തുകൾ യഥാസമയം വിൽപ്പന നടത്തിയിരുന്നുവെങ്കിൽ ഈ നഷ്ടം ഒഴിവാക്കാമായിരുന്നു.

കണ്ണൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള പാലയാട് തെങ്ങിൻതൈ ഉൽപാദന കേന്ദ്രത്തിൽ സംഭരിച്ച വിത്ത് തേങ്ങകൾ തുറസ്സായ സ്ഥലത്താണ് സൂക്ഷിക്കുന്നത്. ഇത് വിത്തിന്റെ ഗുണമേന്മയെ ബാധിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

221. ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിത്തോട്ടത്തിലെ 'എ' ബ്ലോക്കിൽ മണ്ണിര കമ്പോസ്റ്റ് പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയ ഉപകരണങ്ങൾ വകുപ്പിൽനിന്ന് നേരിട്ട് കൊടുക്കാൻ കഴിയാത്തതുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് പട്ടിക കൊടുത്ത് അതനുസരിച്ച്  തുടർനടപടി സ്വീകരിക്കുകയാണ് ചെയ്യുന്നതെന്ന് കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ മറുപടി നൽകി. മണ്ണിര കമ്പോസ്റ്റിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് ആയത് നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ കാര്യക്ഷമത കുറഞ്ഞതുകൊണ്ട് പുതിയത് ഒന്നുകൂടി സ്ഥാപിച്ചുവെന്നും രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.)യിൽ പ്രതിവർഷം 3 ടൺ  ഉൽപാദനശേഷിയുള്ള ഒരു മണ്ണിര കമ്പോസ്റ്റ് യൂണിറ്റും കൂടി സ്ഥാപിച്ചിട്ടുണ്ടെന്നും രണ്ട് യൂണിറ്റുകളും പ്രവർത്തനക്ഷമമാണെന്നും ഫാം വേസ്റ്റ് ഉപയോഗിച്ചും ആയത് നടപ്പാക്കുന്നുണ്ടെന്നും കൃഷി (ഫാംസ്) വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

222. മണ്ണിര കമ്പോസ്റ്റ് പ്ലാന്റ് പ്രവർത്തനക്ഷമമല്ലെന്നാണ് ഓഡിറ്റ് വകുപ്പിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ആയത് ഇപ്പോഴും  പ്രവർത്തനക്ഷമമല്ലെന്നും പുതിയ വേറൊരെണ്ണം പ്രവർത്തിക്കുന്നുവെന്നുവെന്നുള്ളത് ശരിയാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

223. മാവേലിക്കരയിലെ ജില്ലാ കൃഷിത്തോട്ടത്തിൽ മണ്ണിര കമ്പോസ്റ്റ് നിലവിൽ പ്രവർത്തനക്ഷമമാണെന്നും പ്രസ്തുത യൂണിറ്റ് പ്രതിവർഷം 6 ടൺ കമ്പോസ്റ്റാണ് ഉൽപാദിപ്പിക്കുന്നതെന്നും എന്നാൽ പ്രസ്തുത അളവ് ഫാമിലെ പ്രവർത്തനങ്ങൾക്ക് തികയാത്തതിനാൽ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി പ്രതിവർഷം 3 ടൺ ഉൽപാദനശേഷിയുള്ള ഒരു മണ്ണിര കമ്പോസ്റ്റ് യൂണിറ്റും കൂടി സ്ഥാപിച്ചിട്ടുണ്ടെന്നും കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ സൂചിപ്പിച്ചപ്പോൾ ആയതിന്മേലുള്ള റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു.  ആലപ്പുഴയിലെ സ്ഥിതി ഒന്നുകൂടി പരിശോധിക്കുന്നതിൽ തെറ്റില്ലെന്ന് സമിതി സൂചിപ്പിച്ചു.

224. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ആലുവ വിത്തുൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

225. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

226. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചോക്കാട് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

227. വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള പാലയാട് തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**228. ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിലെ ജില്ലാ കൃഷിത്തോട്ടത്തിൽ മണ്ണിര കമ്പോസ്റ്റ് നിലവിൽ പ്രവർത്തനക്ഷമമാണെന്നും പ്രസ്തുത യൂണിറ്റ് പ്രതിവർഷം 6 ടൺ കമ്പോസ്റ്റാണ് ഉൽപാദിപ്പിക്കുന്നതെന്നും എന്നാൽ പ്രസ്തുത അളവ് ഫാമിലെ പ്രവർത്തനങ്ങൾക്ക് തികയാത്തതിനാൽ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി പ്രതിവർഷം 3 ടൺ ഉൽപാദനശേഷിയുള്ള ഒരു മണ്ണിര കമ്പോസ്റ്റ് യൂണിറ്റും കൂടി സ്ഥാപിച്ചിട്ടുണ്ടെന്നും കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ ആലപ്പുഴയിലെ സ്ഥിതി ഒന്നുകൂടി പരിശോധിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.**

**229. കൃഷി (ഫാംസ്) വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ആലുവ വിത്തുൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**230. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**231. കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചോക്കാട് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**232. കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്തിനു കീഴിലുള്ള പാലയാട് തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫാം ഉൽപന്ന വിപണന വിവരങ്ങൾ**

പ്രാദേശിക കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിവിധയിനം നടീൽ വസ്തുക്കളും വിത്തുകളും ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക എന്നതാണ് ഫാമുകളുടെ പ്രവർത്തന ലക്ഷ്യം. ഫാമിലെ വിൽപ്പന കൗണ്ടർ വഴിയും വിവിധ കൃഷിഭവനുകൾ വഴിയുമാണ് നടീൽ വസ്തുക്കൾ കർഷകർക്ക് എത്തിക്കുന്നത്. സംസ്ഥാന കൃഷി വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലാണ് നടീൽ വസ്തുക്കളും വിത്തുകളും വിൽപ്പന നടത്തുന്നത്. തന്മൂലം മിതമായ വില മാത്രമേ കർഷകർക്ക് നൽകേണ്ടതുള്ളൂ. ഇതോടൊപ്പം ഫാമിലെ മറ്റ് ഉൽപന്നങ്ങളും വിപണനം നടത്തുന്നുണ്ട്. പ്രാദേശിക വില നിലവാരം പരിഗണിച്ചാണ് ഇപ്രകാരമുള്ള ഉൽപന്നങ്ങളുടെ വില നിശ്ചയിക്കുന്നത്. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ കൂടുന്ന വിലനിർണ്ണയ കമ്മിറ്റിയാണ് ഇപ്രകാരം വിപണിയുടെ വില നിശ്ചയിക്കുന്നത്. ഈ കമ്മിറ്റിയിൽ ജില്ലാപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും അംഗമായിരിക്കും. ഇപ്രകാരം വിൽപ്പന നടത്തി കിട്ടുന്ന തുക ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ അടയ്ക്കുകയാണ് ചെയ്യുന്നത്.

ഉൽപന്ന വിപണനത്തിന്റെ വരവ്-ചെലവ്, സ്റ്റോക്ക് വിറ്റഴിക്കൽ എന്നിവയുടെ രജിസ്റ്ററുകൾ ഫാമുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഭൂരിഭാഗം കൃഷിഫാമുകളും ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഫാം ഉൽപന്നങ്ങൾ യഥാസമയം വിറ്റഴിക്കുവാൻ സാധിക്കുന്നുണ്ട്. പ്രാദേശിക കർഷകരുടെ ആവശ്യാനുസരണം വിത്തുകളും തൈകളും ലഭ്യമാക്കാൻ ഭൂരിഭാഗം കൃഷിഫാമുകൾക്കും കഴിയുന്നുണ്ട്. സീഡ് ഫാമുകൾ വിത്തുകൾ ഭൂരിഭാഗവും കേരളാ സ്റ്റേറ്റ് സീഡ് അതോറിറ്റിക്കാണ് നൽകി വരുന്നത്.

പ്രധാന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് എല്ലാ കൃഷിഫാമുകളിലും സെയിൽസ് കൗണ്ടറുകൾ തുടങ്ങേണ്ടതാവശ്യമാണ്. കൂടാതെ വിവിധ ഉൽപന്നങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിനുവേണ്ട സംവിധാനങ്ങളും എല്ലാ കൃഷി ഫാമുകളിലുമുണ്ടാകേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

233. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഫാം ഉൽപന്ന വിപണന വിവരങ്ങൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**234. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഫാം ഉൽപന്ന വിപണന വിവരങ്ങൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫാം വരവും ചെലവും**

ആദായകരമായ സംരംഭങ്ങൾ എന്ന നിലയിൽ കൃഷിഫാമുകളെ കാണാനാവില്ല. എങ്കിലും ഫാമുകളുടെ വരുമാനവും, ചെലവും പഠന വിധേയമാക്കുകയുണ്ടായി. 2008-09 മുതൽ 2011-12 വരെയുള്ള വർഷങ്ങളിൽ നടീൽ വസ്തുക്കളുടെയും ഉൽപന്നങ്ങളുടെയും വിൽപ്പനയിലൂടെ ലഭിച്ച വരവിന്റെയും ഫാം നടത്തിപ്പിനായി ചെലവഴിച്ച തുകയുടെയും വിവരം താഴെ കൊടുക്കുന്നു. ഫാമിൽ നിന്നുള്ള വരവ് ജില്ലാപഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്യുന്നത്. ഫാമുകളിൽ നിന്നുള്ള വരുമാനം അവയുടെ നടത്തിപ്പിന് തികയുന്നില്ല എന്ന കാര്യം ചുവടെ കൊടുക്കുന്ന കണക്കുകളിൽ നിന്ന് വ്യക്തമാകുന്നു.

| വർഷം | ആകെ വരവ് (കോടി) | ചെലവ്-എസ്റ്റാബ്ലിഷ്മെന്റ് ചാർജസ് (കോടി) | ആകെ ചെലവ് (കോടി) |
|---|---|---|---|
| 2008-09 | 7.096 | 11.352 | 16.667 |
| 2009-10 | 5.744 | 11.061 | 16.732 |
| 2010-11 | 5.597 | 11.412 | 17.549 |
| 2011-12 | 6.749 | 19.399 | 27.648 |

ഫാമുകളിലെ വിവിധയിനം വിത്തുകളുടെയും തൈകളുടെയും ഉൽപാദനത്തിലും വിൽപ്പനയിലുമുണ്ടാകുന്ന കുറവാണ് വരവ് കുറയുന്നതിന് കാരണം. മാത്രമല്ല വിത്തും, തൈകളും വിൽപ്പന നടത്തുമ്പോൾ ലഭ്യമാകുന്ന തുക മാത്രം വരവിനത്തിൽ ഉൽപ്പെടുത്തുമ്പോൾ ചെലവിനത്തിൽ, ഉൽപാദനത്തിന് ചെലവാകുന്ന തുകയുടെ കൂടെ വകുപ്പുതല ചെലവുകളും ജീവനക്കാരുടെ വേതനം, ഓഫീസ് ചെലവുകൾ, പെട്രോൾ, ഡീസൽ, വൈദ്യുതി മുതലായ ചെലവുകളും, തൊഴിലാളികളുടെ കൂലി, യാത്രാബത്ത തുടങ്ങിയവയും കണക്കിലെടുക്കുന്നു.

ഫാം നടത്തിപ്പ് ചെലവിന്റെ ഭൂരിഭാഗവും ഉദ്യോഗസ്ഥരുടെ ശമ്പളവും തൊഴിലാളികളുടെ വേതനവും ഇനത്തിലുള്ളതാണ്. കാർഷിക യന്ത്രവൽക്കരണം ശരിയായ വിധത്തിൽ നടപ്പിലാക്കാത്തത് ഫാമിന്റെ നടത്തിപ്പ് ചെലവിൽ വൻ വർദ്ധനവിനിടയാക്കുന്നുണ്ട്. കർഷകർക്ക് കുറഞ്ഞ നിരക്കിൽ വിത്ത്/തൈ, കാർഷിക വിളകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനും, കർഷകർക്ക് ആവശ്യമായ സഹായവും പരിശീലനവും നൽകുന്നതിനും ഉദ്ദേശിച്ചാണ് കൃഷിഫാമുകൾ സ്ഥാപിച്ചിരിക്കുന്നത്. എങ്കിലും ഫാമിന് ലഭ്യമായ സ്ഥല സൗകര്യവും മനുഷ്യ വിഭവവും കാര്യക്ഷമമായി പ്രയോജനപ്പെടുത്തി പരമാവധി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഫാം അധികാരികളും, ജില്ലാപഞ്ചായത്ത് അധികാരികളും ശ്രദ്ധപതിപ്പിക്കേണ്ടതും വരുമാനം ഉയർത്തേണ്ടതും അത്യാവശ്യമാണ്. ഫാമിന്റെ നടത്തിപ്പ് സംസ്ഥാന സർക്കാരിന്/ജില്ലാപഞ്ചായത്തിന് ബാധ്യതയായി മാറാതിരിക്കാൻ ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

235. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഫാം വരവും ചെലവും എന്ന ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**236. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഫാം വരവും ചെലവും എന്ന ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫാം സാമ്പത്തിക ഇടപാടുകളിൽ പോരായ്മകൾ**

ജില്ലാപഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ഫാമുകളുടെ വരുമാനം ജില്ലാപഞ്ചായത്തുകളുടെ തനത് ഫണ്ടിലാണ് ഒടുക്കുന്നത്. ഭൂരിഭാഗം കൃഷിഫാമുകളും സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട രേഖകൾ കൃത്യതയോടും ചിട്ടയായും സൂക്ഷിക്കുന്നുണ്ട്. വരവുകൾ ജില്ലാപഞ്ചായത്തിൽ ഒടുക്കുകയും അതിന്റെ രസീതുകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഫാമുകൾക്ക് അക്കൗണ്ടിംഗ് സമ്പ്രദായം നിലവിലില്ല. വരവുചെലവുകൾ പ്രത്യേകം തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കുന്നുമില്ല.

ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന വിത്തുകളും തൈകളും ആവശ്യാനുസരണം എഫ്.ടി. ഇൻവോയ്സുകൾ പ്രകാരം വിവിധ കൃഷിഭവനുകൾ, വിത്ത് വികസന അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകുകയും അവയുടെ വില പ്രസ്തുത സ്ഥാപനങ്ങൾ ജില്ലാപഞ്ചായത്തിൽ അടവാക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്. വിറ്റഴിക്കുന്ന വിത്തുകളുടെയും തൈകളുടെയും വില കൃഷിഭവനുകൾ ഫാമിൽ ഒടുക്കുന്നതിന് പകരം ട്രഷറിയിൽ നേരിട്ട് ഒടുക്കുന്ന സംഭവങ്ങളും ഉണ്ട്. പലപ്പോഴും ഫാമുകൾക്ക് ഇൻവോയ്സ്/ചെല്ലാൻ പകർപ്പുകൾ കൈമാറാത്തതിനാൽ ഫാമിന്റെ കൃത്യമായ വരവ് തിട്ടപ്പെടുത്താനാവുന്നില്ല.

ഉദാ:

- അഞ്ചൽ കൃഷിഫാം, കൊല്ലം
- വിത്തുൽപാദനകേന്ദ്രം, ആലുവ
- കൃഷിഫാമുകൾ, തൃശ്ശൂർ

ഇത്തരത്തിലുള്ള സാമ്പത്തിക ഇടപാട് നിർത്തലാക്കി ഫാമിൽ നിന്ന് വിതരണം ചെയ്യുന്ന ഉൽപന്നങ്ങളുടെ എല്ലാ തുകയും ഫാമിൽ ഒടുക്കിയ ശേഷം ജില്ലാപഞ്ചായത്തിൽ അടക്കാനുള്ള സംവിധാനം നടപ്പിൽ വരുത്തുന്നത് ഫാമിന്റെ സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കാൻ സഹായിക്കും.

പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാമിൽ നിന്നുള്ള വരവുകൾ ഫാമിന്റെ പ്രവർത്തനത്തിന് പൂർണ്ണമായും ചെലവഴിക്കപ്പെടുന്നില്ല. ഫാമിൽ നിന്നുള്ള വരവിനത്തിൽ 9,21,769/- രൂപ ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിച്ചിട്ടും ഫാമിന് ആവശ്യമായ ഫണ്ട് അലോട്ട് ചെയ്യാൻ കാലതാമസം നേരിടുന്നുണ്ട്. ഫാമിൽ നിന്നുള്ള വരവ് തുകകൾ ഫാമിന്റെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ടതും, ആവശ്യപ്പെടുന്ന തുക യഥാസമയം അനുവദിക്കേണ്ടതുമാണ്.

കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന തൈകൾ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് പുറമേ, ചില വർഷങ്ങളിൽ കണ്ണൂർ, കാസർഗോഡ്, വയനാട്, കൊല്ലം തുടങ്ങിയ മറ്റ് ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർക്കും വിതരണം ചെയ്യുന്നുണ്ട്. എന്നാൽ വിതരണം ചെയ്യുന്ന തൈകളുടെ വില ഈടാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സ്ഥാപനത്തിന് കഴിയുന്നില്ല. ഫാം പ്രൊഡ്യൂസ് രജിസ്റ്റർ, തെങ്ങിൻതൈ വിതരണ രജിസ്റ്റർ, രശീതികൾ, മറ്റ് അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ 2010-11-ൽ വിതരണം ചെയ്ത തെങ്ങിൻതൈകളുടെ വിലയായി 9,84,745/- രൂപയും 2011-12-ൽ 2,17,072/- രൂപയും 2012-13-ൽ 4,59,656/- രൂപയും പിരിഞ്ഞ് കിട്ടേണ്ടതുണ്ട്. ഫാം കൗൺസിൽ, ഫാം മാനേജ്മെന്റ് കമ്മിറ്റി എന്നീ മോണിറ്ററിംഗ് സംവിധാനങ്ങളും ഈ അപാകത ശ്രദ്ധിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ ജില്ലാപഞ്ചായത്ത് അധികാരികളുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതും ലഭിക്കുവാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളിൽ നിന്നുള്ള വരുമാനം അതേ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കണമെന്ന വ്യവസ്ഥ മിക്കയിടത്തും പാലിക്കുന്നില്ല. ഫാമിൽ നിന്ന് കാലാകാലങ്ങളിൽ ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്ന തുകകൾ ഫാമിന്റെ ആവശ്യത്തിലേക്ക് ചെലവഴിക്കപ്പെടുന്നില്ല. ഫാമുകളുടെ ആവശ്യങ്ങൾക്കായി ഫാം അധികൃതർ ആവശ്യപ്പെടുന്ന ഫണ്ട് യഥാസമയം പൂർണ്ണമായും ലഭ്യമാക്കുന്നതിൽ ചില ജില്ലാപഞ്ചായത്തുകളെങ്കിലും വിമുഖത കാണിക്കുന്നുണ്ട്. കൂടാതെ ഫാമിൽ കൃത്യമായ ഒരു അക്കൗണ്ടിംഗ് സംവിധാനം ഇല്ലാത്തതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുവാനും കൃതമായി വീഴ്ചകൾ പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും സാധിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

237. അഞ്ചൽ കൃഷി ഫാമിൽ നിന്നും മറുപടി ലഭ്യമായിട്ടില്ലെന്ന് സൂചിപ്പിച്ച സമിതി ഫാമിലെ നിലവിലെ സ്ഥിതിയെക്കുറിച്ച് ആരാഞ്ഞു. അഞ്ചൽ കൃഷിഫാമിൽ നിന്നുള്ള ഒരു ഉൽപന്നം ഒരു കൃഷിഫാമിലേയ്ക്ക് കൊടുത്താൽ കൃഷി ഫാം ആയതിന് ഇൻവോയിസ് കൊടുത്തശേഷമാണ് തുക മാറുന്നതെന്നും പ്രസ്തുത തുക കൃഷിഫാമിലെ കൃഷി ഓഫീസർ ബില്ല് മാറി ജില്ലാപഞ്ചായത്തിലേയ്ക്ക് നൽകുന്ന രീതിയാണ് തുടർന്നു കൊണ്ടിരിക്കുന്നതെന്നും കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

238. ഓഡിറ്റ് വകുപ്പിൽ നിന്നും പരിധി നിശ്ചയിച്ച് മാത്രമാണ് തുക നൽകുന്നതെന്നും അല്ലെങ്കിൽ നിയമപരമായി നിർദ്ദേശം വേണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള സാമ്പത്തിക ഇടപാട് എങ്ങനെ ക്രമീകരിക്കണമെന്ന് നിർദ്ദേശിക്കേണ്ടതുണ്ടെന്നും വകുപ്പുകളിൽ ഇൻവോയിസിന് ശരിയായ അക്കൗണ്ടിംഗ് സംവിധാനം ഉള്ളത് ആയത് കേന്ദ്രീകൃതമായതിനാലാണെന്നും എന്നാൽ ഫാമുകൾ വ്യക്തിഗത സ്ഥാപനങ്ങളായതിനാൽ ഫാമുകൾ തമ്മിലുള്ള സാമ്പത്തിക ഇടപാടുകൾ എങ്ങനെ അക്കൗണ്ട് ചെയ്യണമെന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങളുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

239. ഫാം ജനകീയാസൂത്രണ പദ്ധതി പ്രകാരമാണ് കൃഷിഭവനിൽ നൽകുന്നതെങ്കിൽ പ്രസ്തുത ഇൻവോയിസ് വച്ച് കൃഷി ഓഫീസർ ബില്ല് മാറി ഫാമിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നവെന്നും സൗജന്യ വിതരണമായാണ് നൽകുന്നതെങ്കിൽ തുക പിൻവലിച്ചിട്ട് അംഗീകരിക്കുകയാണ് ചെയ്യുന്നതെന്നും കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ അറിയിച്ചു.

240. സൗജന്യ വിതരണം എന്നതിൽ കൃഷിഭവനെ സംബന്ധിച്ച് മാത്രമാണ് സൗജന്യമെന്നും അത് ഉൽപാദിപ്പിച്ച ഫാമിനെ സംബന്ധിച്ച് സൗജന്യമല്ലെന്നും ഫാമിന് പണം കൊടുക്കുകതന്നെ വേണമെന്നും അല്ലെങ്കിൽ അതെങ്ങനെ അക്കൗണ്ടിംഗ് ചെയ്യണമെന്ന നിർദ്ദേശം സർക്കാർ നൽകുകയോ ഉത്തരവ് പ്രകാരം ക്രമപ്പെടുത്തുകയോ വേണമെന്നും ഓഡിറ്റ് വകുപ്പിന്റെ കണക്കനുസരിച്ച് വലിയ തുക കൃഷി ഡയറക്ടർക്ക് കൊടുക്കാനുണ്ടെന്നും അത് ജില്ലാപഞ്ചായത്തിൽ നിന്നും കിട്ടാനുള്ള തുകയായി കണക്കുകൂട്ടേണ്ട സാഹചര്യത്തിൽ ആയത് സംബന്ധിച്ച് അക്കൗണ്ടിംഗിൽ കൃത്യമായ നിർദ്ദേശമില്ലാതെ ഇത് ക്രമപ്പെടുകയില്ലെന്നും പണത്തിന്റെ മൂല്യം ഉയരുമ്പോൾ സ്റ്റോക്കിൽ വരുന്ന ഒരു സാധനം വാങ്ങാൻ കഴിയാതെ വരുമ്പോൾ അതിനെ എങ്ങനെയാണ് സ്റ്റോക്കിൽ കുറയ്ക്കേണ്ടതെന്നും ഉദാഹരണമായി സ്റ്റോക്കിൽ 10000 രൂപയുണ്ടായിരുന്നപ്പോൾ പ്രസ്തുത വർഷം മൂന്ന് മാസം കഴിഞ്ഞപ്പോൾ ആറ് ചെടികൾ കരിഞ്ഞുപോയി 200 രൂപയുടെ നഷ്ടം വരുന്ന സാഹചര്യത്തിൽ അതിനെ ക്രമപ്പെടുത്തുന്നതിന് കൃത്യമായ ചട്ടപ്രകാരമുള്ള ഒരു ക്രമീകരണമില്ലെങ്കിൽ വലിയ പ്രയാസമുണ്ടാക്കുമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

241. ഫാമിന്റെ ഉൽപന്നങ്ങൾ വിതരണം ചെയ്യുമ്പോൾ ട്രഷറിയിൽ നിന്നും ബില്ല് മാറിക്കഴിഞ്ഞ് ആയതിന്റെ വിവരം കൃത്യമായി നൽകുന്നില്ലെന്നതാണ് ഫാമുകളുടെ ഓഡിറ്റിൽ ഏറ്റവും കൂടുതൽ വരുന്നതെന്നും ഫാമുകളുടെ അക്കൗണ്ടിൽ വന്നശേഷം ഓരോന്നും പ്രത്യേകം തിരിച്ചറിഞ്ഞശേഷമാണ് ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നതെന്നും അങ്ങനെയുണ്ടായിരുന്ന 45 ലക്ഷം രൂപ 9 ലക്ഷം രൂപയ്ക്കുടുത്തേയ്ക്ക്

കൊണ്ടുവരാൻ കഴിഞ്ഞുവെന്നും വളരെ വർഷത്തെ തുകയായതിനാൽ പലതും തിരിച്ചറിയുന്നതിന് കഴിയുന്നില്ലെന്നുള്ള പ്രശ്നമുണ്ടെന്നും കോഴിക്കോട് കൂത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് അറിയിച്ചു.

242. സോഫ്റ്റ്‌വെയർ സാങ്കേതികവിദ്യയുടെ കാലത്താണ് ആരുടേതാണെന്ന് തിരിച്ചറിയാതെ കിടന്ന തുകയുടെ പേരിൽ പ്രശ്നമുണ്ടായതെന്നും പുതുതായി വന്ന തുക അക്കൗണ്ട് ചെയ്ത് അത് ജില്ലാപഞ്ചായത്തിൽ അടയ്ക്കുന്നതിനുപകരം തിരിച്ചറിയാതെ സ്വന്തം അക്കൗണ്ടിൽ കിടന്ന തുകയാണ് ജില്ലാപഞ്ചായത്തിലേയ്ക്ക് മാറ്റിയിരിക്കുന്നതെന്നും പ്രഥമദൃഷ്ട്യാ നോക്കുമ്പോൾ അക്കൗണ്ടിൽ വന്ന തുകയും ജില്ലാപഞ്ചായത്തിൽ അടച്ച തുകയും ഏകദേശം ഒന്നായി തോന്നുമെങ്കിലും രണ്ടും രണ്ടാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദമാക്കി.

243. സംസ്ഥാനത്തിന് മൊത്തമായി ഫാമുകളുടെ അക്കൗണ്ടിംഗ് സംബന്ധിച്ച് ഒരു സോഫ്റ്റ്‌വെയർ ഉണ്ടായിരുന്നുവെങ്കിൽ നന്നായിരുന്നുവെന്ന് കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി തദവസരത്തിൽ സമിതിയെ ബോധിപ്പിച്ചു.

244. ഇത്തരം കാര്യങ്ങൾ സംസ്ഥാന സർക്കാർ ഒരു ചട്ടപ്രകാരം ക്രമപ്പെടുത്തണമെന്നും അതിനുശേഷമേ സോഫ്റ്റ്‌വെയർ പ്രായോഗിക തലത്തിൽ അംഗീകരിക്കാൻ നിർവ്വാഹമുള്ളൂവെന്നും സോഫ്റ്റ്‌വെയർ ഡെവലപ്പർക്ക് ചട്ടമുണ്ടാക്കാൻ അധികാരം കൊടുക്കാൻ കഴിയില്ലെന്നും ചട്ടങ്ങൾ ആദ്യം വരുന്നതിനനുസരിച്ച് സോഫ്റ്റ്‌വെയറിൽ ക്രമീകരണങ്ങൾ ചെയ്യണമെന്നും കേന്ദ്രീകൃതമാക്കി അയയ്ക്കാൻ വേണ്ടി സോഫ്റ്റ്‌വെയർ മെച്ചപ്പെടുത്താവുന്നതാണെന്നും മൊത്തത്തിൽ ഓൺലൈൻ ട്രാൻസാക്ഷൻ അക്കൗണ്ട് ചെയ്യുന്നുണ്ടെന്നും ഓരോരുത്തരും വികസിപ്പിക്കുന്ന ഓൺലൈൻ ട്രാൻസാക്ഷനുവേണ്ടി ജില്ലാപഞ്ചായത്തിന്റെ തുക നിലവിൽ കൃഷി വകുപ്പിന്റെ ഒരു അക്കൗണ്ടിലാണെന്നും ഓൺലൈൻ ക്രമീകരണത്തിനായി താൽക്കാലികമായിട്ടുള്ള സംവിധാനമാണതെന്നും ജില്ലാപഞ്ചായത്തിന്റെ തുക ജില്ലാപഞ്ചായത്തിന്റെ അനുമതിയില്ലാതെ വേറെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ ആയത് ക്രമപ്പെടുത്തേണ്ടതുണ്ടെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിലയിരുത്തി.

245. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി അഞ്ചൽ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

246. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അഞ്ചൽ കൃഷി ഫാം, ആലുവ വിത്തുൽപാദന കേന്ദ്രം, തൃശ്ശൂർ കൃഷിഫാമുകൾ എന്നിവ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

247. പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാമിന്റെ ആവശ്യത്തിനായി തുക അനുവദിച്ചിട്ടും രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് നിലവിലെ സ്ഥിതി സമിതി ആരാഞ്ഞപ്പോൾ, ക്രമക്കേടുകളുള്ളതിനാൽ രേഖകളെല്ലാം സംസ്ഥാനതലത്തിൽ ക്രമീകരിക്കാൻ ബുദ്ധിമുട്ടാണെന്നും ഫാമിന്റെ സ്ഥിരനിക്ഷേപം സൂക്ഷിക്കുന്നതിനുള്ള അനുമതി താല്ക്കാലികമായി പൊതുവായ ഒരു ക്രമീകരണത്തിലൂടെ നിയമംവഴി അനുവദിച്ചുകൊടുക്കുകയാണെങ്കിൽ ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കാമായിരുന്നുവെന്നും അടിയന്തരമായി തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ ജില്ലാപഞ്ചായത്തിന്റെ അനുവാദത്തോടെ തുക ലഭിക്കുന്നത് ബുദ്ധിമുട്ടാകുമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചിട്ടുണ്ടെന്നും മുൻപ് ഇംപ്രസ്റ്റ് ഫണ്ട് എന്ന രീതിയിൽ തുക അനുവദിച്ചിരുന്നുവെങ്കിലും നിലവിൽ പ്രസ്തുത തുക അനുവദിക്കുന്നില്ലെന്നും വ്യക്തിഗതമായി തുക ചെലവാക്കി റീഫണ്ട് ചെയ്യുന്ന രീതിയിലേയ്ക്ക് മാറിയിട്ടുണ്ടെന്നും കോഴിക്കോട് കൂത്താളി ജില്ലാ കൃഷിത്തോട്ടം ഫാം സൂപ്രണ്ട് സമിതിക്ക് മറുപടി നൽകി.

248. ആധുനിക കാലഘട്ടത്തിൽ അക്കൗണ്ടിലെ പണം ഡിജിറ്റലായി കൈമാറാവുന്നതാണെന്നും പ്രസ്തുത ക്രമീകരണം ഫാമിന്റെ പ്രവർത്തനത്തിന് ഫലപ്രദമായ മാർഗ്ഗമായി അനുവദിച്ചാൽ മതിയെന്നും വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം അതത് സ്ഥാപനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, പ്രസ്തുത വ്യവസ്ഥ പാലിക്കുന്നതിന്റെ ക്രമീകരണത്തിലാണ് പ്രയാസം നേരിടുന്നതെന്നും ആയത് ക്രമപ്പെടുത്തിയിട്ടില്ലെന്നും ഫാമിന്റെ സങ്കീർണ്ണമായ പ്രവർത്തനം അക്കൗണ്ടിംഗിന്റെ പ്രവർത്തന ക്ഷമതയ്ക്കകത്ത് ചട്ടമായി ക്രമപ്പെടുത്തിയാൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മറുപടി നൽകി.

249. ചട്ടത്തിൽ മാറ്റം വരണമെന്ന് നിർദ്ദേശിച്ചാൽ മതിയെന്നും വ്യക്തിഗതമായാണ് അക്കൗണ്ട് ആരംഭിക്കുന്നതെന്നും അക്കൗണ്ടിംഗ് ഓഫീസർ മാറുന്നതിനനുസരിച്ച് മൊബൈൽ നമ്പർ, ഇടപാടുകൾ നടത്താനുള്ള അനുമതി, അക്കൗണ്ടബിലിറ്റി എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകണമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വിശദമാക്കി.

250. ഡിജിറ്റൽ കൈമാറ്റത്തിന്റെ വ്യാപനം ഇംപ്രസ്റ്റ് ഫണ്ട് പൂർണ്ണമായി ഇല്ലാതാകുന്നതിന് കാരണമായെന്നും ഡിജിറ്റൽ കൈമാറ്റത്തിനുള്ള അനുമതി ഫാം ഹൗസുകൾക്ക് നൽകുന്നത് ഉചിതമാണെന്നും സൂചിപ്പിച്ച കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി, കൈവശമുള്ള തുക ചെലവഴിക്കുന്നത് നിയമ വിരുദ്ധമാണെന്നും അറിയിച്ചു.

251. ഫാമിലെ മൃഗങ്ങൾക്ക് പെട്ടെന്ന് അസുഖം വന്നാൽ മരുന്നിനും മറ്റാവശ്യങ്ങൾക്കുമായി കൈവശമുള്ള തുക ചെലവഴിക്കാൻ നിർബന്ധിതമാകുമെന്ന് കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

252. ഡിജിറ്റൽ ട്രാൻസാക്ഷനെപ്പറ്റി പറഞ്ഞത് വസ്തുതയാണെന്നും എന്നാൽ ഇതൊരു പ്രായോഗിക ആവശ്യമായി അംഗീകരിച്ചിട്ടില്ലെന്നും കുറച്ച് തുക ട്രാൻസാക്ഷൻ സിസ്റ്റത്തിന് പുറത്ത് നിൽക്കുന്നത് സ്വാഭാവികമായും ഓഡിറ്റ് ഫ്ലക്ച്ചുവേഷനാണെന്നും ആയതിനാൽ ഇതിനകത്ത് നിയന്ത്രണം സാധ്യമല്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി. 2010-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവുപ്രകാരം ഇംപ്രസ്റ്റ് ആയി പതിനായിരം രൂപ നൽകാനുള്ള ഉത്തരവുണ്ടെന്ന് പത്തനംതിട്ട ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചപ്പോൾ പ്രസ്തുത ഉത്തരവ് നിലനിൽക്കുന്നതല്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

253. കൃഷിഭവന് കീഴിലുള്ള ഫാമുകൾ സന്ദർശിക്കാൻ തീരുമാനിച്ച സമിതി ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള ഫാം ഏതാണെന്ന് ആരാഞ്ഞതിന്, നെല്ലിയാമ്പതി, എസ്.ടി.സി. മുണ്ടേരി, നേര്യമംഗലം, വണ്ടിപ്പെരിയാർ, അഞ്ചൽ, പെരിങ്ങമ്മല, കുത്താളി എന്നിവയെല്ലാം വിസ്തൃതിയുള്ള ഫാമുകളാണെന്നും നെല്ലിയാമ്പതിയിലെ ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ സ്ട്രോബറി കൃഷിയും ചെയ്യുന്നുണ്ടെന്നും നെല്ലിയാമ്പതി ഫാമിൽ 600 ഏക്കർ സ്ഥലവും 300-ഓളം തൊഴിലാളികളും ജോലി ചെയ്യുന്നുണ്ടെന്നും അവിടെ രണ്ട് കൃഷി അസിസ്റ്റന്റുമാരും ഒരു സ്കിൽഡ് അസിസ്റ്റന്റും മാത്രമാണുള്ളതെന്നും ജീവനക്കാരുടെ അപര്യാപ്തത ഫാമിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും ആയതിനാൽ കരാറടിസ്ഥാനത്തിലെങ്കിലും ജീവനക്കാരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും നെല്ലിയാമ്പതിയിൽ ഓറഞ്ച് കൃഷിയുണ്ടെന്നും ഫാം മാനേജ്മെന്റിന് ജീവനക്കാരുടെ അപര്യാപ്തതയുണ്ടെന്നും പത്ത് ഉൽപന്നങ്ങളാണ് ഓൺ ബോർഡിൽ പോയിട്ടുള്ളതെന്നും ഫാമിൽ സ്കിൽഡ് അസിസ്റ്റന്റിന്റെ സേവനം ലഭ്യമല്ലാത്തതിനാൽ ഉൽപന്നങ്ങളുടെ ഗുണനിലവാരം നിലനിർത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും ഫാഷൻ ഫ്രൂട്ട് കൃഷി ചെയ്യുന്നതോടൊപ്പം സ്ക്വാഷ്, അച്ചാർ എന്നിവയും ഉൽപാദിപ്പിക്കുന്നുണ്ടെന്നും ഫാം നടത്തിപ്പിലും തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും കണ്ണൂരിൽ തളിപ്പറമ്പ്, കരിമ്പത്ത് സ്ഥിതി ചെയ്യുന്ന ഫാമിൽ പലതരത്തിലുള്ള മാമ്പഴങ്ങളും കൃഷി ചെയ്യുന്നുണ്ടെന്നും കൃഷി (ഫാംസ്) വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു .

## നിഗമനങ്ങളും ശിപാർശകളും

**254. അഞ്ചൽ കൃഷി ഫാമുമായി ബന്ധപ്പെട്ട കൊല്ലം ജില്ലാപഞ്ചായത്തിന്റെ തുക ജില്ലാപഞ്ചായത്തിന്റെ അനുമതിയില്ലാതെ വേറെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ ആയത് ക്രമപ്പെടുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**255. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അഞ്ചൽ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം മുൻ ഖണ്ഡികയിലെ നിർദ്ദേശത്തോടെ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**256. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആലുവ വിത്തുൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**257. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ കൃഷിഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**258. പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിലെ കൃഷി ഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സമിതി പരിഗണിച്ചു. ആധുനിക കാലഘട്ടത്തിൽ അക്കൗണ്ടിലെ പണം ഡിജിറ്റലായി കൈമാറാവുന്നതാണെന്നും പ്രസ്തുത ക്രമീകരണം ഫാമിന്റെ പ്രവർത്തനത്തിന് ഫലപ്രദമായ മാർഗ്ഗമായി അനുവദിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫാം കൗൺസിൽ പ്രവർത്തനം കാര്യക്ഷമമല്ല**

കൃഷിഫാമിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും നടത്തിപ്പ് മെച്ചപ്പെടുത്താനുമാവശ്യമായ നടപടികൾ ശിപാർശ ചെയ്യുന്നതിനായി 1-12-1988-ലെ സ.ഉ.(ആർ.ടി.) നമ്പർ 1782/88/എഡി പ്രകാരം ഫാമുകളിൽ ഫാം കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്. 25-1-2008-ലെ സ.ഉ.14/08/കൃഷി പ്രകാരം ഫാം കൗൺസിലിന്റെ ഘടന പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം ജില്ലാപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അധ്യക്ഷനും ഫാം മേധാവി കൺവീനറുമാണ്. ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ, ഫാം കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാർ, ഫാം തൊഴിലാളികളുടെ അംഗീകൃത സംഘടനയുടെ 2 പ്രതിനിധികൾ എന്നിവർ കൗൺസിൽ അംഗങ്ങളുമായിരിക്കും. സമിതികളുടെ യോഗങ്ങളിൽ കുറഞ്ഞത് മൂന്നിലൊന്ന് അംഗങ്ങൾ പങ്കെടുക്കണം. കൂടാതെ സമിതി രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരണം. ഫാമിലെ പൊതുവായ വികസന പ്രവർത്തനങ്ങൾ, തൊഴിലാളികളുടെ നിയമനം, തൊഴിലാളികളുടെ അവധി, ആക്ഷൻ പ്ലാൻ, ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ, ഫാമിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ ഫാം കൗൺസിലിന്റെ മീറ്റിംഗിൽ ചർച്ച ചെയ്യുകയും അതനുസരിച്ച് ഫാമിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യണം.

പ്രവർത്തനക്ഷമതാ പരിശോധനയിൽ ഫാം കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തുകയുണ്ടായി. മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമിലെയും കാസർഗോഡ് ജില്ലയിലെ പുല്ലൂർ കൃഷിഫാമിലെയും ഫാം കൗൺസിലുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

കോട്ടയം ജില്ലയിലെ കോഴ സീഡ് ഫാം, കോഴ കൃഷിഫാം എന്നിവിടങ്ങളിൽ ഫാം കൗൺസിൽ യോഗം കൂടുന്നുണ്ട്. എന്നാൽ പല യോഗങ്ങളിലും ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് പ്രതിനിധികളുടെ സാന്നിധ്യം ഉണ്ടായിട്ടില്ല. വാലാച്ചിറ സീഡ് ഫാമിൽ മിനിട്ട്സ് ബുക്കുപ്രകാരം 31-5-2011 വരെ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ മിനിട്ട്സ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ അടൂർ കൃഷിഫാം, പാലക്കാട് ജില്ലയിലെ കൃഷിഫാമുകൾ, തൃശ്ശൂർ ജില്ലയിലെ കൃഷിഫാമുകൾ, കണ്ണൂർ-കരിമ്പം കൃഷിഫാം എന്നിവിടങ്ങളിലെ ഫാം കൗൺസിലുകൾ യഥാസമയം യോഗം ചേരുന്നില്ലായെന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. കൗൺസിലിന്റെ അറിവോടെയോ, പങ്കാളിത്തത്തോടെയോ അല്ല ഫാമിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. കൗൺസിലിന്റെ സജീവ ഇടപെടൽ ഇല്ലാത്തതിനാൽ പല പദ്ധതികളും ഫാമിന് പ്രയോജനപ്പെടാതെ വിഫലമാകാൻ ഇടയായിട്ടുണ്ട്.

കോഴിക്കോട് കൂത്താളി കൃഷിഫാമിൽ ഫാം കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാപഞ്ചായത്തിന്റെ 25-5-2011-ലെ 29/11(5) നമ്പർ തീരുമാനപ്രകാരം ഫാം മാനേജ്മെന്റ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. രണ്ട് സമിതികൾ നിലവിൽ ഉള്ളപ്പോൾ ഒരേ വിഷയത്തിൽ തന്നെ വ്യത്യസ്തമായ തീരുമാനങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ രണ്ട് സമിതികളുടെ ആവശ്യകത പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

കൃത്യമായ കാലയളവുകളിൽ യോഗം ചേരുന്നതുവഴി ഫാമിന്റെ പ്രവർത്തനങ്ങൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഫാം കൗൺസിലുകൾക്ക് സാധിക്കും. ഇതോടൊപ്പം തൊഴിലാളികളുടെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, കാർഷികോത്സവങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഫാം കൗൺസിലിന് നിർവഹിക്കാൻ സാധിക്കും.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു .

259. വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോട്ടയം, പത്തനംതിട്ട, പാലക്കാട്, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ഫാം കൗൺസിലിന്റെ പ്രവർത്തനത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**260. കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**261. കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**262. കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**263. കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**264. കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**265. കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലക്ഷ്യം പൂർത്തിയാക്കാത്ത പദ്ധതികൾ**

**ലക്ഷ്യം കൈവരിക്കാനാകാത്ത ടിഷ്യൂകൾച്ചർ ലാബ് : അഞ്ചൽ കൃഷിഫാം**

1992-ൽ പ്രവർത്തനം ആരംഭിച്ച ടിഷ്യൂകൾച്ചർ ലാബ് 2006-07-ലെ ജില്ലാപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 12.5 ലക്ഷം രൂപ ചെലവഴിച്ച് നവീകരിക്കുകയുണ്ടായി. നവീകരണത്തെ തുടർന്ന് ഓരോ വർഷവും വലിയ തുക വീതം ലാബിന് വേണ്ടി ചെലവഴിക്കുന്നുണ്ട്. പ്രതിവർഷം 2 ലക്ഷം ടിഷ്യൂകൾച്ചർ തൈകൾ ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2007-08-ൽ ലാബ് നവീകരിച്ചത്. എന്നാൽ പ്രതിവർഷം ശരാശരി 50000 തൈകൾ മാത്രമാണ് ലാബിൽ ഉൽപാദിപ്പിക്കപ്പെടുന്നത്. സ്ഥാപിത ലക്ഷ്യത്തിന്റെ 25% മാത്രമേ കൈവരിക്കാനായുള്ളൂ. പ്രവർത്തനം പൂർണ്ണ തോതിലാക്കാനുള്ള ശ്രമങ്ങളും അധികൃതരിൽ നിന്നുണ്ടാകുന്നില്ല. ഫാമിൽ ഉൽപാദിപ്പിക്കുന്ന തൈകൾ മുഴുവൻ വിറ്റുപോകുന്നുണ്ട്. പൂർണ്ണതോതിൽ ഉൽപാദനം നടന്നാൽ ഫാമിന്റെ വരുമാനം ഗണ്യമായി വർദ്ധിക്കുന്നതാണ്.

**മൂന്നരലക്ഷം ബോട്ടിലുകൾ കഴുകാൻ 75 ലക്ഷം ശേഷിയുള്ള വാഷിംഗ് യൂണിറ്റ് : അഞ്ചൽ കൃഷിഫാം**

കൃഷി ഫാമിന്റെ ബയോടെക്നോളജി വിഭാഗത്തിനുകീഴിൽ പ്രവർത്തിക്കുന്ന ടിഷ്യൂകൾച്ചർ ലാബിൽ 2011-12 വർഷം 5,50,000/-രൂപ ചെലവിൽ ഒരു സെമി ഓട്ടോമാറ്റിക് ബോട്ടിൽ വാഷിംഗ് യൂണിറ്റ് സ്ഥാപിക്കുകയുണ്ടായി. മിനിറ്റിൽ 70 മുതൽ 100 വരെ ബോട്ടിലുകൾ കഴുകാൻ ശേഷിയുള്ളതാണ് പ്രസ്തുത യൂണിറ്റ്. വർഷത്തിൽ 300 ദിവസം 6 മണിക്കൂർ പ്രവർത്തിച്ചാൽ തന്നെ പ്രതിവർഷം 75,60,000 ബോട്ടിലുകൾ ഈ യൂണിറ്റിൽ കഴുകാൻ സാധിക്കും. ലാബ് അതിന്റെ സ്ഥാപിതശേഷി പൂർണ്ണമായി കൈവരിക്കുന്ന അവസ്ഥയിൽ പോലും പ്രതിദിനം 1200 ബോട്ടിലുകൾ മതിയാകും. പ്രതിദിനം 1200 ബോട്ടിലുകൾ വേണ്ടിവരുന്നെങ്കിൽ പോലും പ്രതിവർഷം (300 ദിവസത്തേക്ക്) 360000 ബോട്ടിലുകൾ കഴുകിയാൽ മതിയാകും. മൂന്നര ലക്ഷത്തോളം ബോട്ടിലുകൾ കഴുകാൻ വേണ്ടി എഴുപത്തി അഞ്ചര ലക്ഷത്തിലധികം ബോട്ടിലുകൾ കഴുകാൻ ശേഷിയുള്ള യൂണിറ്റ് സ്ഥാപിച്ചത് വഴി ഫാമിന് വലിയ തുകയുടെ പാഴ്ചെലവുണ്ടായിട്ടുണ്ട്. കൂടാതെ ബോട്ടിലുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന 'അഗർ' നീക്കം ചെയ്യുന്നതിനോ, ബോട്ടിലുകളുടെ അടപ്പുകൾ കഴുകുന്നതിനോ വാഷിംഗ് യൂണിറ്റിന് സാധിക്കുന്നില്ല. ഇതിനായി തൊഴിലാളികളെ ഉപയോഗിച്ച് 'പ്രീവാഷ്' നടത്തേണ്ടിവരുന്നതായും ഫാം സൂപ്രണ്ട് അറിയിച്ചു.

വാഷിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് മുമ്പ് ലാബിന്റെ ശേഷിയും യൂണിറ്റിന്റെ ശേഷിയും വിലയിരുത്തിയില്ല എന്നും, ലാബിലെ ആവശ്യം നിറവേറ്റുന്നതിന് യൂണിറ്റ് പര്യാപ്തമാണോ എന്ന് പരിശോധിച്ചിരുന്നില്ല എന്നും മേൽ വസ്തുതകളിൽ നിന്ന് വ്യക്തമാകുന്നു.

**കവർപോലും പൊട്ടിക്കാതെ ലാമിനാർ എയർഫ്ളോ കാബിനറ്റ് -അഞ്ചൽ കൃഷിഫാം**

ടിഷ്യൂകൾച്ചർ ലാബിനുവേണ്ടി 2011-12 വർഷം 80,631/- രൂപ ചെലവിൽ ഒരു ലാമിനാർ എയർഫ്ളോ കാബിനറ്റ് വാങ്ങുകയുണ്ടായി. സ്യൂഡോമോണസ് ഉൽപാദിപ്പിക്കുവാൻ വേണ്ടിയാണ് ഈ യൂണിറ്റ് വാങ്ങിയത്. 14-3-2012-ൽ വാങ്ങിയ ഈ യൂണിറ്റ് 24-8-2012-ൽ ഓഡിറ്റ് പരിശോധന സന്ദർഭത്തിലും കവർ പോലും പൊട്ടിക്കാതെ ലാബിന് വെളിയിൽ തുറസ്സായ സ്ഥലത്ത് സുരക്ഷിതമല്ലാതെ വച്ചിരിക്കുന്നതാണ് കണ്ടത്.

**കുരുമുളക് നഴ്സറി - മാതൃകാ നഴ്സറി**

2010-11 വർഷം 70000 കുരുമുളക് വിത്തുകൾ മുളപ്പിച്ച് കവറുകളിലാക്കി കർഷകർക്ക് നൽകാൻ പെരിങ്ങമ്മല കൃഷി ഫാമിന് സാധിച്ചിട്ടുണ്ട്. അത്യുൽപാദനശേഷിയുള്ള കരിമുണ്ട, പന്നിയൂർ ഇനങ്ങളിലുള്ള കുരുമുളക് തൈകളാണ് ഉൽപാദിപ്പിച്ച് കർഷകർക്ക് നൽകിയിട്ടുള്ളത്.

**സംയോജിത കൃഷി വികസനം**

ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യം മുന്നിൽക്കണ്ട് സംയോജിത കൃഷി ആരംഭിച്ചിരുന്നു. കരനെൽകൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. മൃഗസംരക്ഷണത്തിന്റെ ഭാഗമായി 2 പശുക്കളെ വാങ്ങുകയും (നിലവിൽ കുട്ടികൾ ഉൾപ്പെടെ 5 പശുക്കൾ) ഇവയിൽ നിന്നും ലഭിക്കുന്ന വളം ഉപയോഗിച്ച് ക്യാന്റീനിലെ ഒരു ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. 3 സെന്റിൽ കുറയാത്ത ടാങ്കിൽ മത്സ്യകൃഷി നടത്തുന്നുണ്ട്. ലക്ഷ്യവിപുലീകരണത്തിനായി 15 സെന്റിലും (ആർ.ഐ.ഡി.എഫ്. പ്രോജക്ട്) 25 സെന്റിലും (സ്റ്റേറ് ഹോർട്ടി കൾച്ചറൽ മിഷൻ പ്രോജക്ട്) കുളങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. എന്നാൽ കരനെൽകൃഷി ഇപ്പോൾ ചെയ്യുന്നില്ല. 2011-12 സാമ്പത്തിക വർഷം മുതൽ ഫാമിൽ ഏകദേശം ഒരേക്കറോളം വിസ്തൃതിയിൽ അലങ്കാര ചെടികളുടെ നഴ്സറി ആരംഭിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ല-ചുങ്കത്തറ കൃഷി ഫാം**

**വിജയം കണ്ട കോളിഫ്ളവർ/കാബേജ് കൃഷി പദ്ധതി**

മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമിൽ കോളിഫ്ളവർ, കാബേജ് എന്നിവയുടെ ലക്ഷക്കണക്കിന് തൈകൾ ഉൽപാദിപ്പിച്ച് മാതൃകാപരമായ പ്രവർത്തനം കാഴ്ച വെയ്ക്കുകയുണ്ടായി.

മലപ്പുറം ജില്ലാപഞ്ചായത്ത് 2010-11 വർഷത്തിൽ ഉൽപാദനമേഖലയിൽ ചുങ്കത്തറ കൃഷിഫാമിനായി സമഗ്ര കാർഷിക വികസനം എന്ന പദ്ധതിയിലൂടെ 8,73,500/- രൂപ വകയിരുത്തുകയുണ്ടായി. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) വഴി സ്വാശ്രയ കർഷക സമിതികളിൽ നിന്ന് കാബേജ്, കോളിഫ്ളവർ വിത്തുകൾ സംഭരിച്ചു.

ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിചെയ്യുന്നവരെ ഉപയോഗപ്പെടുത്തി ഫാമിൽ നിർമ്മിച്ച പോളിഹൗസിൽ ലക്ഷക്കണക്കിന് തൈകൾ ഉൽപാദിപ്പിച്ചു. പ്രോജക്ടിന് വകയിരുത്തിയ 8,73,500/-രൂപയിൽ 4,01,192/- രൂപയായിരുന്നു ഈ പദ്ധതിക്കായി ചെലവഴിച്ചത്. എന്നാൽ 3,12,000 തൈകൾ രണ്ടു രൂപ നിരക്കിൽ വിറ്റ വകയിൽ 6,24,000/-രൂപ ജില്ലാപഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കുകയുണ്ടായി. കാബേജ്, കോളിഫ്ളവർ ഉൽപാദനം വഴി കർഷകർക്ക് ലഭിച്ച ആദായം കൂടി പരിഗണിക്കുമ്പോൾ ഈ പ്രോജക്ടിന്റെ വിജയം എടുത്തു പറയേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

266. കൊല്ലം ജില്ലയിലെ അഞ്ചൽ കൃഷി ഫാമിൽ പുതിയ ലാബ് കെട്ടിടം അനിവാര്യമാണെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ആർ.കെ.വി.വൈ. പദ്ധതിയിൽ ലാബ് നിർമ്മാണത്തിനുള്ള തുക വകയിരുത്തിയിട്ടുണ്ടെന്ന് കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

267. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ അഞ്ചൽ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

268. കുരുമുളക് നഴ്സറി - മാതൃകാ നഴ്സറി, സംയോജിത കൃഷി വികസനം എന്നീ ഓഡിറ്റ് ഖണ്ഡികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

269. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**270. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ അഞ്ചൽ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**271. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫാമുകളുടെ നടത്തിപ്പ് - ജില്ലാപഞ്ചായത്തിന്റെ പങ്ക്**

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 173-ാം വകുപ്പ് 1-ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം കാർഷിക മേഖലയിൽ ജില്ലാപഞ്ചായത്ത് നിർവഹിക്കേണ്ട ചുമതലകൾ വിവരിക്കുന്നു.

- കാർഷിക മേഖലയിൽ പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രോജക്ടുകളും പ്രചരിപ്പിക്കുക

- തദ്ദേശീയമായി ആവശ്യമുള്ള ഗവേഷണവും വികസനവും നടത്തുക

ഇത്തരത്തിലുള്ള ചുമതലകൾ പ്രധാനമായും നിർവഹിക്കേണ്ടത് ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള കൃഷിഫാമുകളിലാണ്.

ജില്ലാപഞ്ചായത്തുകളിൽ നിന്ന് യഥാസമയം ഫണ്ട് അനുവദിച്ചു കിട്ടാത്തതു ഫാമിലെ വിളസംരക്ഷണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി പ്രവർത്തനക്ഷമതാ പരിശോധനയിൽ കണ്ടെത്തി. 16-1-2010-ലെ സർക്കാർ ഉത്തരവ് 3591/10/തസ്വഭവ. പ്രകാരം ജില്ലാപഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന എല്ലാ ഫാമുകൾക്കും 10,000/- രൂപയുടെ ഇംപ്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. പലപ്പോഴും നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം ഇംപ്രസ്റ്റ് റീക്കൂപ്പ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമിൽ കൃഷിക്കാവശ്യമായ ജൈവവളം വാങ്ങുന്നതിനും കാർഷിക ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിനുമുള്ള അനുമതിക്കായി മാസങ്ങൾ കാത്തിരിക്കേണ്ടി വന്നിട്ടുള്ളതായി ഫയലുകളിൽ നിന്ന് വ്യക്തമാകുന്നു. കാലാവസ്ഥക്കനുസൃതമായി ചെയ്യുന്ന കൃഷികളുടെ കാര്യത്തിന് ഇപ്രകാരമുള്ള നിസ്സംഗത

ഉൽപാദന വർദ്ധനവിനെ ബാധിക്കും. ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ ജില്ലാപഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

കോഴിക്കോട്ടെ തിക്കോടി തെങ്ങിൻതൈ ഉൽപാദനകേന്ദ്രത്തിനു ലഭ്യമായ മുഴുവൻ സ്ഥലവും പ്രയോജനപ്പെടുത്തി ശേഷി വർദ്ധിപ്പിക്കാനോ തെങ്ങ് കൃഷി ലാഭകരമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കാനോ ജില്ലാപഞ്ചായത്ത് ശ്രമമൊന്നും നടത്തിയിട്ടില്ല. പരമ്പരാഗത തൈകൾക്കു പകരം അത്യുൽപാദനശേഷിയും രോഗപ്രതിരോധശേഷിയും ഉള്ളവയും ചെറിയ കാലയളവിൽ ഉൽപാദനം തരുന്നതുമായ തൈകൾ ഉൽപാദിപ്പിച്ച് കർഷകർക്ക് നൽകുവാൻ ജില്ലാപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഉൽപാദന മേഖലയിൽ കോടികളുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടും ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനോ, ആധുനിക യന്ത്രവൽക്കരണം സാധ്യമാക്കുന്നതിനോ ഉള്ള ശ്രമങ്ങൾ ജില്ലാപഞ്ചായത്തുകളുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്നില്ല. വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ വിനിയോഗിച്ച് ഫാമിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതുവഴി കർഷകർക്ക് നല്ലയിനം വിത്തുകളും തൈകളും ലഭ്യമാക്കുന്നതിനും ജില്ലാപഞ്ചായത്തിന്റെ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്. ഫാമിന്റെ വികസനം സംബന്ധിച്ച് കാർഷിക മേഖലയിലെ വിദഗ്ധരുമായി ചർച്ച നടത്തുകയും പ്രോജക്ടുകൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഫാം അധികാരിയുടെ സാമ്പത്തിക പരിധിയും ഇംപ്രസ്റ്റ് തുകയുടെ പരിധിയും കാലാനുസൃതമായി ഉയർത്തേണ്ടത് അനിവാര്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

272. ഓഡിറ്റിൽ പരാമർശിക്കുന്ന വിഷയം നിലവിലില്ലെന്നും മുൻവർഷങ്ങളിൽ വളവും ഉൽപാദന സാമഗ്രികളും വാങ്ങുന്നതിനായി 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇപ്പോൾ ഓരോ വർഷവും പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിനാൽ കാലതാമസം വരുന്നില്ലെന്നും ഓരോ മാസവും 35,000/-രൂപ മുൻകൂറായി നൽകുന്നുണ്ടെന്നും ഇടുക്കി ജില്ലാപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

273. വകുപ്പിൽ നിന്നും ലഭിച്ച വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

274. ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ തിക്കോടി തെങ്ങിൻതൈ ഉൽപാദനകേന്ദ്രവുമായി ബന്ധപ്പെട്ടഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**275. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**276. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ തിക്കോടി തെങ്ങിൻതൈ ഉൽപാദനകേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജൈവകൃഷിയിലേക്കുള്ള മടങ്ങിപ്പോക്ക്**

മാനവരാശി ഉൾപ്പെടെയുള്ള ജീവജാലങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണി വ്യവസായിക അടിസ്ഥാനത്തിൽ ഉപയോഗിച്ച് വരുന്ന കീടനാശിനികളാണ്. കീടനാശിനികൾ മണ്ണിന്റെ സ്വാഭാവിക പ്രതിരോധശേഷി നഷ്ടപ്പെടുത്തി മണ്ണിനെ വിഷലിപ്തമാക്കുന്നു. കേരളത്തിന്റെ അവസ്ഥയും മറിച്ചല്ല. പരിസ്ഥിതിക്ക് ദോഷകരമായതും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമായ രാസവളങ്ങളുടെ ഉപയോഗം പല രോഗങ്ങളെയും ക്ഷണിച്ചു വരുത്തി. രാസകൃഷിയുടെ ദുരന്തഫലങ്ങൾ അനുഭവിച്ച കേരളീയർ ജൈവകൃഷി സമ്പ്രദായത്തിലോട്ടുള്ള തിരിച്ചുപോക്ക് തുടങ്ങി കഴിഞ്ഞു. മണ്ണിന്റെ സ്വാഭാവിക പ്രതിരോധശേഷി പ്രയോജനപ്പെടുത്തി കീടങ്ങളെ നശിപ്പിച്ച് പച്ചക്കറികളും മറ്റും ഉൽപാദിപ്പിക്കുന്ന ജൈവകൃഷി രീതിക്ക് ഇന്ന് പ്രചാരമേറുന്നു.

കേരളത്തെ മുഴുവൻ രാസകീടനാശിനി വിമുക്ത മേഖലയാക്കി മാറ്റി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ജൈവകാർഷിക നയം നടപ്പിലാക്കി വരുന്നു. ഇതിനനുബന്ധമായി കീടനാശിനികളുടെ വിവേചനരഹിതവും അനിയന്ത്രിതവുമായ വിതരണവും ഉപയോഗവും തടയുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 17-1-2011-ലെ(എം.എസ്) 22/2011/കൃഷി നമ്പർ ഉത്തരവിൽ വ്യക്തമാക്കുന്നു. സംസ്ഥാന സർക്കാർ ജൈവകൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും സർക്കാരിന്റെ കീഴിലുള്ള കൃഷിഫാമുകൾ ഇത് ഭാഗികകമായി മാത്രമേ നടപ്പിലാക്കുന്നുള്ളൂ. മലപ്പുറം ചുങ്കത്തറ കൃഷിഫാമിൽ ജൈവകൃഷിക്ക് മുൻഗണന നൽകി വരുന്നു. രാസവളം, കീടനാശിനി എന്നിവ അത്യാവശ്യ ഘട്ടങ്ങളിൽ നിയന്ത്രിത അളവിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

**ആലുവ, കരുനാഗപ്പള്ളി മാതൃകകൾ**

1) എറണാകുളം ജില്ലാപഞ്ചായത്തിന് കീഴിലുള്ള ആലുവ വിത്തുൽപാദന കേന്ദ്രം ജൈവകൃഷി മാതൃകാപരമായി നടപ്പിലാക്കി വരുന്നു. അസോള, വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി, രാജ്ഫോസ്, ബയോഫോസ്, ബയോ പൊട്ടാഷ് എന്നിവയാണ് ഇവിടെ ഉപയോഗിക്കുന്ന ജൈവ വളങ്ങൾ. പശുവിൻ ചാണകം, മൂത്രം എന്നിവയും വേപ്പിൻ പിണ്ണാക്കും ചേർത്ത് ജീവാമൃതം തയ്യാറാക്കി ഉപയോഗിക്കുന്നതിനാൽ പതിര് പരമാവധി കുറച്ച് വിത്തുകളുടെ ഉൽപാദന വർദ്ധനവ് സാധ്യമാക്കുന്നുണ്ട്. കൂടാതെ ഫിഷ് അമിനോ ആസിഡും തയ്യാറാക്കി വളമാക്കുന്നുണ്ട്. നാളികേരത്തിന്റെ തൊണ്ട് തെങ്ങിൻ ചുവട്ടിൽ തന്നെ പൂതയിടുന്നതിനാൽ തെങ്ങിൽ നിന്നുള്ള ആദായം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കാലിത്തൊഴുത്തിനോട് ചേർന്ന് തയ്യാറാക്കിയ കമ്പോസ്റ്റു പിറ്റുകളിൽ മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കി അതും ഉപയോഗിക്കുന്നുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ ആലുവ സ്റ്റേറ്റ് സീഡ് ഫാമിനെ സമ്പൂർണ്ണ ജൈവകൃഷിയിടമാക്കി അംഗീകരിച്ചു കൊണ്ട് 'മാതൃകജൈവ വിത്തുൽപാദന കേന്ദ്രം' എന്ന ജൈവ സർട്ടിഫിക്കേഷൻ ഇല്ലക്കോൺ ഇന്ത്യ എന്ന അന്താരാഷ്ട്ര സംഘടന നൽകിയിട്ടുണ്ട്.

2) കരുനാഗപ്പള്ളി തെങ്ങിൻതൈ ഉൽപാദനകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് മറ്റ് ഫാമുകൾക്കും കർഷകർക്കും മാതൃകയാണ്. ഫാമിൽ നിന്നുള്ള ജൈവമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിനും സമ്പുഷ്ടമായ ജൈവവളം ഉൽപാദിപ്പിക്കുന്നതിനും ഈ മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് കഴിയുന്നു. കൂടാതെ മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഫാമിൽ നിന്നും മണ്ണിരകളെ വിലയ്ക്ക് നൽകുന്നതിനോടൊപ്പം സാങ്കേതികോപദേശം നൽകുകയും ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.15)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

277. ജൈവകൃഷിയിലേക്കുള്ള മടങ്ങിപ്പോക്ക് എന്ന ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

278. ആലുവ, കരുനാഗപ്പള്ളി മാതൃകകൾ എന്ന ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**നിഗമനങ്ങളും ശിപാർശകളും**

**279. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ജൈവകൃഷിയിലേക്കുള്ള മടങ്ങിപ്പോക്ക് എന്ന ഖണ്ഡികയിലെ ആലുവ, കരുനാഗപ്പള്ളി മാതൃകകൾ എന്ന ഓഡിറ്റ് പരാമർശം സമിതി അംഗീകരിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വയനാട് ജില്ലാ കൃഷിഫാമിന്റെ ആവശ്യകത**

വയനാട് ജില്ലയിൽ ജില്ലാപഞ്ചായത്തിന്റെയോ, സർക്കാരിന്റെയോ നിയന്ത്രണത്തിൽ കൃഷി ഫാമില്ല. ജില്ലയിലെ മൊത്തം കൃഷിഭൂമിയുടെ 33.65% തോട്ടവിളയായ കാപ്പിയാണ് കൃഷി ചെയ്യുന്നത്. അതോടൊപ്പം നെല്ല്, കുരുമുളക്, വാഴ, ഇഞ്ചി, റബ്ബർ, തെങ്ങ്, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. നെല്ല് 22,772 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ കേര കൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ജില്ലയിലെ കാർഷിക രംഗം ഇന്ന് പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. പ്രധാന വിളകളായ കാപ്പി, കുരുമുളക്, നെല്ല്, വാഴ, ഇഞ്ചി, പച്ചക്കറികൾ എന്നീ വിളകൾക്ക് വില തകർച്ച ഉണ്ടായിട്ടുണ്ട്. ജില്ലയിലെ കൃഷിക്കാർക്കുണ്ടായിട്ടുള്ള സാമ്പത്തിക ബാദ്ധ്യതകളും, കർഷക ആത്മഹത്യകളും പരിശോധിച്ച് വയനാട് ജില്ലയെ 30-12-2011-ലെ ജി.ഒ (എം.എസ്) നമ്പർ 279/2011/കൃഷി നമ്പർ ഉത്തരവു പ്രകാരം ദുരന്തബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലയിലെ കാർഷിക രംഗത്തിന് ഉണർവ്വേകാനും കാർഷിക പദ്ധതികൾക്ക് പിന്തുണ നൽകുന്നതിനും പൊതുമേഖലയിൽ കൃഷി ഫാം പോലെയുള്ള സംവിധാനം അനിവാര്യമാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ പതിയേണ്ടതുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.16)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

280. വയനാട് ജില്ലാ കൃഷി ഫാമിന്റെ ആവശ്യകതയെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ചീങ്ങേരി എക്സ്റ്റൻഷൻ ഫാമിന്റെ നടത്തിപ്പ് മാത്രം കൃഷി വകുപ്പ് ഏറ്റെടുത്ത് ആറളം ഫാം മാതൃകയിൽ നടത്തണമെന്നാണ് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും എന്നാൽ ഫാം പൂർണ്ണമായും വിട്ടുനൽകാൻ വകുപ്പ് തയ്യാറല്ലാത്തതിനാൽ കൃഷി വകുപ്പ് ഏറ്റെടുക്കാൻ തയ്യാറല്ലെന്നും ഇതു സംബന്ധിച്ച് സർക്കാർ തലത്തിലും മന്ത്രിതലത്തിലും ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണെന്നും ഫാം പൂർണ്ണമായും വിട്ടു നൽകിയാൽ ഏറ്റെടുക്കാൻ തയ്യാറാണെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

281. ഓഡിറ്റ് പരാമർശം സംബന്ധിച്ച തുടർനടപടി റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**282. വയനാട് ജില്ലാ കൃഷിഫാമിന്റെ കീഴിലുള്ള ചീങ്ങേരി എക്സ്റ്റൻഷൻ ഫാം കൃഷി വകുപ്പ് ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ചുള്ള തുടർനടപടി റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫാം ടൂറിസം - സാദ്ധ്യതകൾ**

വിനോദസഞ്ചാരത്തിന് പുതിയ മേഖലകൾ തേടുന്ന കേരളത്തിൽ ഫാം ടൂറിസത്തിന് അനന്ത സാധ്യതകളുണ്ട്. കാർഷിക മേഖലയുടെ വേഗത്തിലുള്ള വളർച്ച ത്വരിതപ്പെടുത്തുന്നതിന് ഫാം ടൂറിസത്തിന് കഴിയും. സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ കൃഷിയേയും, കൃഷി ഭൂമിയെയും ഒരുക്കിയാൽ ഫാം ടൂറിസം സാധ്യമാകും. കേരളത്തിലെ ഭൂപ്രകൃതിയും, കാലാവസ്ഥയും ഫാം ടൂറിസത്തിന് അനുയോജ്യമാണ്.

ഫാമിലെ വിവിധ വിളകൾ, കാർഷിക രീതികൾ, കാർഷിക യന്ത്രങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനോടൊപ്പം മാതൃകാ അടുക്കളത്തോട്ടം, ഔഷധസസ്യത്തോട്ടം തുടങ്ങിയവ ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചാൽ ഫാം ആകർഷണീയമാക്കാം. ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത കൃഷിയിടത്തോടൊപ്പം ക്വാർട്ടേഴ്സുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കി, ഫാം ടൂറിസത്തിന് അടിസ്ഥാനമായി Farm Website തയ്യാറാക്കി വിവരങ്ങളും സേവനങ്ങളും അതോടൊപ്പം Online booking സൗകര്യവും ഏർപ്പെടുത്തുന്നത് വിനോദസഞ്ചാരികൾക്ക് കൂടുതൽ സൗകര്യപ്രദമാകും. നമ്മുടെ കാർഷിക സംസ്കാരത്തെ മറ്റുള്ളവരിലേക്ക് പകരുന്നതിനൊപ്പം ഫാമിലെ ഉൽപന്നങ്ങൾ എളുപ്പത്തിൽ വിപണനം നടത്താനും പ്രവേശന ഫീസ് വഴി വരുമാനം ലഭ്യമാക്കാനും ഫാം ടൂറിസം ഇടയാക്കും.

ഫാം ടൂറിസം സാക്ഷാത്കരിക്കുന്നതിന് സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് പോലുള്ള കമ്പനികൾ ഫാം ടൂറിസത്തിലേയ്ക്ക് തിരിഞ്ഞിട്ടുണ്ട്.

ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയ കൃഷിഫാമുകളിൽ ഫാം ടൂറിസത്തിന് അനുയോജ്യമായ സാഹചര്യം ഉണ്ടെങ്കിൽ ജില്ലാപഞ്ചായത്ത്/ഫാം അധികാരികൾ അത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താൻ മുൻകൈയെടുക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.6.17)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

283. തൃശ്ശൂർ ജില്ലയിൽ ഫാം ടൂറിസം പ്രവർത്തിക്കുന്നുണ്ടെന്നും നെല്ലിയാമ്പതിയും നേര്യമംഗലവും ഫാം ടൂറിസത്തിനുതകുന്ന രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കൃഷി (ഫാംസ്) വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

284. അഞ്ചൽ ഫാമിൽ ഫാം ടൂറിസത്തിനായി മുൻവർഷം 50 ലക്ഷം രൂപ ചെലവഴിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് കൃഷി (ഫാംസ്) വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

285. ഓരോ ജില്ലയെയും മറ്റ് വിനോദസഞ്ചാര പദ്ധതികളുമായി ലിങ്ക് ചെയ്യുന്നത് ഉചിതമാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

286. ആഡൂർ കാഷ്യൂ പ്രോജനി ഓർച്ചാഡിനായി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ടെന്ന് കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

287. ഓരോ ജില്ലയെയും മറ്റ് വിനോദസഞ്ചാര പദ്ധതികളുമായി ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**288. ഫാം ടൂറിസം പദ്ധതികൾ സാധ്യമാക്കുവാൻ ഓരോ ജില്ലയെയും മറ്റ് വിനോദസഞ്ചാര പദ്ധതികളുമായി ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നിഗമനങ്ങൾ**

1. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷിഫാമുകൾ ജില്ലാപഞ്ചായത്തിന് കൈമാറിയെങ്കിലും ഫാമുകളുടെ വികസനത്തിന് എടുത്തു പറയത്തക്ക പദ്ധതികൾ നടപ്പാക്കാൻ ജില്ലാപഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടില്ല.

2. കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഫാമുകളുടെ ഉൽപാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു.

3. നൂതന കൃഷിരീതികൾ അവലംബിക്കുന്നതിലൂടെയും കാർഷിക യന്ത്രവൽക്കരണത്തിലൂടെയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷി ലാഭകരമാക്കുന്നതിനും ഫാമുകൾ നടപടികൾ കൈക്കൊള്ളുന്നില്ല.

4. തൊഴിലാളികളുടെ കുറവ് ഫാമുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

5. ഫാം ഉടമസ്ഥതയിലുള്ള വസ്തു സർവെ നടത്തി അതിർത്തി നിശ്ചയിച്ച് ചുറ്റുമതിൽ/വേലികെട്ടി സംരക്ഷിക്കാത്തതിനാൽ കൈയേറ്റത്തിനും ഫാം ഉൽപന്നങ്ങൾ നശിക്കുന്നതിനും കാരണമാകുന്നു.

6. ജൈവകൃഷി രീതിക്ക് ഊന്നൽ നൽകുന്നില്ല.

7. ഫാമുകളുടെ വരുമാനം അതിന്റെ നടത്തിപ്പിന് തികയുന്നില്ല.

8. ഫാം ഭൂമി പൂർണ്ണമായി കൃഷിക്ക് ഉപയുക്തമാക്കുന്നില്ല.

9. ഫാമിലെ യന്ത്രങ്ങൾ പ്രയോജനപ്പെടാതെ നശിക്കുന്നു.

10. ഫാം കൗൺസിൽ യോഗങ്ങൾ കൂടുന്നുണ്ടെങ്കിലും ഫാം വികസന പ്രവർത്തനങ്ങൾക്ക് സജീവ പങ്കാളിത്തമുണ്ടാകുന്നില്ല.

11. കൃഷിഭവനുകൾ വഴി വിറ്റഴിക്കുന്ന തൈകളുടെയും വിത്തുകളുടെയും വില ഫാമിൽ ഒടുക്കുന്നതിനു പകരം ട്രഷറിയിൽ നേരിട്ട് ഒടുക്കുന്നതിനാൽ ഫാമിന്റെ കൃത്യമായ വരവ് തിട്ടപ്പെടുത്താനാവില്ല.

12. ഫാമുകൾക്ക് ഒരു അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ ഇല്ല. നിശ്ചിത രീതിയിൽ കണക്കുകൾ സൂക്ഷിക്കുകയോ, വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കുകയോ ചെയ്യുന്നില്ല.

13. കൃഷിഫാമുകളിൽ ഗവേഷണ പ്രവർത്തനങ്ങളോ, നൂതനമായ പരീക്ഷണങ്ങളോ നടത്തുന്നില്ല.

**ശിപാർശകൾ**

1. ഫാമുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലം കൃത്യമായി അതിർത്തി നിർണ്ണയം നടത്തി ചുറ്റുമതിൽ/ വേലി കെട്ടി സംരക്ഷിക്കുക.

2. ഫാമുകളുടെ ഭൂമിയും അടിസ്ഥാനസൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുക.

3. ആധുനിക കൃഷിരീതികളുടെ പരീക്ഷണശാലയായി കൃഷിഫാമുകളെ മാറ്റാൻ നടപടികൾ സ്വീകരിക്കുക.

4. ഫാമുകളിലെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രദർശന/വിൽപ്പന മേളകൾ സംഘടിപ്പിക്കാൻ കൃഷി വകുപ്പും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും മുൻകൈ എടുക്കണം.

5. ഫാമുകളിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. മുഴവൻ യന്ത്രങ്ങളും ഉപയോഗിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുക.

6. ജൈവ കാർഷിക നയം പൂർണ്ണമായി നടപ്പിലാക്കുക.

7. ഫാമുകളിലെ ഉൽപാദനശേഷി കുറഞ്ഞതും പ്രായം കൂടിയതുമായ ഫലവൃക്ഷങ്ങൾ മുറിച്ചുമാറ്റി പകരം അത്യുൽപാദനശേഷിയുള്ളതും വാണിജ്യപ്രാധാന്യമുള്ളതുമായ ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക.

8. ഫാമുകളിലെ ഒഴിവുള്ള തസ്തികകളിൽ നിയമാനുസൃത നിയമനങ്ങൾ നടത്തി തൊഴിലാളികളുടെ കുറവ് പരിഹരിക്കുക.

9. ഫാം മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

10. ജില്ലാപഞ്ചായത്ത് ഫാമുകളുടെ മോണിറ്ററിംഗ് സംവിധാനം ശക്തമാക്കണം.

11. ഫാമുകളിൽ അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

12. ഫാം ടൂറിസത്തിന് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കുക.

13. കൃഷിഫാമുകളുടെ പ്രവർത്തനം സമഗ്രമായി വിലയിരുത്തുന്നതിന് കൃഷി വിദഗ്ധരും, മാനേജ്മെന്റ് വിദഗ്ധരും അടങ്ങുന്ന കമ്മിറ്റി രൂപവൽക്കരിക്കുകയും കമ്മിറ്റിയുടെ ശിപാർശകൾ സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യുക.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.2.7, 3.2.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

289. ഓഡിറ്റ് നിഗമനങ്ങളും ശിപാർശകളും പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**290. കൃഷി ഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിഗമനങ്ങളും ശിപാർശകളും പ്രത്യേക പരാമർശം കൂടാതെ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ,
*അധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2025 ഫെബ്രുവരി 13.

## അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നം. | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1. | 56 | കൃഷി (ഫാംസ്) വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് | സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2. | 57 | കൃഷി (ഫാംസ്) വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, വനം വകുപ്പ് | തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ജില്ലാ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പരിഗണിക്കവേ ഫാം നടത്തുന്നതിനായി കൃഷി വകുപ്പിന് വിട്ടുനൽകിയ ഭൂമി വകുപ്പിന് കൈമാറിയിട്ടില്ലെന്നും ആയത് ഇപ്പോഴും വനഭൂമിയാണെന്നും ഭൂരിഭാഗം ഫാമുകൾക്കും ഈ ഒരു അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും ഫാമുകളുടെ ഒരു ഭാഗം വനമായിരിക്കുമെന്നും ഈ ഭാഗങ്ങൾ വനം വകുപ്പ് സ്ഥലപരിധി നിശ്ചയിച്ച് ജണ്ട സ്ഥാപിച്ചിട്ടുണ്ടെന്നും എന്നാൽ ഭൂമി വനം വകുപ്പ് കൈമാറ്റം ചെയ്ത് കൃഷി വകുപ്പിന് നൽകിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. |
| 3. | 58 | " | ഡിജിറ്റൽ സർവെ നടത്തുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശം വനം വകുപ്പിന് എന്നായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നതെന്നും കൃഷി വകുപ്പിന്റെ കൈവശ ഭൂമിയിൽ ഡോക്യുമെന്റേഷൻ നടത്തിയില്ലെങ്കിൽ പിന്നീട് പ്രശ്നമുണ്ടാകുമെന്നും മിക്ക ഫാമുകൾക്കും കൃത്യമായ രേഖകളോ അളവുകളോ ഇല്ല എന്നത് വസ്തുതയാണെന്നും സമിതി വിലയിരുത്തുന്നു. |

| | | | |
|---|---|---|---|
| 4. | 59 | കൃഷി (ഫാംസ്) വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, റവന്യൂ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് | ഫാമുകളുടെ ഭൂമിയുടെ ഉടമസ്ഥാവകാശ പ്രശ്നപരിഹാരത്തിന് ജില്ലാപഞ്ചായത്തുകളും ഫാമുകളും മുൻകൈയെടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. 2010-11 കാലയളവിൽ കളക്ടർമാരോട് സർവെ നടത്തി വ്യവസ്ഥപ്പെടുത്താൻ തീരുമാനിച്ചതായി രേഖയിൽ കാണുന്നുണ്ടെങ്കിലും അതനുസരിച്ചുള്ള നടപടി സ്വീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ആസ്തിയായ ഫാമുകളുടെ പല സ്ഥലവും തരിശായി കിടക്കുകയാണെന്നും അവ പൂർണ്ണമായും ഉപയുക്തമാക്കി സംസ്ഥാന താൽപ്പര്യത്തിനനുസരിച്ച് മാറ്റാൻ കഴിയുന്നില്ലെന്നും സമിതിക്ക് ബോധ്യപ്പെട്ടു. അക്കാര്യത്തിൽ കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി ഇടപെട്ട് പരിഹാരം കണ്ടെത്തേണ്ടതാണെന്ന് സമിതി വ്യക്തമാക്കുന്നു. കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ സംയുക്ത യോഗം ചേരണമെന്നും പ്രസ്തുത വിഷയം ചർച്ച ചെയ്ത് പൊതുവായ തീരുമാനമെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5. | 60 | " | കൊല്ലം ജില്ലയിലെ അഞ്ചൽ കൃഷി ഫാമിൽ 132.54 ഹെക്ടർ ഭൂമിയാണുള്ളതെന്നും അതിൽ നദിയുമായി ചേരുന്ന ഭാഗങ്ങളിലും റോഡുമായി ബന്ധപ്പെട്ടുവരുന്ന പ്രദേശങ്ങളിലും പ്രശ്നങ്ങൾ വരുന്നില്ലെന്നും തർക്കങ്ങൾ നിലനിൽക്കുന്ന വനവുമായി ബന്ധപ്പെട്ട പ്രദേശത്ത് ചർച്ച നടത്തി മാത്രമേ വേലിയോ ചുറ്റുമതിലോ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂവെന്നും വനവുമായി ബന്ധപ്പെട്ട എല്ലാ പ്രദേശങ്ങളിലും പ്രസ്തുത പ്രശ്നം നിലനിൽക്കുന്നതിനാൽ സമിതി ശിപാർശ നൽകുകയാണെങ്കിൽ ഉദ്യോഗസ്ഥർ മുൻകൈയെടുത്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നും കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി |

| | | | |
|---|---|---|---|
| | | | അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അതിർത്തിയിൽ നിലനിൽക്കുന്ന തർക്കങ്ങൾ കൂടിയാലോചനയിലൂടെ പരിഹരിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം വിളിച്ച് ചേർക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. വനം, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി കൂടിയാലോചിച്ച് പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 6. | 61 | കൃഷി (ഫാംസ്) വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, റവന്യൂ വകുപ്പ് | കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട 2011-12 കാലഘട്ടത്തിലെ ഓഡിറ്റ് പരാമർശത്തിന് ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാൻ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി തികച്ചും നിരുത്തരവാദപരമായ നിലപാടാണെന്ന് സമിതി വിലയിരുത്തുന്നു. ഭൂമി സംബന്ധിച്ച കൈവശ രേഖയില്ലെന്ന് മാത്രമല്ല സ്വകാര്യ വ്യക്തികൾ ഭൂമി കൈയേറിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഭൂമിയുടെ അതിർത്തി നിർണ്ണയിക്കാതെ പുറമ്പോക്കിലെ കൈയേറ്റം തീരുമാനിക്കാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സമയ ബന്ധിതമായി ഭൂമിയിൽ സർവെ നടപടികൾ പൂർത്തിയാക്കി ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളിൽ വ്യക്തത വരുത്തി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7. | 62 | " | റവന്യൂ വകുപ്പിൽ ആവശ്യത്തിന് സർവെയർമാരില്ല എന്നുള്ള പ്രശ്നം നിലനിൽക്കുന്നതിനാൽ ആവശ്യമെങ്കിൽ പുറത്തുനിന്നും സർവെയർമാരെ നിയമിച്ച് സർവെ നടപടികൾ പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 8. | 63 | കൃഷി (ഫാംസ്) വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് | കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമിന്റെ എഫ് ബ്ലോക്കിലുണ്ടായിരുന്ന നീർച്ചാൽ നികത്തിയത് പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും നടപ്പ് വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത ഭാഗത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി പൂർത്തിയായി വരുന്നുണ്ടെന്നും നടപ്പ് വർഷത്തെ ജില്ലാപഞ്ചായത്ത് പദ്ധതിയിൽ ആയത് പൂർത്തിയാക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്നും കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9. | 64 | " | തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭൂമിയുടെ അതിര് നിർണ്ണയിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10. | 65 | " | ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷി ഫാം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമിയുടെ രേഖകളിൽ പുറമ്പോക്ക് ഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സർക്കാരിന് ആയത് കൈവശപ്പെടുത്താൻ കഴിയില്ലെന്നും ദീർഘകാലമായി കൈവശം വച്ചിരിക്കുന്നവർക്ക് നഷ്ടപരിഹാരം കൊടുത്ത് ഒഴിവാക്കാൻ തയ്യാറാകണമെന്നും അഭിപ്രായപ്പെടുന്നു. |
| 11. | 66 | കൃഷി (ഫാംസ്) വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, റവന്യൂ വകുപ്പ് | അരിക്കുഴ കൃഷി ഫാമിന്റെ അതിർത്തി നിർണ്ണയിക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി അതിർത്തി നിർണ്ണയിക്കുന്നതിൽ കാലപരിധി നിശ്ചയിക്കണമെന്നും അതിർത്തി നിർണ്ണയ കാര്യത്തിൽ കൃഷി, വനം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 12. | 67 | കൃഷി (ഫാംസ്) വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിത്തോട്ടത്തിന്റെ ചുറ്റുമതിലിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13. | 68 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഒക്കൽ വിത്തുൽപാദന കേന്ദ്രത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14. | 69 | " | തൃശ്ശൂർ ജില്ലയിലെ നടുവരമ്പ് വിത്തുൽപാദന കേന്ദ്രത്തിന്റെ മുഴുവൻ സ്ഥലവും അതിർത്തി നിർണ്ണയിച്ച് കമ്പി വേലി കെട്ടി സംരക്ഷിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. |
| 15. | 70 | " | തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തി പ്രശ്നപരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിക്കാത്തതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. പാണഞ്ചേരി സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർ നേരിട്ട് സർവെ ഓഫീസിൽ അന്വേഷണം നടത്തിയത് പത്ത് വർഷത്തിനുശേഷം മാത്രമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത വിഷയം സമയബന്ധിതമായി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 16. | 71 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ അനങ്ങനടി സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 17. | 72 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൂത്താളി കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18. | 86 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19. | 87 | " | ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കോഴ സ്റ്റേറ്റ് സീഡ് ഫാം, കോഴ ജില്ലാ കൃഷിത്തോട്ടം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20. | 88 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ വൈറ്റില കോക്കനട്ട് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21. | 89 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ മുതലമട, ആലത്തൂർ എന്നീ ഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 22. | 90 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23. | 91 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നീരൊഴുക്ക് തടസ്സപ്പെട്ടു - പാടം തരിശ്ശായി എന്ന ഓഡിറ്റ് ഖണ്ഡികയിലെ കൊല്ലം ജില്ലയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24. | 92 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടിയുടെയും കൃഷി വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25. | 93 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26. | 115 | " | തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിലെ രണ്ട് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ വർഷങ്ങൾക്കുമുമ്പ് തന്നെ ജീർണ്ണാവസ്ഥയിലായിരുന്നിട്ടും അവ പുനഃനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിൽ വർഷങ്ങളുടെ കാലതാമസം വരുത്തിയ വകുപ്പിന്റെ നിലപാടിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 27. | 116 | " | വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലാപഞ്ചായത്തിന് കീഴിലുള്ള അഞ്ചൽ ജില്ലാ കൃഷി ഫാം, കരുനാഗപ്പള്ളി തെങ്ങിൻതൈ ഉൽപാദനകേന്ദ്രം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 28. | 117 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29. | 118 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30. | 119 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 31. | 120 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള മാവേലിക്കര കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 32. | 121 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഒക്കൽ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 33. | 122 | " | വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ആലുവ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34. | 123 | " | വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള പാണഞ്ചേരി, നടവരമ്പ് എന്നീ വിത്തുൽപാദന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 35. | 124 | " | വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 36. | 125 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ കസ്റ്റം ഹയറിംഗ് സെന്ററുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 37. | 126 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള മുതലമട, കോങ്ങാട്, ആലത്തൂർ, അനങ്ങനടി എന്നീ കൃഷിഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 38. | 127 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ചുങ്കത്തറ കൃഷിഫാം, മലപ്പുറം ചോക്കാട് സീഡ് ഫാം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 39. | 128 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കുത്താളി കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 40. | 129 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണ-ത്തിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള തിക്കോടി തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 41. | 130 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ പാലയാട് തെങ്ങിൻ തൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 42. | 131 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 43. | 153 | " | കൊല്ലം അഞ്ചൽ കൃഷിഫാമിൽ ആർ.കെ.വി.വൈ. -യുടെ പുതിയ കെട്ടിടം നിർമ്മിച്ച് അതിൽ മികച്ച യോഗ്യതയുള്ള ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുവാൻ വേണ്ട അടിയന്തര നടപടികൾ കൃഷി വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 44. | 154 | " | സാങ്കേതിക വിദഗ്ദരുടെ യോഗ്യത നിശ്ചയിച്ച് പുതിയ സാങ്കേതിക തസ്തികകൾ സൃഷ്ടിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കൃഷി വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 45. | 155 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 46. | 156 | " | വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലാപഞ്ചായത്തിന് കീഴിലുള്ള കോഴ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 47. | 157 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര ജില്ലാ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 48. | 158 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഒക്കൽ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 49. | 159 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 50. | 160 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 51. | 161 | " | കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷിഫാമിലും തിക്കോടി തെങ്ങിൻതൈ ഉൽപാദനകേന്ദ്രത്തിലും കൃഷി ഓഫീസർ, ക്ലാർക്ക് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി ഓഡിറ്റ് വകുപ്പിനെ അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 52. | 162 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 53. | 177 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചിറയിൻകീഴ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 54. | 178 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 55. | 179 | " | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 'ടാങ്ക് നിറയ്ക്കാൻ ശേഷിയില്ലാത്ത പമ്പ് - പദ്ധതി പരാജയം' എന്ന ഓഡിറ്റ് ഖണ്ഡികയിലെ അടൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 56. | 180 | " | പി.ഐ.പി. കനാൽ മുഖേന ഫാമിൽ വെള്ളം നൽകാമെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പമ്പ ഇറിഗേഷൻ പദ്ധതിയുടെ കനാൽ ഉപയോഗപ്പെടുത്തുന്നില്ലായെന്ന ഓഡിറ്റ് ഖണ്ഡികയിലെ അടൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 57. | 181 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാപഞ്ചായത്തിന് കീഴിലുള്ള വൈറ്റില കോക്കനട്ട് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 58. | 182 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ - എടത്തിരുത്തി സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 59. | 183 | " | കൃഷി (ഫാംസ്) വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കോങ്ങാടുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 60. | 184 | കൃഷി (ഫാംസ്) വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, വനം വകുപ്പ് | മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷി ഫാമിന്റെ മറുഭാഗത്തെ വനമേഖലയിൽ നിർമ്മിച്ചിരിക്കുന്ന പമ്പ് ഹൗസ് , ചുങ്കത്തറ കൃഷി ഫാമിലെ യന്ത്ര സാമഗ്രികൾ എന്നിവ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള അനുമതി വനം വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ സാധാരണ ജനങ്ങൾക്കുവേണ്ടിയുള്ളതാണെന്ന് മനസ്സിലാക്കി ഓരോ പ്രദേശത്തെ പ്രശ്നങ്ങളും ഉദ്യോഗസ്ഥരുടെ പരസ്പര ധാരണയിൽ തീർക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു . |
| 61. | 185 | കൃഷി (ഫാംസ്) വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചോക്കാട് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 62. | 186 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ് ഫാമിലെ ജലസേചനത്തിനായി നടപ്പാക്കിയ കുളം പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 63. | 204 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 64. | 205 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 65. | 206 | " | കൃഷി (ഫാംസ്) വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 66. | 207 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കൊട്ടാരക്കര സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 67. | 208 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ അടൂർ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 68. | 209 | " | കൃഷി (ഫാംസ്) വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 63 ലക്ഷത്തിന്റെ കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉപയോഗശൂന്യമായ നിലയിൽ എന്ന ഓഡിറ്റ് ഖണ്ഡികയിലെ പത്തനംതിട്ട ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 69. | 210 | " | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കാർഷിക യന്ത്രങ്ങൾ സംരക്ഷണമില്ലാതെ നശിക്കുന്നുവെന്ന ഓഡിറ്റ് ഖണ്ഡികയിലെ പത്തനംതിട്ട ജില്ലയിലെ പുല്ലാട് കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 70. | 211 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കോഴ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 71. | 212 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടിയുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വാലാച്ചിറ സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 72. | 213 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 73. | 214 | " | ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിഫാമിൽ ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുന്ന ലക്ഷങ്ങൾ വിലമതിക്കുന്ന വളരെയധികം സാധനസാമഗ്രികളുണ്ടെന്നും പൊതുമുതലായതിനാൽ ആയത് വിൽക്കുകയോ ലേലം ചെയ്യുകയോ ചെയ്യേണ്ടതുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം പ്രസ്തുത നിരീക്ഷണത്തോടെ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 74. | 215 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഫാമുകളിലെ കാർഷിക യന്ത്രങ്ങളെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 75. | 216 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഫാമുകളിലെ കാർഷിക യന്ത്രങ്ങളെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 76. | 217 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കുന്നത്തൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 77. | 218 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 78. | 219 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 79. | 220 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പുല്ലൂർ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 80. | 228 | " | ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിലെ ജില്ലാ കൃഷിത്തോട്ടത്തിൽ മണ്ണിര കമ്പോസ്റ്റ് നിലവിൽ പ്രവർത്തനക്ഷമമാണെന്നും പ്രസ്തുത യൂണിറ്റ് പ്രതിവർഷം 6 ടൺ കമ്പോസ്റ്റാണ് ഉൽപാദിപ്പിക്കുന്നതെന്നും എന്നാൽ പ്രസ്തുത അളവ് ഫാമിലെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് തികയാത്തതിനാൽ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി പ്രതിവർഷം 3 ടൺ ഉൽപാദനശേഷിയുള്ള ഒരു മണ്ണിര കമ്പോസ്റ്റ് യൂണിറ്റും കൂടി സ്ഥാപിച്ചിട്ടുണ്ടെന്നും കൃഷി (ഫാംസ്) അഡീഷണൽ ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ ആലപ്പുഴയിലെ സ്ഥിതി ഒന്നുകൂടി പരിശോധിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 81. | 229 | " | കൃഷി (ഫാംസ്) വകുപ്പിന്റെ മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ആലുവ വിത്തുൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 82. | 230 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 83. | 231 | " | കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചോക്കാട് സ്റ്റേറ്റ് സീഡ് ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 84. | 232 | " | കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്തിനു കീഴിലുള്ള പാലയാട് തെങ്ങിൻതൈ ഉൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 85. | 234 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഫാം ഉൽപന്ന വിപണന വിവരങ്ങൾ എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 86. | 236 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഫാം വരവും ചെലവും എന്ന ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 87. | 254 | " | **അഞ്ചൽ കൃഷി ഫാമുമായി ബന്ധപ്പെട്ട കൊല്ലം ജില്ലാപഞ്ചായത്തിന്റെ തുക ജില്ലാപഞ്ചായത്തിന്റെ അനുമതിയില്ലാതെ വേറെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ ആയത് ക്രമപ്പെടുത്തേ-ണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.** |
| 88. | 255 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അഞ്ചൽ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം മുൻ ഖണ്ഡികയിലെ നിർദ്ദേശത്തോടെ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 89. | 256 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആലുവ വിത്തുൽപാദന കേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 90. | 257 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ കൃഷിഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 91. | 258 | " | പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിലെ കൃഷി ഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സമിതി പരിഗണിച്ചു. ആധുനിക കാലഘട്ടത്തിൽ അക്കൗണ്ടിലെ പണം ഡിജിറ്റലായി കൈമാറാവുന്നതാണെന്നും പ്രസ്തുത ക്രമീകരണം ഫാമിന്റെ പ്രവർത്തനത്തിന് ഫലപ്രദമായ മാർഗ്ഗമായി അനുവദിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 92. | 260 | " | കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 93. | 261 | " | കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 94. | 262 | " | കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 95. | 263 | " | കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 96. | 264 | " | കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 97. | 265 | " | കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള മറുപടിയുടെയും ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ഫാം കൗൺസിൽ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 98. | 270 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ അഞ്ചൽ കൃഷി ഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 99. | 271 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 100. | 275 | " | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 101. | 276 | " | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ തിക്കോടി തെങ്ങിൻതൈ ഉൽപാദനകേന്ദ്രവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 102. | 279 | " | കൃഷി വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ജൈവകൃഷിയിലേക്കുള്ള മടങ്ങിപ്പോക്ക് എന്ന ഖണ്ഡികയിലെ ആലുവ, കരുനാഗപ്പള്ളി മാതൃകകൾ എന്ന ഓഡിറ്റ് പരാമർശം സമിതി അംഗീകരിക്കുന്നു. |
| 103. | 282 | " | വയനാട് ജില്ലാ കൃഷിഫാമിന്റെ കീഴിലുള്ള ചീങ്ങേരി എക്സ്റ്റൻഷൻ ഫാം കൃഷി വകുപ്പ് ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ചുള്ള തുടർനടപടി റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 104. | 288 | " | ഫാം ടൂറിസം പദ്ധതികൾ സാധ്യമാക്കുവാൻ ഓരോ ജില്ലയെയും മറ്റ് വിനോദസഞ്ചാര പദ്ധതികളുമായി ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 105. | 290 | " | കൃഷി ഫാമുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിഗമനങ്ങളും ശിപാർശകളും പ്രത്യേക പരാമർശം കൂടാതെ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.